വില ₹30/-

# ജീവനും വെളിച്ചവും

സെപ്തംബർ 2024



## കേരളം: കാലാവസ്ഥാഭയാർത്ഥികളുടെ ഭൂമിക


വിശുദ്ധ കുരിശിന്റെ
ദൈവാലയം
പാലപ്പൂര്
തിരുവനന്തപുരം ലത്തീൻ അതിരൂപത
100-ാം
വാർഷിക
ആഘോഷം
ശതാബ്ദി ജൂബിലി
ആഘോഷവും
ഇടവക തിരുനാളും
2024 സെപ്റ്റംബർ 06 മുതൽ 15 വരെ

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2024 സെപ്റ്റംബർ | പുസ്തകം 49 | ലക്കം 9

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

# ദുരിതാശ്വാസ സഹായ സഹകരണ സംഘങ്ങളിൽ പെടാത്ത ചിലർ

**വയനാട് ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവർക്ക് ആദരാഞ്ജലികൾ! അതിജീവിച്ചവർക്കൊപ്പം ഐക്യപ്പെടുകയും അവരുടെ വ്യസനങ്ങളിൽ പങ്കുചേരുകയും ചെയ്യുന്നു.**

മനുഷ്യരെയാകെയും ദു:ഖത്തിലാഴ്ത്തിയ വലിയ ഒരു ദുരന്തമായിരുന്നു വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടൽ. ഒരു രാത്രി ഇരുണ്ടുവെളുത്തപ്പോൾ ഉറക്കത്തിലെ ദു:സ്വപ്നംപോലെ വന്ന ഉരുൾപൊട്ടലിൽ ഇല്ലാതായത് അനേകം മനുഷ്യജീവനുകൾ, ജനവാസകേന്ദ്രങ്ങൾ, ജീവനോപാധികൾ... ഒന്നര നൂറ്റാണ്ടാവുന്നു മനുഷ്യർ അവിടെ കുടിപാർക്കാൻ തുടങ്ങിയിട്ട്. ജനസാന്ദ്രതയും വിഭവങ്ങളുടെ പരിമിതിയുമായിരുന്നു അവിടേക്ക് പലായനം ചെയ്യാൻ അവരെ നിർബന്ധിതരാക്കിയത്. ഇപ്പോൾ അവിടെ സംഭവിച്ചത് അതിതീവ്ര മഴകാരണമുണ്ടായ സ്വാഭാവിക പ്രകൃതിദുരന്തം എന്നും അതല്ല, ദുരന്തത്തെപ്പറ്റിയുള്ള മുന്നറിയിപ്പിന് കൃത്യതയില്ലാതെപോയതും പുഴയോരങ്ങളോടു ചേർന്നുള്ള നിർമിതികളും അശാസ്ത്രീയ ഭൂവിനിയോഗവുംമൂലമുണ്ടായ മനുഷ്യപ്രേരിത ദുരന്തമെന്നുമുള്ള വാദമുഖങ്ങളിലേക്ക് കടക്കുന്നില്ല. നമുക്കറിയാം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ ദുരന്തങ്ങളുണ്ടാവുമ്പോൾ ലോകത്തിന്റെ പല ഭാഗത്തുനിന്നും മലയാളികൾ മാത്രമല്ല, മറ്റുള്ളവരും സന്നദ്ധസംഘടനകളും നിർലോഭം സഹായധനമായോ ഉപോദ്ബലകമായ മറ്റു സഹായകമായോ രംഗത്തു വരുന്നതുകാണാം. വളരെ ശ്ലാഘനീയമാണ്, മനുഷ്യത്വപരവുമാണ്.

എന്നാൽ, കാടോരത്തെ അല്ലെങ്കിൽ പുഴയോരത്തെ മനുഷ്യരെപ്പോലെ കേരളത്തിന്റെ കടലോരത്തും വസിക്കുന്നുണ്ട് അസംഖ്യം മനുഷ്യർ. എത്രയോ ദുരന്തങ്ങൾ അവിടെയും സംഭവിച്ചിട്ടുണ്ട്. സുനാമി, ഓഖി, കടലേറ്റങ്ങൾ... ഒറ്റയ്ക്കും കൂട്ടമായും എത്രയോപേർ അവിടെ മരണപ്പെട്ടിരിക്കുന്നു. അഭയാർഥികളായിരിക്കുന്നു. പക്ഷേ, അപ്പോഴൊന്നും ഈ സഹായഹസ്തങ്ങൾ നീണ്ടില്ലല്ലോ എന്ന സന്ദേഹം ബാക്കിയാവുന്നു, അവരും മനുഷ്യരാണ് എന്ന ഓർമപ്പെടുത്തലും...

പത്രാധിപർ

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

# പ്രതികരണങ്ങൾ



## ലേ ഔട്ട് സുന്ദരം!

കഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയുടെ ലേ ഔട്ട് എന്തുകൊണ്ടും  സുന്ദരമായി. കഴിഞ്ഞ കുറെ വർഷങ്ങളായി ഒരേ ലേ ഔട്ട് തുടർന്നുവരുന്നതിൽനിന്നും ഇപ്പോഴുള്ള ഈ മാറ്റം സ്വാഗതാർഹം. ചിത്രങ്ങൾ, അതിന്റെ കളറിംഗ് എല്ലാം മനോഹരം. ലേ ഔട്ട് ആർട്ടിസ്റ്റും അണിയറ പ്രവർത്തകരും അഭിനന്ദനം അർഹിക്കുന്നു.

ജീവനും വെളിച്ചത്തിനും എല്ലാവിധ ഭാവുകങ്ങളും...

**മെർലിൻ മൈക്കിൾ, കഴക്കൂട്ടം**

## മുഖവിചാരം കാലോചിതം

ആഗസ്റ്റ് ലക്കം ജീവനും വെളിച്ചവും മാസികയിലെ മുഖവിചാരം 'കപ്പൽ വരും പോകും, തുറമുഖം അവിടെതന്നെ കിടക്കും' വളരെ ഉചിതമായ ഒരു വിചാരമാണ്. നമ്മുടെ ഇന്നത്തെ തുറമുഖാവസ്ഥയ്ക്ക് അനുയോജ്യമായത്. വിഴിഞ്ഞത്ത് ചരക്കുകപ്പലുമായി തുറമുഖം വന്നു. ശരിയാണ്, അതിന്റെ പിതൃത്വത്തെ ച്ചൊല്ലിയുണ്ടായ തർക്കാവിതർക്കങ്ങളും കണ്ടു. പക്ഷേ, കാണാൻ കഴിയാതെ പോയത് തുറമുഖത്തിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പ്രത്യേകിച്ച് കടൽത്തീരത്ത് താമസിക്കുന്നവരുടെ പരിദേവനങ്ങളാണ്. തുറമുഖം കാരണം കുടിയൊഴിപ്പിക്കൽ, കടലേറ്റം, മത്സ്യങ്ങളുടെ വംശനാശം ഇവയൊക്കെയും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളാണ്. രാഷ്ട്രീയക്കാർ ഇതിനെ പരിഗണിച്ചില്ലാ, പരിഗണിക്കില്ല. പക്ഷേ കേരളത്തിലെ സാംസ്കാരിക പ്രവർത്തകർ, ബുദ്ധിജീവികൾ ഇവരെങ്കിലും ഒന്ന് ഉച്ചത്തിൽ സംസാരിക്കണമായിരുന്നു. ഒരു കുറിപ്പെങ്കിലും എഴുതണമായിരുന്നു. എന്തുചെയ്യാം, അരികുവത്കരിക്കപ്പെട്ടവർ എന്നും അരികിൽതന്നെ. മുഖവിചാരത്തോടൊപ്പം ചേർത്തുവായിക്കാൻ കഴിയുന്ന ലേഖന മാണ് ശ്രീ. ജോണസൺ റോച്ചിന്റെ 'വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം; ഒരു പുനർവായന'യും. എഡിറ്ററിനും, ലേഖകനും അഭിനന്ദനങ്ങൾ..

**അനിൽ ഫ്രാൻസിസ്, വിഴിഞ്ഞം**

## വിഭവ സമൃദ്ധം ആഗസ്റ്റ് ലക്കം

ആഗസ്റ്റ് ലക്കം ജീവനും വെളിച്ചവും എന്തുകൊണ്ടും വിഭവസമൃദ്ധമായിരുന്നു. പുതിയ ലേ ഔട്ട്, ഫാ. ലെനിൻ രാജിന്റെ 'സ്വാതന്ത്ര്യം വ്യക്തിനേതാക്കളിലൂടെ', ഫാ. റോഡ്രിഗ് കുട്ടിയുടെ 'മറിയം; ക്രിസ്തു സ്വാതന്ത്ര്യത്തിലേക്കുള്ള ചൂണ്ടുപലക', എ. അനിൽ കുമാറിന്റെ 'അഞ്ചു തെങ്ങ് യുദ്ധങ്ങൾ', ജോൺസൺ റോച്ചിന്റെ 'വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം; ഒരു പുനർവായന', തുമ്പ സെന്റ്. സേവ്യേഴ്സ് കോളേജിലെ വിദ്യാർഥികൾ തയ്യാറാക്കിയ 'കള്ളക്കടൽ പ്രതിഭാസം', ഉള്ളൊഴുക്ക് സിനിമയെക്കുറിച്ച് സുനിലച്ചനെഴുതിയ മലയാളീകരിക്കപ്പെടുന്ന പെൺ വിനിമയങ്ങൾ... എല്ലാം വളരെ വ്യത്യസ്തവും ആഴമേറിയതുമായ എഴുത്തുകൾ.

ഈ പലമകൾ ഇനിയും തുടരുക...

അഭിനന്ദനങ്ങൾ...

**നീതു പോൾസൺ, പൂന്തുറ**






# താളുകളിൽ


## അഭിമുഖം



**6**
കേരളം:
കാലാവസ്ഥാഭയാർ
ത്ഥികളുടെ ഭൂമിക
ഡോ. കെ. ജി. താര
ബർഗ് മാൻ തോമസ്

## ലേഖനം



**10**
ഓണം
കേരളത്തനിമയുടെ ഉത്സവം
ഫാ. ജോസ് വർഗീസ്




**12**
മലയാള സിനിമ...
അകവും പുറവും
ജോളിമസ്



**14**
മെഡിക്കൽ മിഷൻ
സിസ്റ്റേഴ്സ് ശതാബ്ദി നിറവിൽ
സിസ്റ്റർ ഷെർളി കീരാഞ്ചിറ



**19**
ഖാദർ കമ്മറ്റി റിപ്പോർട്ടും
സ്കൂൾ...
എം. വി. ഇന്ദുലാൽ

## കഥ



**21**
മരമ്പിടിക്കാരൻ
പ്രവീൺ പി.

## വായന




**25**
മറിയം
യേശുവിന്റെ അമ്മ
താര ഇഗ്നേഷ്യസ്

## കവിത



**17**
അഴക്,
വീതം
ഫിലോമിന ജോയി

## ടാക്കീസ്




**27**
ആൺതെമ്മാടിക്കൂട്ടം
സുനിൽ സി. ഇ.

## നേർക്കാഴ്ച



**42**
പ്രകൃതി ദുരന്തങ്ങൾ നൽ
കുന്ന പാഠം
ജെ. സി.

**18** കാനോൻ നിയമം

**23** പാലപ്പൂര്: ഇടവക ചരിത്രം

**29** വാർത്തകൾ

**33** വചനജ്വാല

**37** നീർച്ചാൽ

**അഭിമുഖം**







# കേരളം: കാലാവസ്ഥാഭയാർത്ഥികളുടെ ഭൂമിക

ഡോ. കെ. ജി. താര
ബർഗ്മാൻ തോമസ്

ഭൂമിയുടെ ഉള്ളുരുക്കങ്ങളുടെ പ്രതിഫലനമാണ് ഭൂകമ്പം, ഉരുൾപൊട്ടൽ തുടങ്ങിയവ. പക്ഷേ നമുക്കത് മുൻകൂട്ടി അറിയാനാവുന്നില്ല. അതാണ് മനുഷ്യന്റെ ഏറ്റവും വലിയ ദുരന്തവും. കേരളം കണ്ട പ്രകൃതി ദുരന്തങ്ങളിൽ പലതുകൊണ്ടും അത്യന്തം ഗുരുതരമായ ഒന്നാണ് ഇപ്പോൾ വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായിരിക്കുന്ന ഉരുൾപൊട്ടൽ. സർക്കാർ കണക്കുകളനുസരിച്ച് മുന്നൂറോളംപേർ മരിക്കുകയും നിരവധിപേർ മണ്ണിൽ പുതഞ്ഞുകിടക്കുകയും കാണാതാവുകയും ചെയ്തിരിക്കുന്നു. നിമിഷനേരംകൊണ്ടുണ്ടായ ഈ പ്രകൃതിദുരന്തത്തിൽ കുടുംബത്തോടെ മരണപ്പെട്ടവർ, കുടുംബത്തിൽ അവശേഷിച്ചവർ, വിധവകൾ, അനാഥത്വംപേറുന്ന കുഞ്ഞുങ്ങൾ, നിരാലംബരായ വൃദ്ധജനങ്ങൾ, അവശേഷിച്ചവരുടെ ജീവിതത്തിൽ നേടിയതത്രയും നഷ്ടപ്പെട്ടതിന്റെ നെടുവീർപ്പുകൾ, ഇനിയെന്ത് എന്ന നിസ്സഹായതകൾ, ഒക്കെയും വിവരണാതീതം.

ഉരുൾപൊട്ടലിന്റെ വിശദാംശങ്ങൾ, പരിസ്ഥിതി വിനാശത്തിന്റെ ആകുലതകൾ, ആശങ്കകൾ, ദുരന്തത്തെ അതിജീവിക്കാനുള്ള സാധ്യതകൾ പങ്കുവയ്ക്കുകയാണ് പ്രമുഖ ഭൗമശാസ്ത്രജ്ഞയും ദുരന്തനിവാരണ അതോറിറ്റി മുൻഅംഗവുമായ ഡോ. കെ.ജി. താര.

**പ്രകൃതി കനിഞ്ഞേകിയ മനോഹരമായ ഭൂപ്രദേശം, വയനാട്. കാപ്പിത്തോട്ടം, ഏലം, തേയില കൃഷികൾ, മറ്റു വിളകൾ തുടങ്ങി ജൈവവൈവിധ്യങ്ങളുടെ നാട്. പശ്ചിമഘട്ട മലനിരകൾ, കുന്നുകൾ, നാനാജാതി പക്ഷിമൃഗാദികൾ... നമ്മുടെ വയനാട് ഇല്ലാതാവുകയാണോ?**

വയനാടിന്റെ ഭൂരിഭാഗം ഏകദേശം മുപ്പത്തിരണ്ടു ശതമാനത്തിലധികവും വനമായിരുന്നു. ബ്രിട്ടീഷുകാർ കയ്യേറി അവിടെ തേയിലത്തോട്ടങ്ങളുണ്ടാക്കി. തേയിലച്ചെടിയുടെ ഒരു പ്രത്യേകത വേരുകൾ വളരെക്കുറച്ചേ മണ്ണിലേക്ക് ആഴ്ന്നിറങ്ങുകയുള്ളൂ. ഏലം, കാപ്പി വിളകളും അതുപോലെത്തന്നെ. മിക്ക ഏകവിളകൾക്കും മണ്ണിനെ പിടിച്ചുനിർത്താനുള്ള ശേഷിയില്ല. പാറകളിലെ വിള്ളലുകളും ക്വാറികൾ നിമിത്തമുള്ള പ്രകമ്പനങ്ങളും ഭൂവിനിയോഗത്തിലെ മനുഷ്യന്റെ ഇടപെടലുകളും കനത്ത മഴയുമൊക്കെയാണ് മല ഇടിഞ്ഞുവരുന്നതിന്റെ പ്രധാന കാരണം.

**മുണ്ടക്കൈയിലേയും ചൂരൽമലയിലേയും ഇപ്പോഴത്തെ ഉരുൾപൊട്ടലിനു കാരണം?**

പ്രകൃതി ദുരന്തങ്ങളെ രണ്ടായി വിഭജിക്കാനാവും. ഒന്ന് സ്വാഭാവിക പ്രകൃതിദുരന്തങ്ങൾ. രണ്ട് മനുഷ്യപ്രേരിത ദുരന്തങ്ങൾ. പ്രകൃതിയിലുണ്ടാവുന്ന സ്വാഭാവിക ദുരന്തങ്ങളെ തടയാൻ മനുഷ്യർക്ക് കഴിയില്ല. എന്നാൽ അവയുടെ ആഘാതം ലഘൂകരിക്കാൻ പലതും ചെയ്യാനാകും. ഉരുൾപൊട്ടലിനെ ഇവ്വിധം നിർവചിക്കാം; തുടർച്ചയായ മഴയിൽ അല്ലെങ്കിൽ കനത്ത മഴപ്പെയ്ത്തിൽ ജലം പാറകൾക്കിടയിലുള്ള വിള്ളലുകളിലേക്ക് കിനിഞ്ഞിറങ്ങും. ഇത് പാറകൾ വഴുതിപ്പോകാനുള്ള സാഹചര്യം ഉണ്ടാക്കുന്നു. ഇപ്രകാരം പാറകളിൽ സംഭരിക്കുന്ന ജലാംശത്തിന്റെ പോർ പ്രഷർ (Pore Pressure) അധികമാവുമ്പോഴാണ് ഉരുൾപൊട്ടലുകൾ സംഭവിക്കുന്നത്. മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടലുകൾ ഇതിന് ആക്കം കൂട്ടുന്നു. വനനശീകരണം, പാറപൊട്ടിക്കൽ, മലയുടെ മുകളിലും ചെരിവിലുമുള്ള ബഹുനില കെട്ടിടങ്ങൾ, റിസോട്ടുകൾ, സ്കൂളുകൾ, ആശുപത്രികൾ ഇവയൊക്കെയും മലഞ്ചെരിവുകൾ ദുർബലമാവുന്നതിന് കാരണമാവുന്നുണ്ട്. ഇപ്പോൾ വയനാട്ടിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ ആഘാതം കുറയ്ക്കാൻ സാധിക്കുമായിരുന്നു, ഭൂവിനിയോഗനയവും അതിന്റെ പോളിസികളും ശരിയായ ദിശയിൽ ആയിരുന്നെങ്കിൽ.

**1984-ലും പിന്നെ 2020- ലും അവിടെ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. എന്നിട്ടും ഭരണകൂടങ്ങളോ നാം മനുഷ്യർതന്നെയോ ഒരു പാഠവും പഠിച്ചില്ല?**

മുണ്ടക്കൈയിലെ ജനവാസകേന്ദ്രങ്ങൾ നദിയുടെ ഇരുകരകളിലുമായിട്ടാണ് സ്ഥിതിചെയ്യുന്നത്. വാസ്തവത്തിൽ ഒരു നിയമമുണ്ട്. നദിയിൽനിന്നും 500 മീറ്റർ അകലംവിട്ടാണ് താമസിക്കേണ്ടത്. ഒരു സംസ്ഥാനത്തും അത് നടപ്പിലാക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങൾ മാത്രമല്ല, സ്കൂളുകൾ, ആശുപത്രികൾ, കളിസ്ഥലങ്ങൾ എന്നിവയൊന്നും ഈ പ്രദേശത്ത് പാടില്ല എന്നാണ് നിയമം. നദിക്ക് സുഗമമായി ഒഴുകാൻ ഇടംനൽകാതെയുള്ള നിർമ്മിതികൾ ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിക്കുന്നു. കനത്ത മഴ പെയ്താൽ നദിക്ക് കരകവിഞ്ഞ് ഒഴുകേണ്ടി വരും. ജലത്തിന് മറവിയില്ല. മറവി മനുഷ്യർക്കാണ്. പണ്ട് ഒഴുകിവന്ന വഴി അതിനറിയാം. തീവ്രമായ മഴയും പാറകളിൽ അടിഞ്ഞുകൂടിയ വെള്ളവുമാണ് ഇപ്പോഴുണ്ടായ ഉരുൾപൊട്ടൽ എന്നാകിലും പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തിയ ഇടപെടലുകൾ അതിന്റെ ആഘാതം വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്.

**താമസിക്കാനും ജീവിക്കാനുമുള്ള ഇടംതേടിയുള്ള മനുഷ്യന്റെ പ്രയാണം പണ്ടുകാലംതൊട്ടേയുണ്ട്. കേരളത്തിന്റെ ജനസാന്ദ്രതയും വിഭവങ്ങളുടെ പരിമിതിയും ആയിരുന്നു കൂട്ടത്തോടെ മനുഷ്യർ വയനാട്ടിലേക്കു പോയതും പുഴയുടെ കരകളിൽ താമസമുറപ്പിച്ചതും. തികച്ചും നിസ്സഹായരായ മനുഷ്യർ. എന്നിട്ടും...**

നമ്മുടെ വികസനസങ്കല്പങ്ങളാണ് കുഴപ്പം സൃഷ്ടിച്ചത്. നിർഭാഗ്യവശാൽ നമ്മുടെ വികസനസങ്കല്പം എന്നത് പുറംരാജ്യങ്ങളെപ്പോലെയാകാനുള്ള ത്വരയാണ്. എന്നാൽ ഭൂമിശാസ്ത്രപരമായി അവരെപ്പോലയല്ല നമ്മൾ. ജൈവവൈവിധ്യമുള്ള നാടാണ് ഇന്ത്യ. പ്രകൃതിദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ പ്രായോഗികമായ നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും പാലിച്ച് ജനകീയ പങ്കാളിത്തത്തോടെയാവണം നിർമ്മാ



ണപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. അദ്യം നമുക്കൊരു ഭൂവിനിയോഗ നയംവേണം. എവിടെ കൃഷി ചെയ്യാം, എവിടെ കെട്ടിടം വയ്ക്കാം ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണമാണ് വേണ്ടത്. ഇപ്പോൾ അങ്ങനെയുള്ള പരിധികൾക്കെല്ലാം ഇളവ് നൽകിക്കൊണ്ടുള്ള ഭേദഗതിയാണ് നടപ്പിൽ വരുത്തിയിരിക്കുന്നത്. മലയുടെ അടിവാരത്തുനിന്നും മണ്ണെടുക്കുന്നതും മലയ്ക്ക് താങ്ങാവുന്നതിനുമപ്പുറം നിർമ്മിതികൾ വരുന്നതും അപകടം ക്ഷണിച്ചുവരുത്തുന്നു. മനുഷ്യർക്കുവേണ്ടത് കുടിക്കാൻ ശുദ്ധമായ ജലം, ശ്വസിക്കാൻ ശുദ്ധമായ വായു, കിടക്കാൻ തകർന്നടിയാത്ത വീട്, നില്ക്കാൻ താഴേക്ക് ഒഴുകിപ്പോകാത്ത ഭൂമി, ജീവിക്കാനുള്ള സാഹചര്യം ഇത്രയുമാണ്. വയനാട്ടിലെ ദുരന്തം നമ്മളെ ഓർമിപ്പിക്കുന്നത് കാടിനെ സംരക്ഷിച്ചില്ലെങ്കിൽ, മണ്ണിനെ സംരക്ഷിച്ചില്ലെങ്കിൽ കാലാവസ്ഥാഭയാർത്ഥികളായി മാറേണ്ടിവരും എന്നാണ്. ഒന്നാലോചിച്ചു നോക്കൂ, ദീർഘകാലമായി താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലം വിട്ട് മറ്റൊരിടത്തേക്ക് മാറുമ്പോൾ എന്തൊരു ഹൃദയവേദനയായിരിക്കും.

**മാധവ് ഗാഡ്കിൽ-കസ്തൂരി രംഗൻ റിപ്പോർട്ടുകളിൽ മുണ്ടക്കൈ, ചൂരൽമല എന്നീപ്രദേശങ്ങളെ സോൺ 1 ആയിട്ടാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. അതായത് പരിസ്ഥിതിലോല പ്രദേശം. അവിടെ പരിസ്ഥിതിയെ ഹനിക്കുന്ന യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും പാടില്ല. കേരളം പക്ഷേ, ആ പഠനങ്ങളെ ഇനിയും മുഖവിലയ്ക്കെടുത്തിട്ടില്ല എന്നല്ലേ പിന്നെയും പിന്നെയും അവിടെയുണ്ടാകുന്ന ദുരന്തങ്ങളിൽനിന്നും മനസ്സിലാക്കേണ്ടത്?**

മാധവ് ഗാഡ്കിൽ കൃത്യമായും പറഞ്ഞുവച്ചിട്ടുണ്ട് സോൺ ഒന്നിൽ No new construction, No new road, No new quarry...പക്ഷേ, 2018-ലെ പ്രളയത്തിനു ശേഷം അറുപത്തിയാറോളം ക്വാറികൾക്കാണ് അവിടെ അനുമതി കൊടുത്തിരിക്കുന്നത്. കുന്നിന്റെ നെറുകയും അടിവാരവും വിനോദസഞ്ചാരകേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കുമ്പോൾ ആ പ്രദേശത്തിന്റെ carrying capacity കൂടി കണക്കിലെടുക്കണം. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ പത്തുലക്ഷംപേരാണ് അവിടെ ടൂറിസ്റ്റുകളായി വന്നുപോയത്. ടൂറിസത്തിനും ഒരു നിയന്ത്രണം വേണ്ടേ? സ്വാഭാവികമായുണ്ടായ ദുരന്തം പക്ഷേ, മനുഷ്യനാൽ ആക്കം കൂട്ടി എന്നേ പറയാനാവൂ.

**ദുരന്തനിവാരണ അതോറിറ്റി മുൻഅംഗം എന്ന നില യിൽ പ്രകൃതിദുരന്തങ്ങളെ ലഘൂകരിക്കാനുള്ള സാധ്യതകൾ, ആസൂത്രണങ്ങൾ, പ്രതിരോധമാർഗ്ഗങ്ങൾ...?**

ദുരന്തനിവാരണ അതോറിറ്റി എന്നു പറയുന്നത് മന്ത്രിസഭയുടെ ഒരു ചെറുപതിപ്പാണ്. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, റവന്യൂ മന്ത്രി, മുഖ്യമന്ത്രി നിശ്ചയിക്കുന്ന ഒൻപതംഗങ്ങൾ എന്നതാണ് അതിന്റെ ഘടന. ഇപ്പോൾ ആ സമിതിയിൽ 99 ശതമാനവും ശാസ്ത്രജ്ഞരോ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരോ അല്ല. പരിസ്ഥിതിയെപ്പറ്റി തീരുമാനങ്ങളെടുക്കുമ്പോൾ മിക്ക രാഷ്ട്രീയ പാർട്ടികളും നോക്കുന്നത് വോട്ടുബാങ്കിനെയാണ്. ഇന്ന തീരുമാനമെടുത്താൽ എന്റെ നിയോജകമണ്ഡലത്തിലെ എത്രയാളുകൾ എനിക്കു വോട്ടുചെയ്യാതെയിരിക്കും എന്നൊരു ചിന്ത എല്ലാ രാഷ്ട്രീയ പാർട്ടികളിലുമുണ്ട്. ശാസ്ത്രജ്ഞരേയും പരിസ്ഥിതിയിൽ വൈദഗ്ദ്ധ്യമുള്ളവരേയുമാണ് ദുരന്തനിവാരണ അതോറിറ്റിയിൽ കൊണ്ടുവരേണ്ടത്. നമ്മുടെ ദുരന്തനിവാരണമേഖല ഇനിയും ഒരുപാട് കാതം മുന്നോട്ട് പോകാനുണ്ട്, രാജ്യം എന്ന രീതിയിലും സംസ്ഥാനം എന്ന നിലയിലും. ചുരുക്കത്തിൽ ഒരു ശാസ്ത്രീയ അവബോധം വേണം ഭരണകൂടതലങ്ങളിലും ജനമനസ്സുകളിലും.

**ഇനിയുമുണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെ നമുക്ക് എങ്ങനെ നേരിടാം? എങ്ങനെയൊക്കെ അതിജീവിക്കാനാവും?**

പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കാൻ ആദ്യമായി വനം സംരക്ഷിക്കപ്പെടണം. കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും നിയമങ്ങൾ പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്നരീതിയിൽ മാറ്റിയെടുക്കേണ്ടതുണ്ട്.മണ്ണിനെ പിടിച്ചുനിർത്തുന്ന വിളകൾകൊണ്ട് ഒരു പരിധിവരെ മലഞ്ചെരിവുകളെ ബലപ്പെടുത്താൻ സാധിക്കും. മുന്നറിയിപ്പ് സംവിധാനങ്ങൾ കർശനമാക്കണം. അതിതീവ്ര മഴയുണ്ടാകുമ്പോൾ മുന്നറിയിപ്പ് കൊടുക്കാനാകും. മുന്നറിയിപ്പുകൾക്കുപരിയായി ഉരുൾപൊട്ടൽ സാധ്യതാമേഖലകളെ വാർഡുതലത്തിൽ കണ്ടെത്തുകയും പ്രാദേശിക തലത്തിൽ മാപ്പുകൾ തയ്യാറാക്കുകയുമാണ് വേണ്ടത്. അതോടൊപ്പം ഉരുൾപൊട്ടലിന്റെ ആഘാതങ്ങൾ കുറയ്ക്കുവാനുള്ള വഴികൾ ആരായുകയും വേണം.

മൃഗങ്ങൾ, പക്ഷികൾ എന്നിവ തരുന്ന അപായ സൂചനകൾ ഇതിലേക്കായി ഉപയോഗിക്കാം. മൃഗങ്ങൾ മനുഷ്യരേക്കാൾ ബുദ്ധിയുള്ള ജീവികളാണ്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നവ. ടി.വി. കാണുന്നില്ല, മൊബൈൽ ഉപയോഗിക്കുന്നില്ല. അതുകൊണ്ട് അവയുടെ ഉള്ള ബുദ്ധി വ്യതിചലിച്ചുപോകുന്നില്ല. പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾ അവയ്ക്ക് വളരെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്നു. പലസമയത്തും ഇവ അപായസൂചനകൾ നല്കുന്നതായി കാണുന്നുണ്ട്. പക്ഷികൾ കൂട്ടത്തോടെ കരയുന്നു. പശുക്കൾ അമറുന്നു. നായകൾ ഓരിയിടുന്നു. ദുരന്തങ്ങളെ മുൻകൂട്ടി സെൻസ് ചെയ്യാൻ പ്രകൃതിയിലെ ജീവജാലങ്ങൾക്ക് കഴിയും എന്നാണ് ചൈനയിലെ പല പഠനങ്ങളും വെളിപ്പെടുത്തുന്നത്. പല പ്രകൃതിദുരന്തങ്ങളിലും കെട്ടിയിട്ട പശുക്കളും നായകളും മറ്റുജീവജാലങ്ങളുമാണ് മരിച്ചു പോകുന്നത്. കെട്ടിയിടാത്ത മൃഗങ്ങൾ സുരക്ഷിത സ്ഥാനത്ത് എത്തുന്നതായും കാണുന്നുണ്ട്. ഒരുപക്ഷേ, അവ കണ്ടെത്തു



ന്ന സ്ഥലങ്ങൾ മനുഷ്യർക്കും സുരക്ഷിതമായിരിക്കും. മൃഗങ്ങളേയും മറ്റു ജന്തുജാലങ്ങളേയും രക്ഷിക്കാനുള്ള ചുമതലയും നമുക്കുണ്ട്. അവരുണ്ടെങ്കിലേ പ്രകൃതിയിലെ നമ്മുടെ ജീവിതവും സുരക്ഷിതമാവൂ. പരിസ്ഥിതി വിജ്ഞാനം അല്ലെങ്കിൽ ശാസ്ത്രാവബോധം ഉണ്ടാവണം. അധികാരത്തിന്റെ തലപ്പത്തുള്ളവരെ പറഞ്ഞു മനസ്സിലാക്കാൻ കഴിവുള്ള ശാസ്ത്രജ്ഞർ, അവർ പറഞ്ഞാൽ ഉൾക്കൊള്ളുന്ന നേതാക്കൾ എന്നിവരുണ്ടെങ്കിൽ കാര്യങ്ങൾ കുറെക്കൂടി എളുപ്പമായി. വാസ്തവത്തിൽ ശാസ്ത്രസമൂഹം പലപ്പോഴും ഇതൊന്നും പറയുന്നില്ല. പറഞ്ഞുകഴിഞ്ഞാൽ സർക്കാരിന് അനിഷ്ടം തോന്നുമോ, സർക്കാരിന് എതിരാവുമോ എന്ന ഭീതി അവരെ നിശ്ശബ്ദരാക്കുന്നുണ്ട്. പ്രകൃതിദുരന്തങ്ങളെ നേരിടാൻ ബൃഹത്തായ ഒരു പദ്ധതിതന്നെ വേണ്ടിവരും. ഒരു തുടക്കം എന്ന നിലയിൽ ദുരന്തനിവാരണം സിലബസിൽ കൊണ്ടുവരാൻ സാധിക്കും. അടുത്ത തലമുറയെങ്കിലും ഇതിനെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കും.

**ആഗോള താപനത്തിലുണ്ടായ മാറ്റം, മലയിടിച്ചിൽ, വെള്ളപ്പൊക്കം കടലേറ്റം... ഇപ്പോഴത്തെ കാലാവസ്ഥ വ്യതിയാനങ്ങളെ എങ്ങനെ കാണുന്നു?**

കാലാവസ്ഥാവ്യതിയാനം എന്നത് ഒരാഗോള പ്രതിഭാസമാണ്. 2010 മുതൽ 2020വരെയുള്ള പത്തുവർഷമാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെട്ട കാലഘട്ടം. ഈ ചൂട് ഇനിയും കൂടിക്കൊണ്ടേയിരിക്കും. ചൂട് കൂടുന്തോറും കടലിലും മാറ്റങ്ങൾ സംഭവിക്കും. ചുഴലിക്കാറ്റിനും സാധ്യതയുണ്ട്. ചുഴലിക്കാറ്റിനൊപ്പം ശക്തമായ മഴ കേറിവരും. കടല് കേറി വരും. അതു താങ്ങാനുള്ള ശേഷി ഭൂമിക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നഷ്ടപ്പെടുത്തി എന്നുപറയുന്നതാവും ശരി. നമ്മുടെ അശാസ്ത്രീയമായ വികസനംകൊണ്ട് സംഭവിച്ചതാണ്. വികസനത്തിന്റെ പേരിൽ മലയിൽനിന്നും പാറകൾപൊട്ടിച്ച് റോഡുണ്ടാക്കുന്നു. റോഡുകളിൽ വെള്ളം താണുപോകുന്നില്ല. അപ്പോൾ എന്തുചെയ്യും. വെള്ളപ്പൊക്കമുണ്ടാകും. റോഡ് വേണ്ടെന്നല്ല. ഉള്ള റോഡുകൾ കാലാനുസൃതമായി മെയിന്റനൻസ് നടത്തി സംരക്ഷിക്കുകയാണ് വേണ്ടത്.

**പശ്ചിമഘട്ട മലനിരകളിലെ പാറകൾ പൊട്ടിച്ചെടുത്ത് തുറമുഖനിർമ്മാണത്തിനും മറ്റുമായി കടലിൽകൊണ്ടുപോയി ഇടുന്നു. കടലിലെ അശാസ്ത്രീയ നിർമ്മിതി കാരണം കടൽ പ്രകോപിതമാവുകയും കടൽത്തീരങ്ങളേയും തിരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുടിലുകളേയും കവർന്നെടുക്കുകയും ചെയ്യുന്നു. വയനാടിൽ മലയും മണ്ണുമിടിയുന്നു, നദി കുത്തിയൊലിച്ച് ഇടനാടിൽ വെള്ളപ്പൊക്കമുണ്ടാവുന്നു. തീരദേശത്ത് കടലേറുന്നു. 'ഒടുക്കം കാടുംപോയ് നാടുംപോയ് കടലുംപോയ്' എന്നെഴുതേണ്ടി വരുമോ?**

തീർച്ചയായും. ലോകത്ത്, കാലാവസ്ഥാവ്യതിയാനങ്ങൾമൂലം സ്വന്തം വാസസ്ഥലം ഉപേക്ഷിച്ച് പലായനം ചെയ്യുന്നവരുടെ എണ്ണം കൂടി വരുന്നു. പാരിസ്ഥിതികമായി വളരെ ദുർബലമായ ഒരു സംസ്ഥാനമാണ് കേരളം. വല്ലാത്തൊരു ദുരന്തത്തിലേക്കാണ് നാമും പൊയ്ക്കൊണ്ടിരിക്കുന്നത്. മലകളും കുന്നുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. മലകൾ ഉള്ളതുകൊണ്ടാണ് നദികൾക്ക് ഒഴുകാൻ സാധിക്കുന്നത്. നദികൾ ഒഴുകുന്നതുകൊണ്ടാണ് വൈദ്യുതിയുണ്ടാകുന്നത്. വനമേഖലയിൽ മലയിടിച്ചിൽ, ഇടനാടിൽ വെള്ളപ്പൊക്കം, തീരദേശത്ത് കടലേറ്റം ഇതെല്ലാം കാലാവസ്ഥാ വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട ദുരന്തങ്ങളാണ്. ഇതിനെല്ലാം ആക്കം കൂട്ടുന്നത് മനുഷ്യന്റെ അശാസ്ത്രിയമായ വികസനസങ്കല്പങ്ങളും പ്രകൃതിയിന്മേലുള്ള ഇടപെടലുകളുമാണ്. അതെ, കാലാവസ്ഥാവ്യതിയാനംമൂലം അഭയാർത്ഥികളാകുന്നവരുടെ നാടായി കേരളവും സാക്ഷ്യംവഹിക്കാൻ തുടങ്ങിയിരിക്കുന്നു. ■

# ഓണം കേരളത്തനിമയുടെ ഉത്സവം

ഫാ. ജോസ് വർഗീസ്



*മാവേലി നാട് വാണിടും കാലം*
*മാനുഷ്യരെല്ലാരും ഒന്നുപോലെ*
*ആമോദത്തോടെ വാസിക്കും കാലം*
*ആപത്തങ്ങാർക്കുമൊട്ടില്ലതാനും*

## ഓണം മലയാളത്തനിമയിലേക്കുള്ള ഒരു മടക്കയാത്ര

മലയാളികൾക്ക് ഓർമ്മിക്കാനും അഭിമാനിക്കാനും വീണ്ടും ഒരു തിരുവോണനാൾ ആഗതമാകുന്നു. ഓണത്തെക്കുറിച്ച് വ്യത്യസ്തങ്ങളായിട്ടുള്ള അനുഭവങ്ങളാണ് ഓരോ മലയാളിക്കും പറയാനുള്ളത്. പത്തുനാളുകളിലെ അത്തവും, തുമ്പപ്പൂവിന്റെ ഓർമ്മകളും ഓണത്തപ്പന്റെ രൂപവും വിഭവസമൃദ്ധമായ ഭക്ഷണവും കുടവയറുള്ള മാവേലിതമ്പുരാന്റെ എഴുന്നള്ളത്തും ഓണക്കളികളും എല്ലാം ഒരു പഴമയിലേക്ക് മലയാളികളെ കൂട്ടിക്കൊണ്ട് പോകുന്നു എന്ന് പറയുന്നതിൽ അതിശയോക്തി ഇല്ല. കാരണം ഇന്ന് മലയാളിയുടെ ജീവിതത്തിൽ ഒത്തിരി മാറ്റങ്ങൾ വന്നുതുടങ്ങി, ഭാഷയുടെയും ഭക്ഷണത്തി ന്റെയും വസ്ത്രധാരണത്തിന്റെയും മേഖലകളിൽ സമൂലമായ മാറ്റങ്ങൾ വന്നു തുടങ്ങി. ശുദ്ധ മലയാളം പറയുന്ന മലയാളി നാട്ടിലെങ്കിലും ഉണ്ടോ



എന്ന് അന്വഷിക്കേണ്ട അവസ്ഥയിൽ ആയി, ഫാസ്റ്റ് ഫുഡും പാക്കറ്റ് ഫുഡും ഇന്ന് മലയാളിക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഭക്ഷണക്രമ മായി മാറി, വസ്ത്രധാരണത്തിന്റെ കാര്യത്തിൽ മിഴിയടച്ചു ഭാവനയിൽ കണ്ടാൽ പെട്ടെന്നു പിടികിട്ടും, ശാരീരികവ്യായാമങ്ങൾ പൊടുന്നനെ ഓൺലൈൻ വ്യായമങ്ങളിലേക്ക് കൂപ്പുക്കുത്തി. ഇവിടെയാണ് കേരളത്തിന്റെ സംസ്ഥാന ഉത്സവമായ ഓണത്തിന്റെ പ്രസക്തി. ഓണനാളുകളിൽ കേരളത്തിൽ എന്നല്ല ലോകത്തിലെ എല്ലാ മലയാളികളും പഴമയിലേക്ക് യാത്ര തിരിക്കാറുണ്ട്. തെരുവോരങ്ങളിൽ ആയാലും പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ആയാലും പടുകൂറ്റൻ വ്യാപാര സ്ഥാപനങ്ങളിൽ ആയാലും ഓണം മലയാളിയെ അവന്റെ തനിമയിലേക്ക് കൂട്ടിക്കൊണ്ട്പോകുന്നുണ്ട്. അതിപ്പോൾ പ്രഹസനം ആയെങ്കിൽ പോലും.

## മലയാളിയായ ക്രിസ്ത്യാനിക്ക് ഓണം ആഘോഷിക്കാമോ?

മലയാളി പല വംശത്തിലുള്ള ജനങ്ങളുടെ ഒരു സമ്മിശ്രമാണ്. മലയാളിയുടെ അടിസ്ഥാന വർഗ്ഗം കേരളപുത്ര ദ്രാവിഡ വംശമാണ്. ബുദ്ധജൈനരുടെയും ഹെബ്രായരുടെയും തുർക്കികളുടെയും പോർച്ചുഗീസുകാരുടെയും തമിഴരുടെയും അവസാനമായി ബംഗാളികളുടെയും കുടിയേറ്റമാണ് മലയാളികൾ ഒരു സമ്മിശ്രവംശം എന്ന് അറിയപ്പെടാൻ പ്രധാനകാരണം. നാനാത്വത്തിൽ ഏകത്വം എന്ന ഭരതീയ കാഴ്ച്ചപ്പാട് കേരളജനതയിൽ ഒറ്റനോട്ടത്തിൽ ദർശിക്കുവാൻ സാധിക്കും.

പല മതവിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളം. ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും ജൈനനും ബുദ്ധനും ഹെബ്രായനും ഒന്നിച്ച് മതസ്പർദ്ധയില്ലാതെ വാഴുന്ന സമത്വസുന്ദരമായ കേരളം. അങ്ങനെയെങ്കിൽ കേരളത്തിന്റെ സംസ്ഥാന ഉത്സവമായ ഓണം നമ്മളെ വേർതിരിവുകളിലേക്ക് എത്തിക്കുമോ? നിശ്ചയമായും നമ്മളെ വേർതിരുവുകളിലേക്ക് എത്തിക്കാൻ പാടില്ല എന്നുള്ളതാണ്. എന്തെന്നാൽ എല്ലാ മനുഷ്യരെയും ഒരുപോലെ കാണാൻ പ്രേരിപ്പിക്കുന്നതാണ് ഓണം. അവിടെ പണ്ഡിതൻ എന്നോ പാമരൻ എന്നോ സമ്പന്നൻ എന്നോ ദാരിദ്രൻ എന്നോ വ്യത്യാസങ്ങൾ ഇല്ലാതെ എല്ലാവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്ന ഒരുത്സവമാണ് ഓണം. വേദഗ്രന്ഥത്തിൽ ക്രിസ്തു വിഭാവന ചെയ്യുന്ന ദൈവരാജ്യത്തിന്റെ സ്വഭാവവും മറ്റൊന്നല്ല, വർഗ്ഗ വർണ്ണങ്ങളുടെ വ്യത്യാസം ഇല്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്. നന്മ ചെയ്യുന്ന മനുഷ്യരെ അംഗീകരിക്കുക എന്നുള്ളത് ഒരു മാനുഷിക മൂല്യമാണ് അതോടൊപ്പം അത് ദൈവരാജ്യത്തിന്റെ മൂല്യവും കൂടിയാണ്. ക്രിസ്തു നന്മ ചെയ്തു കടന്നുപോയി എന്നാണ് സുവിശേഷത്തിൽ നാം വായിക്കുന്നതും അനുഭവിക്കുന്നതും. അങ്ങനെയെങ്കിൽ ഓണം എന്ന കേരളത്തനിമയുടെ ഉത്സവം, മനുഷ്യനന്മയ്ക്ക് ഊന്നൽ നൽകുമ്പോൾ അത് അംഗീകരിച്ച് ഒരു കേരളീയൻ എന്നതിൽ അഭിമാനിച്ചു മുന്നോട്ട് പോകാം.

## ഉപസംഹാരം

ഓണത്തിന്റെ ഒത്തിരി ചിന്തകളും വർണ്ണനകളും നാം കേൾക്കുകയും വായിക്കുകയും കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു കാലമാണ് ഓണക്കാലം. മനുഷ്യരിലെ നന്മകളെ മുറുകെ പിടിക്കാനും തിന്മയെ ബഹിഷ്കരിക്കാനും നമ്മളെ പ്രാപ്തരാക്കുന്നതാണ് സുവിശേഷമൂല്യങ്ങൾ. അതുകൊണ്ടാണ് യേശു പറയുന്നത് പുറമേനിന്ന് ഉള്ളിലേക്കു കടന്ന്, ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ, ഉള്ളിൽനിന്നു പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത് (മർക്കോസ് 7 : 15). നമ്മുടെ വിശ്വാസജീവിതം കൈമോശം വരാതെ മനുഷ്യനിലെ നന്മകൾ ചേർത്തുപിടിച്ചുകൊണ്ട് ഈ സുന്ദരമായ ഭൂമിയിൽ നമുക്ക് ജീവിക്കാൻ ശ്രമിക്കാം. യേശു ഈ ഭൂമിയിൽ ജീവിച്ചത് ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായാണ്. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2 : 52). നമുക്കും ഈ ഭൂമിമലയാളത്തിൽ ജീവിക്കുമ്പോൾ നമ്മുടെ സംസ്കാരത്തെയും പൈതൃകത്തെയും കൈമോശം വരുത്താതെ നമ്മുടെ പിൻതലമുറയ്ക്കു കൈമാറ്റം ചെയ്യുന്നതിൽ ബദ്ധശ്രദ്ധരാകാം.

എല്ലാവർക്കും നന്മയുടെയും സമൃദ്ധിയുടെയും ഓണാശംസകൾ. ■







# മലയാള സിനിമ... അകവും പുറവും

ജോളിമസ്
(ചലച്ചിത്ര സംവിധായകൻ)



മലയാള സിനിമയിൽ നാം പുറമെ കാണുന്ന ഗ്ലാമർ ഇതിന്റെ ഉള്ളറകളിൽ ഇല്ല എന്ന തിരിച്ചറിവാണ് ഈയിടെയായി വാർത്താമാധ്യമങ്ങളിലൂടെ വെളിപ്പെട്ടു വരുന്നത്. ഈ വെളിപ്പെടലുകൾ മലയാളി സമൂഹത്തെ വല്ലാതെ വേട്ടയാടുന്നുണ്ട്. വെളിച്ചത്തു ചിത്രീകരിച്ച് ഇരുട്ടത്തു പ്രദർശിപ്പിക്കുന്ന സിനിമ... കണ്ണിനും കാതിനും കരളിനും ആസ്വാദനം നൽകുന്ന സിനിമയുടെ പിന്നാമ്പുറങ്ങൾ എത്രത്തോളം മാലിന്യം നിറഞ്ഞതാണെന്ന വസ്തുത നമ്മെ അതിശയിപ്പിക്കുന്നു.

മലയാള സിനിമയുടെ പിതാവെന്നറിയപെടുന്ന ജെ. സി. ഡാനിയേൽ നിർമ്മിച്ച് 1930 ഒക്ടോബറിൽ പ്രദർശിപ്പിച്ച ആദ്യത്തെ നിശബ്ദ ചിത്രമായ വിഗതകുമാരനിൽ തുടങ്ങി മലയാള സിനിമയുടെ ചരിത്രം. ഇന്നു മലയാള സിനിമ വെള്ളിത്തിരയിൽ ജീവിതയാഥാർഥ്യവും ജീവിത മൂല്യങ്ങളും റിയാലായി ഉയർത്തിക്കാട്ടികൊണ്ടു



മറ്റു ഭാഷചിത്രങ്ങളിൽനിന്ന് വേറിട്ട് നിൽക്കുന്നു. മലയാള സിനിമ റിയാലിറ്റിയിലും സാങ്കേതിക മികവിലും ലോക സിനിമയ്ക്കു മുന്നിൽ വളരെയധികം ശ്രദ്ധ നേടിയിട്ടുണ്ട്.

നടന വിസ്മയം വെള്ളിത്തിരയിൽ തീർക്കുന്ന മികച്ച അഭിനേതാക്കൾ, മികച്ച സാങ്കേതിക പ്രവർത്തകർ എന്നും മലയാളസിനിമയ്ക്ക് അഭിമാനമാണ്. എന്നും തലയെടുപ്പോടെ നിന്നിരുന്ന മലയാള സിനിമ ഇന്ന് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ആടിയുലയുകയാണ്. മലയാള സിനിമയിലെ സ്ത്രീകൾ നേരിടുന്ന വിവേചനവും അനീതിയും അവഗണനയും ചൂഷണങ്ങളും പുറത്തുകൊണ്ടുവന്നിരിക്കുകയാണ് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലൂടെ.

സിനിമയിൽ സ്ത്രീകൾ സുരക്ഷിതരല്ല എന്ന് നിരന്തരമായി സിനിമയിലെ കലാകാരികൾ പരാതികൾ ഉന്നയിച്ചുവന്ന സാഹചര്യത്തിൽ 2017 ജൂലൈയിൽ റിട്ടയേർഡ് ജസ്റ്റിസ് കെ ഹേമ അധ്യക്ഷയായി കെ ബി വത്സലകുമാരിയും മുതിർന്ന ചലച്ചിത്ര അഭിനേത്രി ശാരദയും അംഗങ്ങളായ മൂന്നംഗ കമ്മിറ്റിയെ സിനിമിയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനായി സർക്കാർ നിയമിച്ചു. ഒരു സിനിമാ വ്യവസായത്തിന്റെ ആന്തരിക പ്രവർത്തനങ്ങൾ, സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ പഠിക്കാൻ ഇന്ത്യയിൽതന്നെ ആദ്യമായാണ് ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നത്, അതും മലയാള സിനിമയിൽ എന്നത് മലയാളികൾക്ക് അഭിമാനിക്കാവുന്നതാണ്.

മലയാളസിനിമയിൽ നിലനിൽക്കുന്ന വ്യാപകമായ ലഹരി ഉപയോഗം, കാസ്റ്റിംഗ് കൗച്ച് എന്ന പേരിൽ സ്ത്രീകളെ ലൈംഗീകമായി ചൂഷണം ചെയ്യൽ, തൊഴിൽ അവസങ്ങൾ നഷ്ടപെടുത്തൽ തുടങ്ങിയ മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന നിരവധി പ്രശ്നങ്ങൾ കണ്ടെത്തി തുറന്നുകാട്ടിയാണ് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നത്. മലയാളസിനിമ ഒരുകൂട്ടം പുരുഷന്മാരുടെ ആധിപത്യത്തിലാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. അതോടൊപ്പംതന്നെ സിനിമയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ഉതകുന്ന ചില നിർദ്ദേശങ്ങളും റിപ്പോർട്ടിലൂടെ അതീവഗൗരവമായി ജസ്റ്റിസ് ഹേമ കമ്മിറ്റി മുന്നോട്ടു വയ്ക്കുന്നുണ്ട്.

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് പിന്നാലെ സിനിമ രംഗത്തെ പ്രമുഖർക്കെതിരെ നിരവധിപേർ ആരോപണങ്ങളുമായി രംഗത്തെത്തി. ലൈംഗിക ആക്രമണം, മനസികമായുള്ള പീഡനം, തൊഴിൽ നിഷേധം ഉൾപ്പെടെ നിരവധി കാര്യങ്ങളാണ് ഇവർ ചൂണ്ടിക്കാണിച്ചത്.

ഇത്തരം പ്രവർത്തികൾ ഒരു പരിഷ്കൃത സമൂഹത്തിനു ചേർന്നതല്ല എന്ന തിരിച്ചറിവോടെ മാധ്യമങ്ങളും കേരള സമൂഹവും ഇരകളായിട്ടുള്ളവർക്കു ശക്തമായ പിന്തുണ നല്കാൻ തുടങ്ങി, തുടർന്ന് ചൂഷണങ്ങൾക്ക് ഇരകളായിട്ടുള്ളവർ തങ്ങളുടെ പരാതികൾ നിയമപരമായിത്തന്നെ നിയമത്തിന്റെ മുന്നിൽ എത്തിച്ചു. ആരോപണങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ നിരവധി പ്രമുഖർ തങ്ങൾ അലങ്കരിച്ചിരുന്ന സ്ഥാനമാനങ്ങൾ രാജിവച്ചൊഴിഞ്ഞു. ഒടുവിൽ താരങ്ങളുടെ സംഘടയായ അമ്മയെ സംഘടനയുടെ നേതൃത്വത്തിൽ നിന്നവർതന്നെ പിരിച്ചുവിടുകയും ഉണ്ടായി.

ഈ സാഹചര്യത്തിലും ഞാൻ ഒന്നും അറിഞ്ഞില്ല, എനിക്ക് ഒന്നും അറിയില്ല എന്ന ഭാവത്തോടെ സിനിമയിലെ മറ്റുപലരും ഒന്നും ഉരിയാടാതെ മൗനം പാലിക്കുന്നത് മലയാള സിനിമയുടെ തകർച്ചയ്ക്ക് കാരണമാകും എന്ന തിരിച്ചറിവോടെ ഒരു നല്ല മാറ്റത്തിനു തുടക്കം കുറിക്കാൻ എല്ലാ സിനിമ പ്രവർത്തകരും ഒറ്റക്കെട്ടായി ഇറങ്ങിത്തിരിക്കേണ്ടതുണ്ട്. സിനിമ മേഖലയിൽ ഒരു വലിയ മാറ്റത്തിനു തുടക്കമിടാനായി കേരള സർക്കാർ സിനിമ നയം രൂപീകരിക്കുമെന്ന വാർത്ത വളരെയധികം ആശ്വാസകരമാണ്. മലയാള സിനിമയിൽ രൂപീകൃതമാകുന്ന പുതിയ സിനിമാനയം മറ്റു സംസ്ഥാനങ്ങളിലെ സിനിമ മേഖലയും ഉറ്റുനോക്കുന്നുണ്ട്. ഏവർക്കും പ്രതേകിച്ചു സ്ത്രീകൾക്ക് സുരക്ഷിതമായ ഒരു തൊഴിലിടം പുതിയ സിനിമ നയത്തിലൂടെ മലയാള സിനിമയിൽ സൃഷ്ടിക്കപ്പെടുമെന്നു പ്രതീക്ഷിക്കാം.

കലാകാരന്മാരെ സമൂഹം എക്കാലവും ഉറ്റുനോക്കുന്നു എന്നും, അവരുടെ പ്രവർത്തനങ്ങൾ സമൂഹത്തെ സ്വാധീനിക്കുന്നു എന്നുമുള്ള ബോധ്യം സിനിമ പ്രവർത്തകരായ കലാകാരന്മാർക്ക് ഉണ്ടാകണം. അഭിനേതാക്കളും സാങ്കേതിക പ്രവർത്തകരും പരിഷ്കൃത സമൂഹത്തിനു കളങ്കം ഉണ്ടാക്കുന്നവരാകരുത്. സ്ത്രീകൾക്ക് നിർഭയം അഭിമാനത്തോടെ സിനിമ മേഖലയിൽ പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. മലയാള സിനിമയിലെ കലാകാരന്മാരുടെ ചിന്തകളും പ്രവൃത്തികളും എന്നും സമൂഹനന്മ ലക്ഷ്യംവച്ചുകൊണ്ടുള്ള ആസ്വാദന സിനിമകൾ ഉണ്ടാക്കാനാണ് ശ്രമിക്കേണ്ടതെന്ന ബോധ്യം എല്ലാവരിലും ഉണ്ടാകട്ടെയെന്നു ആഗ്രഹിക്കുന്നു. അങ്ങനെ മലയാള സിനിമയുടെ അകവും പുറവും ഭംഗിയുള്ളതാകട്ടെ... ■

MEDICAL MISSION SISTERS

# മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ശതാബ്ദി നിറവിൽ (1925-2025)

സിസ്റ്റർ ഷെർളി കീരാഞ്ചിറ MMS

“എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു”.(ലൂക്ക2:46-47). മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് തങ്ങളുടെ സഭാമദ്ധ്യസ്ഥ സന്തോഷ കാരണമായ പരിശുദ്ധ കന്യകാമറിയത്തോടൊപ്പം ദൈവം നൽകിയ സംരക്ഷണത്തിനും നിരവധിയായ നന്മകൾക്കും അവിടുത്തേയ്ക്കു കൃതജ്ഞതാ സ്തോത്രങ്ങൾ അർപ്പിക്കുന്നു.1925- ൽ രണ്ട് ഡോക്ടർമാരും, രണ്ട് നഴ്സുമാരും ചേർന്ന് സന്യാസ സമർപ്പണവും വൈദ്യശുശ്രുഷാ വൈദഗ്ധ്യവും കോർത്തിണക്കി ആരംഭിച്ച ആദ്യ സന്യാസ സമൂഹമായ 'സൊസൈറ്റി ഓഫ് കാത്തലിക് മെഡിക്കൽ മിഷനറീസ്' അഥവാ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്, ഇന്ന് 20 രാജ്യങ്ങളിൽ സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും, ഇടയിൽ തങ്ങളുടെ ശുശ്രൂഷാ ജീവിതം തുടരുന്നു.



20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ന് ഇന്ത്യയുടെ ഭാഗമായിരുന്ന പാക്കിസ്ഥാനിൽ വൈദ്യസഹായം കിട്ടാതെ ദുരിതമനുഭവിക്കുകയും മരണമടയുകയും ചെയ്ത മുസ്ലിം സ്ത്രീകളെക്കുറിച്ചുള്ള വാർത്തകൾ സ്കോട്ലൻഡുകാരിയായ ആഗ്നസ് മക്ലാരന്റെ മന:സാക്ഷിയെ തൊട്ടുണർത്തി. അന്ന് സ്ത്രീകൾക്ക് അപ്രാപ്യമായിരുന്ന മെഡിക്കൽ പരിശീലനം നേടുന്നതിനും, റാവൽപിണ്ടിയിൽ ഒരാശുപത്രി സ്ഥാപിച്ച് മെഡിക്കൽ പ്രവർത്തനം തുടങ്ങുന്നതിനും തന്റെ അറുപതുകളിൽ ആഗ്നസ് മക്ലാരന് സാധിച്ചു . അർപ്പണബോധമുള്ള പെൺകുട്ടികളെ വൈദ്യപരിശീലനത്തിന് സഹായിച്ച്, ഇന്ത്യയിലെ സ്ത്രീകൾക്ക് തുണയാക്കാനുള്ള അന്വേഷണത്തിലാണ് ഓസ്ട്രിയക്കാരിയായ അന്ന ഡെങ്കലുമായി

**മെഡിക്കൽ മിഷൻ വക്താക്കളായി മാറിയ പല വൈദികരുടെയും, ഡോ. അന്ന ഡെങ്കലിന്റെയും പരിശ്രമഫലമായി 1936 ഫെബ്രുവരി11-ന് പതിനൊന്നാം പീയൂസ് മാർപ്പാപ്പ നിലവിലിരുന്ന കാനൻ നിയമം തിരുത്തിക്കുറിച്ച് സന്യസ്ഥർക്ക് വൈദ്യരംഗം പൂർണമായും തുറന്നു കൊടുത്തു.**

പരിചയപ്പെടുന്നത്. മെഡിക്കൽ പഠനം അയർലണ്ടിൽ പൂർത്തിയാക്കിയ ഡോ. അന്ന ഡെങ്കൽ 1919-ൽ റാവൽ പിണ്ടിയിൽ സേവനമാരംഭിച്ചു. രാപകലില്ലാതെ തന്നെ സമീപിച്ച അനേകം രോഗികളെ ഡോ. അന്ന ഡെങ്കൽ മൂന്നു വർഷം പരിചരിച്ചു.

വൈദ്യരംഗത്ത് സാങ്കേതിക വൈദഗ്ധ്യം നേടിയ ഒരു സമർപ്പിത സമൂഹത്തിനുമാത്രമേ തൃപ്തികരമായ വിധം രോഗീശുശ്രുഷ ചെയ്യുവാൻ സാധിക്കൂ എന്ന് മനസ്സിലാക്കിയ ഡോ. അന്ന ഡെങ്കൽ, കാനൻ നിയമ വിലക്ക് ഇതിന് തടസ്സമാകയാൽ , ആ ''വലിയ ആവശ്യത്തിന് എങ്ങനെ ഉത്തരം കൊടുക്കാം'' എന്ന അന്വേഷണം ആരംഭിച്ചു. ആതുരസേവന രംഗത്ത് താൻ കണ്ടതും, അനുഭവിച്ചതുമായ കാര്യങ്ങൾ അമേരിക്കയിലെത്തി പല വൈദികശ്രേഷ്ഠന്മാരുമായി പങ്കുവച്ചു. പരിധികളില്ലാതെ ആരോഗ്യരംഗത്തെ ആവശ്യങ്ങൾ നിറവേറ്റാൻ ഒരു സമർപ്പിത സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം വ്യക്തമായി മുന്നിൽ കണ്ടുകൊണ്ട് തൽപരരായ യുവതികളുമായി ചർച്ച നടത്തി. ഡോ. അന്നയുടെ ആശയം ഉൾകൊണ്ട മൂന്നു യുവതികൾ - ഒരു ഡോക്ടർ, രണ്ട് നഴ്സുമാർ, മുന്നോട്ട് വന്നതോടെ 1925 സെപ്റ്റംബർ 30 - ന് മെഡിക്കൽ മിഷൻ സന്യാസ സഭയ്ക്ക് ഔപചാരികമായി തുടക്കം കുറിച്ചു. മെഡിക്കൽ മിഷൻ വക്താക്കളായി മാറിയ പല വൈദികരുടെയും, ഡോ. അന്ന ഡെങ്കലിന്റെയും പരിശ്രമഫലമായി 1936 ഫെബ്രുവരി11-ന്(11-2-1936) പതിനൊന്നാം പീയൂസ് മാർപ്പാപ്പ നിലവിലിരുന്ന കാനൻ നിയമം തിരുത്തിക്കുറിച്ച് സന്യസ്ഥർക്ക് വൈദ്യരംഗം പൂർണമായും തുറന്നു കൊടുത്തു.

കത്തോലിക്ക ആശുപത്രികൾ നാമമാത്രമായിരുന്ന അക്കാലത്ത് ആധുനിക രീതിയിൽ രോഗീപരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ലോകത്തിന്റെ പല ഭാഗങ്ങളിലും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ആശുപത്രികൾ തുറന്ന് പ്രവർത്തിപ്പിച്ചു. 1940കളിൽ ഇന്ത്യയിൽ ആദ്യത്തെ മെഡിക്കൽ മിഷൻ ശാഖ കേരളത്തിൽ സ്ഥാപിക്കാൻ അഭിവന്ദ്യ കാളാശ്ശേരി പിതാവും, ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പിണക്കാട്ടച്ചനും കാരണക്കാരായി. അച്ചന്റെ പരിശ്രമ ഫലമായി മെഡിക്കൽ മിഷൻ സമൂഹത്തിൽ ആകൃഷ്ടരായി ആതുര ശുശ്രൂഷ രംഗത്തേയ്ക്ക് കേരളത്തിൽനിന്ന് നാല് യുവതികൾ ധൈര്യസമേതം കടന്നുവന്നതോടെ 1944-ൽ മെഡിക്കൽ മിഷൻ സന്യാസ സഭയ്ക്കു തുടക്കംകുറിച്ചു. 1948-ൽ കേരളത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ ആദ്യത്തെ കത്തോലിക്കാ ആശുപത്രിയായ ഭരണങ്ങാനം മേരിഗിരി (Immaculate Heart of Mary Hospital) പ്രവർത്തനം ആരംഭിച്ചു. താമസിയാതെതന്നെ ഇന്ത്യയുടെ മറ്റ് പല സംസ്ഥാനങ്ങളിലും മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ പ്രവർത്തനരംഗം സജീവമായി.

മെഡിക്കൽ രംഗത്ത് പുരോഗതിയുടെ ചവിട്ടുപടികൾ പലതും കയറിയ ഈ സമൂഹം 1965-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം അനുസരിച്ച് സ്വയം വിലയിരുത്തൽ നടത്തി നവീകരണത്തിന് വിധേയരായി. രോഗീശുശ്രൂഷ മനുഷ്യന്റെ സമഗ്രവിമോചനത്തിന്റെ ഒരുഭാഗം മാത്രമാണെന്ന തിരിച്ചറിവിലെത്തി. സ്ഥാപനോന്മുഖമായി നടത്തി വന്നിരുന്ന സേവനങ്ങൾ അടിസ്ഥാന മാനുഷിക ആവശ്യങ്ങളുമായി കോർത്തിണക്കിക്കൊണ്ടു പോയാൽ മാത്രമേ സമ്പൂർണ സൗഖ്യം കൈവരിക്കാൻ കഴിയൂ എന്ന് ബോധ്യമായി.



എവ്‌ലിൻ ഫ്ലീഗർ, ഡോ. അന്ന ഡെങ്കൽ,
ഡോ. ജോവാന ലിയോൺസ്, ആഗ്നസ് മേരി ഉൾബ്രിച്ച്.

ഈ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് സ്ഥാപിച്ച ചെറുതും വലുതുമായ 50 ഓളം ആശുപത്രികളിൽ ഭൂരിഭാഗവും അതതു സ്ഥലത്തെ സഭാമേലദ്ധ്യക്ഷമാരെയോ, ഇതര സന്യാസ സമൂഹങ്ങളെയോ ഏൽപ്പിച്ചിട്ട് സിസ്റ്റേഴ്സ് പലരും ഗ്രാമങ്ങളിലേയ്ക്കും, ചേരി പ്രദേശങ്ങളിലേയ്ക്കും പോയി പ്രവർത്തിക്കുവാൻ തുടങ്ങി. അതുപോലെതന്നെ തങ്ങളുടെ അധീനതയിലുള്ള ആശുപത്രികളിൽ ചുറ്റുമുള്ള സാധാരണ ജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ ചികിത്സാ സംവിധാനങ്ങൾ ഒരുക്കുകയും, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ (Public Health Activities), മരുന്നില്ലാത്ത ചികത്സാ രീതികൾ തുടങ്ങിയവ കോർത്തിണക്കി പ്രവർത്തനം തുടരുകയും ചെയ്തു.

ഈ വിചിന്തനങ്ങളുടെയും, ഇടപെടലുകളുടെയും അടിസ്ഥാനത്തിൽ ജനങ്ങളുടെ ഇടയിലേയ്ക്കിറങ്ങി അവരോടൊത്ത് അന്വേഷണം നടത്തി മനുഷ്യരേയും, ഈ പ്രപഞ്ചത്തെയും പൂർണ്ണതയിലേയ്ക്ക് എത്തിക്കുന്നതിന് തടസംനിൽക്കുന്ന സാഹചര്യങ്ങളെ തിരിച്ചറിഞ്ഞ്, അവരോടൊത്ത് അനാരോഗ്യത്തിന്റെ മൂലകാരണങ്ങൾ തിരയാനും അതിനുള്ള പരിഹാരങ്ങൾ രൂപപ്പെടുത്താനുമായുള്ള പരിശ്രമം തുടങ്ങി. തൽഫലമായി 1975-ൽ നാല് സിസ്റ്റേഴ്സിന്റെ ഒരു സമൂഹം തിരുവനന്തപുരം രൂപതയിൽ പൂത്തുറയിൽ ആരംഭിച്ചു. അഭിവന്ദ്യ പീറ്റർ ബർണാഡ് പെരേര പിതാവിന്റെ ആശീർവാദത്തോടെ അന്നത്തെ ഇടവക വികാരി ഫാ. തോമസ് കോച്ചേരി CSSR - ന്റെ ക്ഷണം സ്വീകരിച്ചാണ് അവർ പൂത്തുറയിൽ എത്തിയത്. മത്സ്യതൊഴിലാളികളുടെ ഇടയിൽ 20 രൂപാ വാടകയ്ക്ക് ഓലമേഞ്ഞ ഒരു ചെറിയ വീട്ടിൽ താമസിച്ച്, ലളിതജീവിതശൈലിയിൽ അവർ സേവനം ആരംഭിച്ചു.

മത്സ്യതൊഴിലാളികളോടൊത്തുള്ള ജീവിതവും, ജോലിയും ഇവിടെയുള്ള ദാരിദ്ര്യവും, അനാരോഗ്യവും, ചൂഷണവും, അനീതിയും മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞു. ഇതെല്ലം അവരുടെ വിധിയായിട്ടാണ് ഇവിടുത്തെ സമൂഹം കണ്ടിരുന്നത്. പ്രബുദ്ധരായ ഒരു ജനതയ്ക്കു മാത്രമെ വളരാനും,വികസിക്കാനും കഴിയൂ എന്ന തിരിച്ചറിവ് വയോജന വിദ്യാഭ്യാസത്തിലൂടെ നൽകുന്നതിനും, C.S.S.R അച്ചന്മാരോട് സഹകരിച്ച് ഇടവക ശുശ്രൂഷയിലും സിസ്റ്റേഴ്സ് പങ്കാളികളായി. ജനങ്ങളുടെ സാഹചര്യങ്ങളുടെയും, അനുഭവങ്ങളുടെയും, പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കും, യുവജനങ്ങൾക്കുംവേണ്ടി ക്ലാസുകൾ സംഘടിപ്പിച്ചു. പാട്ട്, ഡാൻസ്, തെരുവുനാടകം, പാവകളി, ബാന്റ് ട്രൂപ്പ് എന്നിവയിലൂടെ കുട്ടികളുടെയും, യുവജനങ്ങളുടെയും സർഗ്ഗാത്മകത വളർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാ മേഖലയിലും നേതൃത്വ പരിശീലനത്തിന് ഊന്നൽ നൽകിയിരുന്നു.

സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളിൽ എതിർപ്പുണ്ടായിരുന്ന ഒരുകൂട്ടം ആളുകൾ അവർ താമസിച്ചിരുന്ന വീട് രാത്രിയിൽ തീവച്ചു. എങ്കിലും അവരെ പിൻതുണച്ചിരുന്ന ഭൂരിഭാഗം ജനങ്ങളും ചേർന്ന് അവരെ രക്ഷപ്പെടുത്തുകയും, അവർ താമസിച്ചിരുന്ന വീട് കെട്ടിക്കൊടുക്കുകയും ചെയ്തു. പിന്നീട് 5000 രൂപയ്ക്ക് ആ വീട് വാങ്ങി അവർ താമസം തുടർന്നു. സിസ്റ്റേഴ്സിന്റെ ഇടപെടലുകളിലൂടെ പൂത്തുറയിൽ ഉണ്ടായ മാറ്റം മനസ്സിലാക്കിയ മാമ്പള്ളി പള്ളി വികാരി റവ. ഫാ. ക്ലീറ്റസ് ഗോമസ് 1978-ൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിനെ തന്റെ ഇടവകയിലേക്കു ക്ഷണിച്ചു. നാലുപേരടങ്ങുന്ന മറ്റൊരു സമൂഹം മാമ്പള്ളിയിലും പ്രവർത്തനം ആരംഭിച്ചു. 18 മാസത്തോളം ഇടവക സൗജന്യമായി നൽകിയ മൂന്നു വാടകവീടുകളിൽ മാറിമാറി താമസിച്ച ശേഷം ഇടവകയുടെ ചിലവിൽ വച്ചു നൽകിയ ഒരു ചെറിയ വീട്ടിൽ 13 വർഷം സിസ്റ്റേഴ്സ് താമസിച്ചു. അവരുടെ പ്രവർത്തന ശൈലി ഇഷ്ടപ്പെടാതിരുന്ന ഒരുകൂട്ടം ഇടവക ജനങ്ങളും വികാരിമാരും, സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു. അതിനാൽ തങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിനായി 1991-ൽ മാമ്പള്ളി - അഞ്ചുതെങ്ങ് അതിർത്തിയിൽ സിസ്റ്റേഴ്സ് സ്വന്തമായി ഒരു വീടുവാങ്ങി താമസം അവിടേയ്ക്ക് മാറ്റി. അന്നത്തെ ഇടവക വികാരിയുടെയും ഇടവകജനത്തിന്റെയും ആഗ്രഹപ്രകാരം മാമ്പള്ളി ഇടവകയിലുള്ള തങ്ങളുടെ പ്രവർത്തനം സിസ്റ്റേഴ്സ് തുടരുന്നു.

മാമ്പള്ളി മുതൽ പെരുമാതുറവരെയുള്ള പ്രദേശത്ത് എട്ട് മഹിളാ സമാജങ്ങളും, അവയുടെ നേതൃത്വത്തിൽ നഴ്സറികളും, ബാലവേദികളും, യുവജന ഗ്രൂപ്പുകളും സംഘടിപ്പിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി, പ്രാദേശിക നേതൃത്വം വളർത്തിയെടുക്കുവാൻ സാധിച്ചു. ഇവരെ സഹപ്രവർത്തകരാക്കി പല ചുമതലകളും ഏല്പിച്ചുകൊടുത്തു. 1984 -ലെ മത്സ്യത്തൊഴിലാളി സമരവും, സിസ്റ്റർ ഫിലമിൻ മേരിയുടെ 23 ദിവസത്തെ ഉപവാസവും, പിന്നീട് ഉണ്ടായ ഉപവാസ സമരങ്ങളും മത്സ്യത്തൊഴിലാളി സമൂഹത്തിന് ഒത്തിരിയേറെ നേട്ടങ്ങൾ ഗവൺമെന്റിൽ നിന്ന് നേടിയെടുക്കുവാൻ സഹായകമായി.

സിസ്റ്റേഴ്സിന്റെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഇടപെടലുകൾ മാമ്പള്ളി മുതൽ പെരുമാതുറ വരെ കേന്ദ്രീകരിച്ചായിരുന്നു. എങ്കിലും മറ്റ് തീരദേശ ജില്ലകളിലും, ദേശീയ തലത്തിലും ആവശ്യാനുസരണം പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ ജനകീയ പോരാട്ടങ്ങളിൽ ദേശീയവും അന്തർദ്ദേശിയവുമായി പങ്കെടുക്കുവാനും സാധിച്ചു. പരിപൂർണ്ണ ആരോഗ്യം സാധ്യമാകണമെങ്കിൽ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, കുടിവെള്ളം, വീട്, കക്കൂസ്, വിദ്യാഭ്യാസം എന്നിവ എല്ലാവർക്കും ലഭ്യമാകണം. ജനശക്തി വളർത്തിയെടുത്താൽ മാത്രമെ ഇത് സാധ്യമാകൂ എന്ന് മനസ്സിലാക്കി ഇങ്ങനെ ചിന്തിക്കുന്ന മറ്റ് പ്രസ്ഥാനങ്ങളുമായി, പ്രത്യേകമായി മത്സ്യത്തൊഴിലാളി ഫെഡറേഷൻ, സംസ്ഥാനതലത്തിലും, ദേശീയ തലത്തിലുമുള്ള മറ്റ് തൊഴിലാളി പ്രസ്ഥാനങ്ങൾ ഒന്നിച്ചുചേർന്ന് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾക്കായി

സമരങ്ങൾ നടത്തി പല ആവശ്യങ്ങളും നേടിയെടുത്തു. വീടുകൾ വയ്ക്കാനും, ശുദ്ധ ജലത്തിനും, കക്കൂസ് നിർമ്മാണത്തിനും അഞ്ചുതെങ്ങ് പഞ്ചായത്തും, പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈസേഷനു (PCO) മായി സഹകരിച്ചു പ്രവർത്തിച്ചു. സ്ഥലമില്ലാത്തവർക്കായി ഒരു പൊതുകക്കൂസും നിർമ്മിക്കുവാൻ സാധിച്ചു.

1989 മുതൽ തിരുവനന്തപുരം രൂപതയിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണം ആരംഭിച്ചപ്പോൾ അഞ്ചുതെങ്ങ് ഫൊറോനയുടെ നേതൃത്വം സിസ്റ്റേഴ്സ് ഏറ്റെടുത്തു. 1991-ൽ HIV/AIDS പ്രവർത്തനവും മദ്യം -മയക്കുമരുന്ന് വിരുദ്ധ സംരംഭവും ,1999-ൽ 'Crisis Management Centre' -ഉം തിരുവനന്തപുരത്ത് ആരംഭിച്ചു. 15 വർഷങ്ങൾ സിസ്റ്റർ. ആലീസ് മൈലാടി ചിറയിൻകീഴ് ഗവ. താലൂക്ക് ആശുപത്രിയിൽ സേവനം ചെയ്തു. ഇത് തീരദേശവാസികൾക്ക് അവിടുത്തെ സേവനങ്ങൾ ലഭിക്കുവാൻ ഏറെ അനുഗ്രഹമായി. മറ്റൊരു സിസ്റ്റർ സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനായി TSSS-ൽ നാല് വർഷം സേവനമനുഷ്ഠിച്ചു. സിസ്റ്റേഴ്സിന്റെ അഭാവംമൂലം ഈ സംരംഭങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നു. 2010-ൽ പൂത്തുറയിലെ സന്യാസഭവനം രൂപതയ്ക്ക് (TSSS) കൈമാറി. സിസ്റ്റർ. ലൂസി 2012 മുതൽ 2023 വരെ ഗവ. പാലിയേറ്റീവ് കെയർ നേഴ്സായി അഞ്ചുതെങ്ങ് പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചു. മാമ്പള്ളി ഇടവക പ്രവർത്തനവും, സാമൂഹിക പ്രവർത്തനങ്ങളും, സ്കൂൾ -കോളേജ് കൗൺസിലിങ്ങും സിസ്റ്റേഴ്സ് തുടർന്നു വരുന്നു.

യേശുവിന്റെ സൗഖ്യദായക ദൗത്യത്തിൽ സഭയുടെ നിയമാവലിയ്ക്കനുസൃതമായി അടിച്ചമർത്തപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പക്ഷംചേരാനുള്ള ആഹ്വാനം ഇവിടെ മത്സ്യതൊഴിലാളികളോടൊത്തുള്ള ജീവിതംകൊണ്ട് ഞങ്ങൾക്ക് സാധ്യമായി. ജീവിത യാഥാർഥ്യങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ബൈബിൾ വിചിന്തനങ്ങളും, ജനത്തോടൊരുമിച്ചുള്ള അർത്ഥവത്തായ ആഘോഷങ്ങളും ഞങ്ങളുടെ വിശ്വാസത്തെയും, സന്യാസ ജീവിതദർശനങ്ങളെയും ആഴപ്പെടുത്താനും അർത്ഥ പൂർണ്ണമാക്കാനും സഹായകമാക്കുന്നു. ഞങ്ങളുടെ സന്യാസ സമൂഹം ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ 50 വർഷങ്ങളായുള്ള ഞങ്ങളുടെ പ്രവർത്തന മേഖലയെ സംബന്ധിച്ചിടത്തോളം ഏറെ അനുഗ്രഹത്തിന്റെ നിമിഷങ്ങളാണ്. ഞങ്ങളോടൊപ്പം നടന്ന് ഞങ്ങളുടെ ജീവിതത്തെയും സേവനത്തെയും അർത്ഥവത്താക്കാനും, ഫലദായകമാക്കാനും പരിശ്രമിച്ച ഏവരെയും, ജീവിച്ചിരിക്കുന്നവരെയും, ദൈവസന്നിധിയിലേയ്ക്ക് കടന്നു പോയവരെയും ഏറെ നന്ദിപൂർവം സ്മരിക്കുന്നു. പൗലോസ് ശ്ലീഹായോടൊപ്പം ഞങ്ങളും ദൈവത്തിന് കൃതജ്ഞതാ സ്തോത്രങ്ങൾ അർപ്പിക്കുന്നു. ''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു''. (Rom. 8: 28)

■

## രണ്ടുകവിതകൾ

ഫിലോമിന ജോയി



### അഴക്

മാനത്തെ മഴവില്ലിനേഴഴക്
മഴവില്ലിനഴകേകിയ താതന്
നൂറഴക്
മഴവില്ലിനഴകോടു ചേർന്നുനിന്നാൽ
കുഞ്ഞേ നിനക്കും ഏഴഴക്
ഹൃത്തടം താതനിൽ അർപ്പിക്കുകിൽ
മുത്തേ...
നിനക്കും നൂറഴക്

### വീതം

വീതിച്ചു നൽകുമ്പോൾ
വീതം കുറഞ്ഞാലും
വിലയുള്ള വീതം
മടിയാതെ നൽകണേ
ചോദിപ്പു ഞാൻ നിന്റെ
പാവനാത്മവേ...

# കാനോൻ നിയമം
# 'രോഗീലേപനം'
# കൂദാശ സ്വീകരിക്കാൻ വേണ്ട യോഗ്യത

ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

കൂദാശകൾ സ്വീകരിക്കുമ്പോൾ അവ സ്വീകരിക്കാൻ അനുയോജ്യമായ യോഗ്യതകളും സഭ ആവശ്യപ്പെടുന്നുണ്ട്. അടുത്തകാലംവരെയും രോഗീലേപന കൂദാശയെ അന്ത്യകൂദാശ എന്നാണ് വിളിച്ചിരുന്നത്. 1917-ലെ കാനോൻ നിയമസംഹിത (CIC 1917) ഈ കൂദാശയെ മരണാസന്നർക്കുള്ള കൂദാശ എന്നാണ് വിളിച്ചിരുന്നത്. എന്നാൽ 1983-ലെ കാനോൻ നിയമ സംഹിത (CIC) ഈ കൂദാശയെ രോഗീലേപനം (Anointing of the Sick) എന്ന് വിശേഷിപ്പിക്കുന്നു.

CIC 1004-1007, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 1514-1515, രോഗീലേപന കർമ്മക്രമം (OUI) 815 എന്നിവയാണ് രോഗീലേപനത്തിന്റെ സ്വീകർത്താക്കൾ ആരൊക്കെയാണെന്ന് വിവരിക്കുന്നത്. അതനുസരിച്ച് രണ്ടുതരം യോഗ്യതയുള്ളവർക്ക് അഥവാ രണ്ടുതരം വിശ്വാസികൾക്ക് രോഗീലേപനം സ്വീകരിക്കാനാകും:

1.തിരിച്ചറിവ് / ആലോചനാശക്തി പ്രാപിച്ചശേഷം ഗുരുതരമായ രോഗാവസ്ഥയിലെത്തിയ വിശ്വാസി.

2.വാർദ്ധക്യത്താൽ ആരോഗ്യത്തിന് ഗുരുതരമായ കോട്ടംവന്ന വിശ്വാസി.

രോഗീലേപനത്തിന്റെ സ്വീകർത്താക്കളെക്കുറിച്ച് പറയുന്ന ഭാഗം ഈ കൂദാശ സ്വീകരിക്കാൻ പാടില്ലാത്തവരെക്കുറിച്ചും പ്രത്യക്ഷമായും പരോക്ഷമായും പറയുന്നു. അതനുസരിച്ച് രണ്ടുതരം വിശ്വാസികൾ രോഗീലേപനം സ്വീകരിക്കുന്നതിൽനിന്നും പ്രത്യക്ഷമായി വിലക്കപ്പെട്ടിരിക്കുന്നു:

1. മരണമടഞ്ഞ വിശ്വാസി (OUI 15)
2. പരസ്യവും മാരകവുമായ പാപത്തിൽ കഠിനഹൃദയത്തോടെ / ദൃഢചിത്തതയോടെ തുടരുന്ന വിശ്വാസി (OUI 15, CIC 1007)

OUI 12, CIC 1004 എന്നിവ രോഗീലേപനം സ്വീകരിക്കുന്നതിൽനിന്നും വിശ്വാസികളെ പരോക്ഷമായി വിലക്കുന്നു. അതനുസരിച്ച്, തിരിച്ചറിവ്/ആലോചനാശക്തി പ്രാപിച്ചിട്ടില്ലാത്ത കുട്ടികൾക്കും ആലോചനാശക്തി പ്രാപിച്ചിട്ടാത്തവർക്കും രോഗീലേപനം നല്കാൻ പാടില്ലാത്തതാകുന്നു.



ലേഖനം



# ഖാദർ കമ്മിറ്റി റിപ്പോർട്ടും സ്കൂൾ വിദ്യാഭ്യാസ മേഖല ഏകീകരണവും

എം. വി. ഇന്ദുലാൽ



കേരളത്തിലെ 12-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട വിദഗ്ധ സമിതിയാണ് ഖാദർ കമ്മിറ്റി. ഡോ.എം.എ.ഖാദർ ചെയർമാനും ജി.ജ്യോതിചൂഡൻ, ഡോ.സി.രാമകൃഷ്ണൻ എന്നിവർ അംഗങ്ങളുമായിട്ടാണ് സമിതി രൂപീകരിക്കപ്പെട്ടത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഏകീകരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നതായിരുന്നു സമിതിയുടെ പ്രവർത്തനമേഖലയായി നിർണ്ണയിക്കപ്പെട്ടത്.

സ്കൂൾ പഠനതലങ്ങളിലെ ഏകീകരണത്തിനും, പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസരംഗത്ത് കാലികമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഗവൺമെൻറ് കമ്മിഷനോട് ആവശ്യപ്പെട്ടിരുന്നു. പ്രൈമറി വിദ്യാഭ്യാസരംഗത്ത് കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി മുപ്പതു വർഷങ്ങൾക്കുമുമ്പ് അവതരിപ്പിച്ച DPEP പദ്ധതി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി എത്ര ഭയാനകമായിരുന്നു എന്ന് നമുക്കറിയാം. സാക്ഷരരായ നിരക്ഷരരുടെ ഒരു തലമുറ സൃഷ്ടിക്കപ്പെട്ടു എന്നതായിരുന്നു DPEP നടപ്പിലാക്കിയതിലൂടെ സംഭവിച്ചത് എന്ന് പൊതുസമൂഹം സമ്മതിക്കുന്നു. അക്ഷരങ്ങൾ തെറ്റുകൂടാതെ എഴുതാനാവാത്ത, പ്രാഥമികഗണിതത്തിൽ അടിസ്ഥാനമില്ലാത്ത കുട്ടികളുടെ ഭാവിയെ ഓർത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ര



സ്താവന മുൻപ് നടന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ നേർസാക്ഷ്യം തന്നെ. ഗുരുതരമായ നിലവാരത്തകർച്ചയിൽനിന്ന് കരകയറാനായി ക്ലാസ് അടിസ്ഥാനത്തിൽ മിനിമം പാസ്മാർക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചതും പാഠാവലിയിൽ അക്ഷരമാല വീണ്ടും ഉൾച്ചേർക്കാൻ നിർദ്ദേശിക്കപ്പെട്ടതും ഈ തകർച്ചയിൽനിന്നും കരകയറാനുള്ള പരിശ്രമങ്ങളുടെ തുടക്കമായി കരുതാം.

അടിസ്ഥാന വിദ്യാഭ്യാസത്തിന് വേണ്ടത്ര ഊന്നൽ നൽകാതെ, അതിന്റെ ബാലപാഠങ്ങൾ മറക്കാൻ ശ്രമിച്ചതാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ പിന്നാക്കം പോയതിനു കാരണം. ഇതു മനസ്സിലാക്കാൻ ഈ വൈകിയ വേളയിലെങ്കിലും വിദ്യാഭ്യാസ വിചക്ഷണന്മാർക്കു സാധ്യമായോ എന്ന കാര്യത്തിലും സംശയമുണ്ട്. 2009 ലെ കേന്ദ്രവിദ്യാഭ്യാസാവകാശ നിയമം ഘടനാപരമായ മാറ്റങ്ങൾ ശുപാർശ ചെയ്യുകയുണ്ടായി. ലോവർ പ്രൈമറി വിഭാഗം 1-5 വരെയും അപ്പർപ്രൈമറി 6-8 വരെയുമാക്കി മാറ്റണം എന്ന നിർദ്ദേശം ഖാദർ കമ്മിഷൻ റിപ്പോർട്ട് കണ്ടതായി തോന്നുന്നില്ല. വിദ്യാഭ്യാസം ഭരണഘടനയുടെ കൺകറൻറ് ലിസ്റ്റിൽ പെടുന്നതിനാൽ സംസ്ഥാനത്തിന് സൗകര്യപ്രദവും പ്രായോഗികവുമായ രീതിയിൽ കേന്ദ്രനയം അതേപടി നടപ്പിലാക്കേണ്ടതില്ല എന്നാണ് വിവിധ തലങ്ങളുടെ ഏകീകരണത്തെ സംബന്ധിച്ച് ഖാദർ കമ്മിഷന്റെ വാദം. കേന്ദ്രനയമനുസരിച്ച് വിവിധ തലങ്ങളുടെ പുനരേകീകരണത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന അധിക തസ്തികകളും അടിസ്ഥാനസൗകര്യങ്ങളും വരുത്തിവയ്ക്കുന്ന സാമ്പത്തിക ഭാരമാണ് കേന്ദ്രവിദ്യാഭ്യാസനയത്തിൽ വെള്ളം ചേർക്കാൻ സംസ്ഥാനസർക്കാരിനെ പ്രേരിപ്പിക്കുന്നതും സംസ്ഥാനസർക്കാരിന്റെ ഇംഗിതമനുസരിച്ച് മുന്നോട്ടു പോയ കമ്മിഷൻ ചെയ്തതും.

സാമ്പത്തികലാഭം മുന്നിൽകണ്ട് വിവിധ തസ്തികകൾ വെട്ടിക്കുറച്ച് മുന്നോട്ടു പോകാനുള്ള നയം ഗുണത്തെക്കാളേറെ വിദ്യാഭ്യാസമേഖലക്ക് ദോഷം വരുത്തിവയ്ക്കും. വിദ്യാഭ്യാസത്തിന്റെ പ്രഥമലക്ഷ്യംതന്നെ വൈവിധ്യാധിഷ്ഠിതമായ സംസ്കാരവും സാമൂഹ്യചുറ്റുപാടും സൃഷ്ടിച്ച് ഒരു നവലോകസങ്കല്പം വളർത്തിയെടുക്കുക എന്നതാണല്ലോ. സ്കൂളുകളിലെ ഘടനാപരമായ മാറ്റം താഴേത്തട്ടിൽ മാത്രം കൊണ്ടുവരുന്നതുമൂലം വിദ്യാഭ്യാസം കച്ചവടവൽക്കരിക്കപ്പെടാനിടയാകും. നാടിന്റെ അഭിമാനമായി വിദ്യാഭ്യാസമേഖല തലയെടുപ്പോടുകൂടി നിൽക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന എയ്ഡഡ് വിദ്യാലയങ്ങളുടെ നിലനിൽപ്പിന് കമ്മിഷന്റെ നിർദ്ദേശങ്ങൾ ഭീഷണിയാണ്. അധികാരവികേന്ദ്രീകരണത്തിലൂടെയും സ്വയംഭരണത്തിനുള്ള അധികാരങ്ങൾ നൽകിയും ഓരോഘടകങ്ങളെയും ശാക്തീകരിക്കുക എന്നത് പൊതുതത്വമാണ്. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ സെക്കണ്ടറി, ഹയർ സെക്കണ്ടറി രംഗം ശക്തമായി മുന്നോട്ടുകൊണ്ടു പോകാനാകുന്നതേയുള്ളൂ. നിക്ഷിപ്ത താല്പര്യത്തോടെയുള്ള സെക്കണ്ടറി, ഹയർസെക്കണ്ടറി മേഖലകളുടെ ലയനം രണ്ടുമേഖലകളുടെയും നിലവാരത്തകർച്ചക്ക് മാത്രമേ പര്യാപ്തമാകൂ. എയ്ഡഡ് വിദ്യാലയങ്ങൾ വിശേഷിച്ചും ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്ന് രാജ്യത്ത് നിരവധി വെല്ലുവിളികൾ നേരിടുന്നു. വിദ്യാലയ രാഷ്ട്രീയത്തിലൂടെയും സാമൂഹ്യ ചേരിതിരിവുകളിലൂടെയും എയ്ഡഡ് വിദ്യാലയങ്ങളെ തങ്ങളുടെ വരുതിയിലാക്കാൻ രാഷ്ട്രീയ കക്ഷികൾ നടത്തുന്ന പകിടകളികൾ സമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്.

ഏതൊരു വിദ്യാഭ്യാസ കമ്മീഷനിലും പുരോഗമന നവീന-കാലിക ആശയസമ്പത്ത് ഉണ്ടാകേണ്ടത് ആ മേഖലയെ ശക്തിപ്പെടുത്താനും മുന്നോട്ടു നയിക്കാനും ആവശ്യമാണ്. ഇവിടെ പൊതുവിദ്യാഭ്യാസത്തിന്റെ നെടുംതൂണായ പ്രൈമറി - ഹൈസ്കൂൾ - ഹയർ സെക്കണ്ടറി വിഭാഗങ്ങളെ ഏകീകരിക്കുമ്പോൾ >>>>>>>> പേജ് 28

കഥ

# മരമ്പിടിക്കാരൻ

പ്രവീൺ പി.

തീരത്തെ ഓരോ കട്ടമരത്തിലെയും നടുക്കട്ടിയിലെ വിടവുകുഴിക്ക് പറയുവാനുണ്ടാകും ആ നാട്ടിലെ മരമ്പിടിക്കാരുടെ കഥ. ആരോ വിരിച്ചിട്ട ചീലയിൽ തീരത്തുറങ്ങുന്ന തമ്പാളിമാർക്ക് അന്നത്തെ ആനിയാടിയിലെ കടലിന്റെ ഓങ്ങിയടിച്ചെത്തം കലിയൊന്നും കൊടുത്തില്ല. മൺസൂൺ കാലത്തെക്കണ്ട് മലക്കം മറിഞ്ഞ് നിൽക്കാനൊന്നും വലക്കാരന് നേരമില്ല. വള്ളക്കാരൻപദവി അയാൾക്ക് കൊടുത്ത ഉയർച്ച ആനിയാടിക്കാലത്ത് മുട്ടാങ്ക് ചേരുമ്പോൾ മായാതിരുന്നാൽ മതി. ട്രോൾ വല, ഒമല്, കയർ ഒക്കെ ഓടിനടന്ന് വാങ്ങിവെക്കാൻ വലക്കാരൻ തന്നെ പോകണം അല്ലെങ്കിൽ മേലാപ്പുറത്തെ കടക്കാരൻ മൊണ്ടിച്ചാര് സാധനം കടമായി തരില്ല . മുറുക്കാൻ കടയിലെ മേരി ആത്തക്ക് ഉടമസ്ഥൻതന്നെ പോയില്ലെങ്കിലും പരാതിയില്ല. വലക്കാരന്റെ മക്കളോ പെണ്ടാട്ടിയോ ആരെങ്കിലും പോയി മുറുക്കാൻ വാങ്ങി വെച്ചോളും.

അതിരാവിലെ കാക്ക കരയിണ നേരം പുട്ട് മെറ്റിലിന്റെ കടയിൽ കിട്ടുന്ന ചൂട് പുട്ടും കളിയും കഴിച്ച് കട്ടമരത്തിനടുത്ത് ചെന്നതിന് ശേഷം മാത്രമാണ് മരമ്പിടിക്കാരന്റെ ജോലി തുടങ്ങുക. നാലുകഷ്ണം മരവും രണ്ട് കഷ്ണം കടിയായും ചേർത്തുകെട്ടി ഒമലിന്റെ പുറത്ത് വലയും അതിന് മുകളിൽ തുഴവയും വച്ച് മണ്ണിൽ കുഴിയെടുത്ത് മരത്തിനടിയിലൂടെ നടുക്കട്ടിയിലെ വിടവിൽ കയർ കേറ്റി തൊരത്തിൽ ചവിട്ടി മരമ്പിടിക്കാരൻ ആറുപ്രാവശ്യം മുറുക്കി കെട്ടുമ്പോൾ ഉടമസ്ഥന്റെ ഇളയ മകൻ കയർ ഉയർത്തി സഹായിക്കാനുണ്ട്. കട്ടമരത്തിന്റെ തലമരം അയാൾ കെട്ടിപ്പിടിച്ചുയർത്തുമ്പോൾ





മറ്റേയറ്റത്ത് കടമരം വലക്കാരനും മകനുമായി ഉരുളയിട്ട് വലിക്കുന്നു. ഒരുതുള്ളി കടൽവെള്ളം നെറ്റിയിൽ തൊട്ട് ഷർട്ടും ലുങ്കിയും ഊരിച്ചുരുട്ടി ഉണ്ടക്കെട്ടാക്കി കരയിലേക്കയാൾ എറിഞ്ഞിട്ടു.

ഉരുളയെ തിട്ടയുടെ മുകളിൽ ചവിട്ടിക്കയറ്റി വെച്ച് കക്ഷത്തിൽ അയാളുടെ ഉണ്ടക്കെട്ടാക്കിയ തുണി ഇറുക്കിപ്പിടിച്ച് ടിക്കറ്റ് എടുക്കാതെ കടലിലെ ഈ സിനിമ കാണാൻ സ്ഥലം കണ്ടെത്തിച്ചെന്നിരിക്കാൻ മരമ്പിടിക്കാരൻ കുട്ടിയോട് പറഞ്ഞു. റോസാപ്പൂവിന്റെ ഇതളുകൾപോലെ ഒന്നിനുപുറകിലൊന്നായി ആനിയാടിക്കടൽ വീഴുമ്പോൾ ഒഴുക്കിൽപ്പെട്ട് വരിവരിയായി പോകുന്ന ഉറുമ്പുകൾ പോലെയാണിവരെന്ന് വരിവരിയായി മുൻപോട്ട് പോകുന്ന അപ്പനെയും കട്ടമരത്തെയും അയാളെയും കുട്ടി ഉപമിച്ചു.

വയലിലെ കാളപോലെ പൂട്ട്കമ്പ കയ്യിൽചുറ്റി ഉടമസ്ഥൻ മുന്നിൽ നീന്തുമ്പോൾ നടുവിൽ കലപ്പയാകുന്ന കട്ടമരം കമഴ്ത്തിവെച്ച് പുറകിൽ കർഷകന് തുല്യം കടിയായില് പിടിച്ച് മരമ്പിടിക്കാരൻ തള്ളുന്നു. വയലിൽ മുന്നിലെ കാളയ്ക്കാണ് ഭാരമെങ്കിൽ മീൻ നിറഞ്ഞ ഈ കടൽവയലിൽ പുറകിലെ അയാളുടെ കയ്യിലാണ് കട്ടമരത്തിന്റെ ഭാരം. മരമ്പിടിക്കാരൻ തന്റെ കാലിലെ പെരുവിരലുകൾ മണ്ണിൽ താഴ്ത്തി കടിയായില് പിടിച്ച് കട്ടമരം മുന്നിലേക്ക് തള്ളുന്നത് കടലിലെ വെട്ട് താണ്ടി എന്തെങ്കിലും സമ്പാദ്യം ഉണ്ടാക്കാൻ പോകുന്ന വലക്കാരനെ ഉള്ളിലേക്ക് അയക്കാനാണ്.

വന്ന വഴിയിലയാൾ പുട്ടും കളിയും വാങ്ങി വിരകിത്തിന്നത് ഭാരം തള്ളുമ്പോൾ കിട്ടുന്ന കടലിന്റെ ഓങ്ങിയടി താങ്ങാനായിരിക്കും. ഏറെ പണിപ്പെട്ടയാൾ കട്ടമരത്തെ കടലിന്റെ വെട്ട് താണ്ടി എത്തിച്ചുകൊടുത്തപ്പോൾ മലർത്തിയ കട്ടമരത്തിലെ വരിഞ്ഞ കയറിൽനിന്നും തുഴയെടുത്ത് വലക്കാരൻ തുഴയാൻ തുടങ്ങി. കട്ടമരത്തിന്റെ നടുക്കട്ടി മരമ്പിടിക്കാരന്റെ നട്ടെല്ല് പോലെയും തൊരങ്ങൾ അവന്റെ കരങ്ങൾ പോലെയുമാണ്. കടലടിയേറ്റ് അതിൽ ചീള് ഉപയോഗിക്കേണ്ടി വന്നാൽ പോകുന്നത് അയാളുടെ അഭിമാനവുംകൂടിയാണ്.

അപ്പന്റെ കയ്യിലെ തുഴയിൽ നോക്കി ആടിക്കളിക്കുന്ന കണ്ണായ മകന്റെ കണ്ണുകളിലേക്കയാൾ നോക്കി. മൺതിട്ടയിൽ ചവിട്ടിക്കയറി കക്ഷത്ത് നിന്നും ഉണ്ടക്കെട്ട് വലിച്ചെടുത്തിട്ടും കുട്ടിക്ക് യാതൊരനക്കവുമില്ല. ഇത്രയൊക്കെ ചെയ്ത തന്നെയല്ല അപ്പന്റെ തുഴവയിലാണ് കുട്ടിയുടെ ശ്രദ്ധ പതിഞ്ഞതെന്ന് പരാതി പറഞ്ഞ് നനഞ്ഞ മണ്ണിലൂടെ പൊഴിയിൽ കുളിക്കാനയാൾ നടന്നു തുടങ്ങിയപ്പോൾ മുൻപിൽ ചീല വീശി ആരോ വിളിക്കുന്നു. അയാളുടെ ഉണ്ടക്കെട്ട് വച്ചിരിക്കുവാനവിടെ ആളുണ്ടാകുമോയെന്നറിയില്ല. ■




ലേഖനം




# പാലപ്പൂര്: ഇടവക ചരിത്രം

എൻ. ശശിധരൻ
(സെന്റ്. ലിറ്റിൽ ഫ്ലവർ ബി.സി.സി)



പാലപ്പൂവിന്റെ നാടെന്നും, കല്ലുവിളത്തേരിയെന്നും, പാറയിൽ വിളയെന്നും വിളിച്ചിരുന്ന ഈ പ്രദേശം ഇന്ന് പാലപ്പൂര് എന്നാണ് അറിയപ്പെടുന്നത്. വിശ്വാസ പ്രചാരണ തിരുസംഘത്തിന്റെ അഥവാ Propaganda fidae-യുടെ കീഴിൽ പഴയകാല തിരുവിതാംകൂർ-കൊച്ചി എന്നീ നാട്ടുരാജ്യത്തിൽ ഉടനീളമുണ്ടായ കർമ്മലീത്താ മിഷന്റെ മഹത്തായ വേദപ്രചരണത്താൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവ സമൂഹമാണ് പാലപ്പൂര് ഉണ്ടായ വിശ്വാസികളുടെ ആദ്യ ക്രൈസ്തവ സമൂഹം. ഈ പ്രദേശത്ത് 1916 ൽ ഒരു ഓലമേഞ്ഞ പള്ളിയുണ്ടായിരുന്നു. അന്ന് വളരെക്കുറച്ച് ആളുകൾമാത്രമുള്ള പള്ളിയിൽ ആദ്യമായി 173 പേർക്ക് സമൂഹസ്നാനം നടത്തിയതായി രേഖയുണ്ട്. പുതിയ പള്ളിയുടെ സ്ഥാപനം 1924 ൽ Ecclesia Saecrucis Cruzmala (വിശുദ്ധ കുരിശിന്റെ ദൈവാലയം - കുരിശുമല) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

## പ്രധാന പ്രവർത്തനങ്ങൾ

1924 ൽ പൂർത്തിയായ പള്ളിയുടെ നിർമ്മാണം നേരത്തെ തുടങ്ങുകയും ഫാ.സേവ്യർ, ഫാ.മൈക്കിൾ ക്രൂസ് എന്നിവരുടെ കാലത്ത് പൂർത്തീകരിക്കുകയും ചെയ്തു. 1952 മുതൽ 1955 വരെ ഇടവക വികാരിയായിരുന്ന ഫാ.സെറ്റലസ് ഫോർ പള്ളിയിൽ വന്നെ

ത്താൻ നേർവഴിയില്ലാതിരുന്ന കാലത്ത് പൗലോസ് നാരായൻ, എ.പി.ലോറൻസ് എന്നിവരെക്കൂട്ടി പാച്ചല്ലൂർ ശങ്കരപിള്ളയെ ചെന്നു കാണുകയും ഇന്ന് കാണുന്ന കുരിശടിമുതൽ പള്ളിവരെ ഒരു റോഡ് വെട്ടാൻ അവസരം ഉണ്ടാക്കുകയും ചെയ്തു.

1959 - 1970 വരെ ഇടവക വികാരിയായിരുന്ന വെൻസസ് ലാവോസ് അച്ചന്റെ കാലത്ത് പള്ളി മണി, ഉരുക്കു സക്രാരി എന്നിവ സ്ഥാപിച്ചു. സ്കൂളിന് ഒരു പുതിയ കെട്ടിടം പണിയുകയും, ഇന്ന് കാണുന്ന കുരിശടി മത്യാസ് (ശിവശങ്കരനാടാർ) പൂങ്കുളം വി.പി. ജോസ് എന്നിവരുടെ നേതൃത്വത്തിൽ കുരിശടി സ്ഥാപിക്കപ്പെട്ടു.

വളരെ കുറച്ചുകാലം സേവനം അനുഷ്ഠിച്ച (1890-90) രാജു ബി.സെൽവരാജ് അച്ചന്റെ കാലത്ത് പണികഴിപ്പിക്കുകയും പാലപ്പൂര് പ്രദേശത്ത് വീടുവിടാന്തരം ചെന്ന് കുട്ടികളെ സംഘടിപ്പിച്ച് നഴ്സറി സ്കൂൾ തുടങ്ങുകയും ചെയ്തു. ഇടവകയിലെ പെൺകുട്ടികളെ കല്യാണംകഴിച്ച് പള്ളിയിൽ വരാത്ത ഹിന്ദുക്കളായ പലരെയും ചെന്നുകണ്ട് അവരെ പള്ളിയിൽ കൊണ്ടുവരാൻ നേതൃത്വം നൽകി.

1989 മുതൽ 2002 വരെ ഇടവക വികാരി ആയിരുന്ന ഫാ.ജോസഫ് തണ്ണിക്കോട്ടിന്റെ കാലത്ത് പള്ളിയുടെ മേൽക്കൂര മാറ്റി ട്രസ്റ്റ് വർക്ക് ചെയ്ത് ഷീറ്റിട്ടു. ലീജിയൻ അംഗങ്ങളുടെ സഹകരണത്തോടെ ഒരു ഗ്രോട്ടോ പണികഴിപ്പിച്ചു. പള്ളിയ്ക്ക് ഒരു പുതിയ മേട പണിയാൻ ഫാ.ജോസഫ് വള്ളിപ്പാലം (2006-2008) ശ്രമിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തു.

പാലപ്പൂര് സ്ഥലപരിമിതി കാരണം ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് പൂങ്കുളത്ത് കോൺവെൻറ് സ്ഥാപിക്കുകയും ചെയ്തു. ഇടവകയുടെ സമഗ്രമായ വികസനത്തിനും ഇടവകയുടെ കീഴിലെ നെല്ലിയോട്, പൂങ്കുളം, ആഴാകുളം എന്നിവിടങ്ങിലെ പ്രവർത്തനങ്ങളും ഏറ്റെടുത്തു. പാലപ്പൂര് ഇടവകയിൽ പൂർണ്ണ സമയം സിസ്റ്റർമാരായി രണ്ട് പേരെ ചുമതലപ്പെടുത്തി. ഇന്നത്തെ പാലപ്പൂരിന്റെ എല്ലാ വികസനങ്ങളിലും അവരുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. മതബോധനം, യൂത്ത്, ഭവന സന്ദർശനം, ബി.സി.സി. പ്രവർത്തനം എന്നിവയിൽ നിരന്തരം വ്യാപൃതരാണ്.

1994 ൽ ഫാദർ നെപ്പോളിയൻ വികാരിയായി വന്നതുമുതൽ ദിവസവും രാവിലെ 5.20 ന് ജപമാലയും കരുണക്കൊന്തയും തുടർന്ന് ദിവ്യബലിയും ആരംഭിച്ചു. ഇപ്പോഴും തുടർന്നുവരുന്നു. ചൊവ്വാഴ്ച സെൻറ്. ആൻറണീസ് നൊവേനയും വെള്ളിയാഴ്ചകളിൽ വിശുദ്ധ കുരിശിന്റെ നൊവേനയും ശനിയാഴ്ചകളിൽ നിത്യസഹായ മാതാവിന്റെ നൊവേനയും മാസാദ്യ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 6 മണി മുതൽ ജപമാല ദിവ്യബലി ദിവ്യകാരുണ്യ ആരാധനയും വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും നടത്തിവരുന്നു.

ഇടവക അംഗവും ഇടവകിലെ ആദ്യ വൈദികനുമായ റവ. ഫാ. ജോണി കെ ലോറൻസ് 1994 ഏപ്രിൽ 12 ന് വൈദിക പട്ടം സ്വീകരിക്കുകയും ഇപ്പോൾ നെയ്യാറ്റിൻകര രൂപതയിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. ലീജൻ ഓഫ് മേരിയുടെ സംഭാവനയായി 2016 ൽ ഇന്നു കാണുന്ന ഗ്രോട്ടോ, മേൽക്കൂര എന്നിവ സ്ഥാപിച്ചു.

2022 ൽ ഇടവക വികാരിയായ ഫാ. ആൻഡ്രൂസ് എഫ് പള്ളിയുടെ മുകൾ ഭാഗത്ത് ഗോപുരങ്ങൾ നിർമ്മിക്കുകയും പള്ളിയുടെ മുകളിലെ ഈശോയുടെ പുതിയ രൂപം സ്ഥാപിക്കുകയും, പള്ളിക്കകം സീലിംഗ് വർക്കുകൾ ചെയ്യുകയും മേടയുടെ മുൻഭാഗം ഇൻറർലോക്ക് ചെയ്യുകയും അതുവഴി പള്ളിക്ക് ഒരു പുതിയ മുഖച്ഛായ ലഭിക്കുകയും ചെയ്തു.

ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും 2023 ലെ ഇടവക പെരുന്നാൾ ദിനത്തിൽ പുതിയ കുടുംബ രേഖ നൽകുകയുണ്ടായി. 2022 മുതലാണ് ഇടവക തിരുനാൾ പത്ത് ദിവത്തെ ആഘോഷങ്ങളാക്കിയത്. മഹാജൂബിലി വർഷത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ജൂബിലി ആഘോഷങ്ങൾക്ക് 2023 സെപ്റ്റംബർ 17 ന് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് തുടക്കം കുറിച്ചു.



വായന



# മറിയം: യേശുവിന്റെ അമ്മ

താര ഇഗ്നേഷ്യസ്
(അദ്ധ്യാപിക, സെന്റ്. തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, പൂന്തുറ)




കെ പി രമേഷ് എഴുതിയ 'ആവേ മരിയ' ഇഷ്ടംകൊണ്ട് വായിച്ചതല്ല, വായിക്കാനായി വായിച്ച പുസ്തകമാണ്. യേശുവിന്റെ അമ്മയായ മേരിയുടെ അർത്ഥതലങ്ങൾ പഠനവിധേയമാക്കിയതിന്റെ സൃഷ്ടി. ഒരുപക്ഷേ ഇത് വെറുമൊരു പുസ്തകം അല്ല എന്ന് നമുക്ക് പറയാൻ കഴിയും ഒരു പഠനപരിസമാപ്തിയിൽ ഉണ്ടായതാണ് 'ആവേ മരിയ'. ഓരോ അധ്യായവും ഒരായിരം ചോദ്യങ്ങൾ അവശേഷിപ്പിച്ചാണ് കടന്നുപോകുന്നത്. തുടർപഠനത്തിന് അവസരമുണ്ടെന്ന് പറഞ്ഞു കൊണ്ടേയിരിക്കുന്ന ഒരു ഡെസർട്ടേഷൻ വർക്ക്. ഇത്തരമൊരു പഠനത്തിന് കെ പി രമേശ് സജ്ജമായതും പഠനവിധേയമാക്കിയതുമായ പുസ്തക ശേഖരത്തിന്റെ ലിസ്റ്റും ഒപ്പം ചേർത്തു. ഒരു പക്ഷേ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നവ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളോ പഠനങ്ങളോ മാത്രമാകാം. മനുഷ്യൻ തന്റെ ബുദ്ധികൊണ്ടുമാത്രം ദൈവത്തെ, ദൈവപുത്രനെ, ദൈവമാതാവിനെ കാണാൻ ശ്രമിച്ചതിന്റെ പരിണിതഫലം.

സൂഫിസത്തിലെയും ബുദ്ധമതത്തിലെയും ഗ്രീക്ക് ഇതിഹാസത്തിലെയും വിശുദ്ധ സ്ത്രീകളുടെ ജീവിത താരതമ്യം വിശുദ്ധ മേരിയുമായി ബന്ധപ്പെടുത്തി വിവരിക്കുമ്പോൾ ഇതിൽ പറയപ്പെടുന്ന മേരി

ഏതോ കഥയിലെ വിശുദ്ധമേരിയായി മാറ്റപ്പെടുന്നുണ്ടെന്ന് കരുതണം. 12 അധ്യായങ്ങളിലായി മേരിയെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾ പലപ്പോഴും എഴുത്തുകാരൻ വിശ്വാസിയുടെ മനസ്സിൽ പരാജയപ്പെട്ടുപോകുന്നു. വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പ്, കെ പി അപ്പൻ, സി വി ബാലകൃഷ്ണൻ, എൻ എസ് മാധവൻ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, കെ എം വേണുഗോപാൽ തുടങ്ങി എഴുത്തുകാരുടെ ഒരു നീണ്ട നിരയെ അദ്ദേഹം ഈ പഠനത്തിനായി ആശ്രയിച്ചിരിക്കുന്നു. മനുഷ്യപുത്രനും ദൈവപുത്രനും ഒന്നാകുന്നത് എവിടെയെന്ന് അടിവരയിട്ട് കാണിക്കാൻ കെ പി രമേശ് വൃഥാ ശ്രമിച്ചിക്കുന്നതുപോലെ തോന്നിപ്പോയി പലപ്പോഴും. 'ക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവമായതുകൊണ്ട് മേരി ദൈവമാതാവ് എന്നറിയപ്പെട്ടു 'എന്നു പറഞ്ഞിട്ടുണ്ടെങ്കിലും ക്രിസ്തുവിന്റെ ദൈവികതയെമാറ്റി ഒരു മനുഷ്യനായ ക്രിസ്തുവിനെ ഇടയ്ക്കിടെ അവതരിപ്പിക്കുന്നതിലൂടെ ദൈവമാതാവ് ക്രിസ്തുവിന്റെ മാത്രം മാതാവായി മാറുന്നത് നമുക്ക് ഇതിൽ വായിച്ചെടുക്കാം. കന്യാമറിയത്തിന്റെ കരുണയും കരുതലും മാതൃത്വവും മദർ തെരേസയായും മഹാശ്വേത ദേവിയായും മയിലമ്മയായും ദയാബായിയായും പ്രത്യക്ഷപ്പെടുന്നത് കെ പി രമേശ് മാത്രം കാണുന്നു. ഇതിലെ ഔചിത്യം മനസ്സിലായിട്ടില്ല. മേരിയെത്തേടി ബൈബിളിലേക്ക് പ്രവേശിച്ചാൽ നമുക്ക് ഒന്നിലധികം മേരിമാരെ കണ്ടെത്താം (ആവേമരിയ പേജ് :43 )എന്ന് പറയുന്ന കെ പി രമേശിനെ ഒരു കഥയെഴുത്തുകാരനായി കാണാനേ കഴിയൂ. ഒടുവിൽ ഹവ്വ ചെയ്ത തെറ്റ് (ദൈവത്തെ ധിക്കരിച്ചത്) മറിയം ശരിയാക്കുന്നതായി (ദൈവത്തെ അനുസരിച്ചുകൊണ്ട്)



അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. അങ്ങനെ മറിയത്തെ രണ്ടാം ഹവ്വയായും അതിനാൽ തന്നെ ക്രിസ്തുവിനെ രണ്ടാമത്തെ ആദമായും കണക്കാക്കാൻ അദ്ദേഹം മുതിരുന്നു.

ഒരു വിശ്വാസിയുടെ കണ്ണിൽ കെ പി രമേശ് തോറ്റു തോറ്റ് അവസാനം വലിയൊരു തോൽവിയായി അവശേഷിക്കുന്നു. മറിയത്തെയും യേശുവിനെയും അതുപോലെത്തന്നെ ജോസഫിനെയും ഒക്കെ അദ്ദേഹത്തിന് കഥാപാത്രങ്ങളാക്കി മാറ്റാൻ കഴിഞ്ഞേക്കാം. സിദ്ധാർത്ഥൻ ബുദ്ധനായതുപോലെ യേശു ക്രിസ്തുവാകുന്നത് കെ പി രമേശ് ഏത് കണ്ണിലൂടെ കണ്ടു എന്ന് പറയാൻ ആവില്ല. ഒത്തിരിയേറെ പുസ്തകങ്ങളിൽനിന്ന് എടുത്തുചേർത്ത കുറെയേറെ വരികളിൽ അദ്ദേഹം തന്റെ സിദ്ധാന്തങ്ങളെ തെളിയിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.ഒരു പഠന പുസ്തകം എന്നതിലപ്പുറം ആവേമരിയയെ നോക്കിക്കാണാൻ കഴിയില്ല.

ദൈവപുത്രന് മനുഷ്യരൂപം പ്രാപിക്കാൻ ഭൂമിയിൽ പിറവികൊണ്ട തേജസ്വിയായ കന്യാമറിയത്തിന്റെ അർത്ഥതലങ്ങൾ അന്വേഷിച്ച് അത് വെറുമൊരു സ്ത്രീയായി പരിണമിപ്പിക്കുന്ന ആ സിദ്ധാന്തം ക്രിസ്തുവിനെയും മറിയത്തെയും മഹത്വീകരിച്ചുമാത്രം കണ്ടുശീലിച്ച ഒരു കത്തോലിക്ക കുടുംബത്തിന് ഉൾക്കൊള്ളാൻ ആവുന്നതല്ല എന്ന് കരുതണം.

**വാലറ്റം:**
നീ കണ്ടതുകൊണ്ട് വിശ്വസിച്ചു...
കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ...

■



ടാക്കീസ്

# ആൺതെമ്മാടിക്കൂട്ടം

സുനിൽ സി. ഇ.
കവി, നിരൂപകൻ




പുതിയ തലമുറയിൽ അയഞ്ഞിരിപ്പിന്റെ ഘടകാംശം ഉണ്ടോ എന്നത് താർക്കികരുടെ പതിവ് ആലോചനാവിഷയമല്ല. കൺസ്യൂമെറിസത്തിന്റെകാലത്തിലെ യുവത സ്വയമൊരു വസ്തുവായി പരിണമിക്കുന്നതിനെ ഇന്നത്തെ സിനിമ പലമട്ടിൽ ചിത്രീകരിക്കുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും മുന്തിയ ഉപഭോഗാസക്തി ഉള്ള സ്ഥലമാണ് കേരളം. പുതുമയെ തേടാനും വെല്ലുവിളികൾ ഏറ്റെടുക്കാനുമുള്ള മലയാളിയുടെ പ്രത്യേക താൽപര്യങ്ങളാണ് ഇത്തരം ഇഷ്ടങ്ങൾക്കു പിന്നിലുള്ളത്. കമ്പോളമാനവികതയുടെ നിർമ്മാതാക്കളായ തന്ത്രശാലികളാൽ ചലിപ്പിക്കപ്പെടുന്ന പാവരൂപങ്ങളായി പുതിയ യുവത മാറിയതിനെയാണ് വലിയൊരളവിൽ 'വാഴ' എന്ന സിനിമ അഡ്രസ് ചെയ്യുന്നത്. ജയജയ ജയഹേ, 'ഗുരുവായൂർ അമ്പല നടയിൽ' തുടങ്ങിയ ഹിറ്റ് സിനിമകൾ സംവിധാനം ചെയ്ത വിപിൻ ദാസാണ് വാഴയുടെ രചന നിർവ്വഹിച്ചിരിക്കുന്നത്. വാഴ എന്ന ശീർഷകത്തെ ഒരു പരിഹാസച്ചിരിയോടെയാണ് മലയാളികൾ ആദ്യം എതിരേറ്റത്. അതിന്റെ ഒരു കാരണം വാഴ എന്ന സസ്യത്തിന്റെ ഗുണമേന്മയെയും പുതിയ മക്കളുടെ ഗുണക്കുറവിനെയും സൂചിപ്പിക്കുന്ന ഒരു പ്രതീകാർത്ഥമാണ് വാഴ എന്നത്. വാഴയില മുതൽ വാഴപിണ്ടി വരെ ഗുണത്തികവുള്ള ഉല്പന്നങ്ങളാണ്. പക്ഷേ ഗുണവും മൂല്യവും കുറഞ്ഞ പുതിയ യുവതയെയും അവരുടെ സമകാലിക ജീവിതത്തെയും അവരുടെ കുസൃതികളെയും ഒക്കെ സൂചിപ്പിക്കാൻ വാഴ എന്ന പ്രയോഗത്തിന്റെ ധൂർത്തിന് പലപ്പോഴും സാധിച്ചിട്ടുണ്ട്.



നവാഗത സംവിധായകനായ ആനന്ദ് മേനോൻ വിരോധാഭാസങ്ങൾ തുളുമ്പുന്ന 'വാഴ' എന്ന ശീർഷകത്തിലൂടെ ചിരിപ്പിച്ചും കരയിപ്പിച്ചും ചിന്തിപ്പിച്ചും പ്രേക്ഷകരെ കൊണ്ടെത്തിക്കുന്നത് അയഞ്ഞകാലത്തിലെ യുവതയുടെ അതിർത്തിയില്ലാത്ത ആഘോഷങ്ങളിലേക്കും അതേ തുടർന്നുണ്ടാകുന്ന ആകുലതകളിലേക്കുമാണ്. നമ്മുടെ സമൂഹത്തിലെ ആൺതെമ്മാടിക്കൂട്ടങ്ങൾ വൈറലാകുന്നത് സോഷ്യൽ മീഡിയകളിലെ ഉള്ളടക്ക

നിർമ്മാണത്തിലൂടെയാണ്. ഏറ്റവും പുതിയ തലമുറയെ ചിരിയിൽ മുക്കിപ്പിടിക്കുന്ന വാഴ തൊണ്ണൂറുകളിലെ വൈകാരിക മുഹൂർത്തങ്ങളെ അനുസ്മരിപ്പിക്കുന്ന സീനുകളാൽ പഴയതലമുറയേയും സംതൃപ്തപ്പെടുത്തുന്നു. ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള പല സിനിമകളും ആണാഘോഷങ്ങളുടേതാണ്. നാം ജീവിക്കുന്ന കാലത്തിന്റെ ചുറ്റുപാടുകളിൽ തിങ്ങിപ്പരക്കുന്ന ചില നിത്യ കാഴ്ചകളിവയൊക്കെയാണ്.

1. മാതാപിതാക്കളുടെ ഇഷ്ടങ്ങൾക്കൊത്ത് വളർത്തുന്ന മക്കൾ.

2. മാതാപിതാക്കളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത മക്കൾ.

3. വീട്ടുകാർക്കില്ലാത്ത ആധിയുമായി സദാചാര മനസ്സോടെ അവരെ തിരുത്തുന്ന സമൂഹം.

ഇത്തരം ചരടുവലികളിലെ കരാളതയെ അതീവ ലാളിത്യത്തോടും ഋജുവായും പ്രകടമാക്കുകയെന്നതാണ് വാഴ എന്ന സിനിമയുടെ ലക്ഷ്യം. ഏറ്റവും പുതിയ യുവതയുടെ തലച്ചോറിൽ സമകാലിക അന്വേഷണത്തിന്റെ പരിക്രമങ്ങൾ ഉണ്ട് എന്നതിന്റെ സാക്ഷ്യമാണ് വിപിൻ ദാസിന്റെ രചനാരീതി. അതിൽ ഈ പുതിയ കാലം ശക്തമായ സാന്നിദ്ധ്യമായി മാറുന്നു. മനുഷ്യൻ എന്ന ജന്തുകുലത്തിലെ പുതിയ യുവതയുടെ ഉപഭോഗാസക്തിയുടെ മോഹജാലക്കിളികളെയാണ് അത്യാകാംക്ഷയോടെ വാഴ തുറന്നുകാട്ടുന്നത്. നാം ജീവിക്കുന്ന കാലത്തിന്റെ ആസന്നമായ ഉദ്ദേശ്യത്തെ ഉണർത്തി ഉളവാക്കാനാണ് സിനിമയുടെ രചയിതാവും സംവിധായകനും ശ്രമിച്ചിരിക്കുന്നത്.

സിനിമ ഒരു ദൃശ്യാഖ്യാനമെന്ന നിലയിൽ അതിലെ അപ്രാപ്യമായ കാര്യങ്ങൾക്കാണ് ഏറ്റവും മുന്തിയ സ്വാദുള്ളവയായി ഒരു സാധാരണ കാണി വില കൊടുക്കുന്നത്. വാഴ എന്ന സിനിമയിലേക്കു വരുമ്പോൾ അവിടെ അപ്രാപ്യമായ ദൃശ്യസ്വാദുകൾ ഒന്നും നാം കാണാനിടയില്ല. അതിന് ഒരു പ്രധാന കാരണം ഈ സിനിമയുടെ ടാഗ് ലൈൻ തന്നെയാണ്. "ബയോപിക് ഓഫ് എ ബില്യൺ ബോയ്സ്" ഈ ടാഗ് ലൈനിനും കാലത്തെ രേഖീകരിക്കാനാവുന്നുണ്ട്. ഒരേസമയം വീട്ടിലുള്ളവർക്കും ദേശവാസികൾക്കും തലവേദനയുടെ കൊമ്പുതീർക്കുന്ന ഒരു ഗ്യാങ്ങിനെ ചിത്രീകരിക്കുക വഴി ഒരു ആൺതെമ്മാടിക്കൂട്ടത്തിന്റെ വഴിവിട്ട അരാജക ജീവിതശൈലിയെയാണ് വാഴ നമുക്ക് പരിചിതപ്പെടുത്തുന്നത്. മലയാള ചലച്ചിത്രകലയിൽ തൊഴിലില്ലായ്മയെ ഒരുകാലത്ത് അഡ്രസ് ചെയ്ത ചിത്രങ്ങളായിരുന്നു റാംജി റാവ് സ്പീക്കിങ്ങും, നാടോടിക്കാറ്റുമൊക്കെ. അങ്ങനെ നോക്കുമ്പോൾ ഈ കാലഘട്ടത്തിന്റെ തൊഴിലില്ലായ്മയെ വേണ്ടവിധം ഗൗരവത്തിൽ നോക്കിക്കാണുന്ന ഒരു സിനിമ എന്ന നിലയ്ക്ക് വാഴയ്ക്ക് പ്രസക്തിയേറുന്നു. ഏറ്റവും പുതിയ യുവതയുടെ സ്വത്വപ്രതിസന്ധിയുടെ മറുപുറം തിരയാൻ ഇവിടെ സഹായിക്കുന്നത് സിനിമയിലെ സ്ത്രീ പ്രാതിനിധ്യമില്ലായ്മയാണ്. നമ്മുടെ യുവപുരുഷന്മാർക്ക് അനുയോജ്യമായ ഇണകളെ കിട്ടാത്തതിനു ഒരുകാരണം കുടുംബം പോറ്റാനുള്ള അവന്റെ ശേഷിക്കുറവാണെന്ന നിശബ്ദ വായനയും സിനിമയിലുണ്ട്. പരമ സാധുപ്രകൃതമുള്ള യുവാവായിട്ടാണ് വിപണിയുടെ കിരാതത്വം ഒളിച്ചുവരുന്നതെന്ന് 'വാഴ'യിലെ ആൺതെമ്മാടിക്കൂട്ടം വ്യക്തമാക്കിത്തരുകയാണ്. ഈ ശീർഷകം കാലം തന്നെയാണ്!

■

*(20-ാം പേജിൽ നിന്നും തുടർച്ച)* കൗമാരക്കാരുടെ മനശാസ്ത്രപരമായ വളർച്ചയെ ഏത് തലത്തിൽ പ്രതിനിധാനം ചെയ്യുന്നു എന്ന് ചിന്തിക്കണം. ഒരു കുട്ടിയുടെ മാനസികവും ശാരീരികവുമായ മാറ്റങ്ങൾ സംഭവിക്കുന്ന ബാല്യം, കൗമാരം എന്നീ രണ്ട് പ്രധാന ഘട്ടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ ഏകീകരണ പ്രക്രിയയിലൂടെ മറികടക്കാൻ സാധിക്കുമോ? ബാല്യത്തിൽ നേരിടേണ്ട കാര്യങ്ങൾ കൗമാരക്കാരന്റെ മാനസിക വളർച്ചയ്ക്ക് അനുഗുണമാകേണ്ട മാറ്റമാണോ? മറിച്ചും കൗമാരത്തിൽ നേടേണ്ട മാനസിക വിദ്യാഭ്യാസ നിലവാരം എന്താണ്? വികേന്ദ്രീകൃത രീതി അവലംബിച്ച് കോഴിക്കുഞ്ഞിനു നൽകുന്ന പരിഗണനയും വളർന്ന കോഴികൾക്ക് കൊടുക്കുന്ന പരിഗണനയും രണ്ട് കൂടുകളിൽ വ്യത്യസ്ത അളവിൽ ചെയ്തു കൊണ്ടാണ് കോഴിക്കൃഷി വിജയകരമായി കർഷകർ ചെയ്യുന്നത്. അത്രയും സാമാന്യബോധം ബാല്യത്തിലെയും കൗമാരത്തിലെയും വിദ്യാഭ്യാസ പ്രശ്നങ്ങളെ വേർതിരിച്ചു കാണാൻ കമ്മിഷന് കഴിയേണ്ടതായിരുന്നു. DGE-യുടെ കീഴിൽ പ്രൈമറി - സെക്കണ്ടറി - ഹയർസെക്കണ്ടറി വിഭാഗങ്ങളും നാട്ടിലെ ജൂനിയർ ഐ.എ.എസുകാരനെയോ KAS കാരനെയോ ചുമതലപ്പെടുത്തി ഓരോ ഡയറക്ടറേറ്റുകളാക്കിമാറ്റി അതിന് താഴെ ഇപ്പോഴത്തെ ADGE-മാരെ മാറ്റി ശ്രേണീയമാറ്റം ഉൾക്കൊള്ളാതെ നിലവിലെ ഉദ്യോഗസ്ഥഘടന സംരക്ഷിക്കാൻ നടത്തിയ ശ്രമം ന്യായയുക്തമായി തോന്നുന്നില്ല.

അദ്ധ്യാപക യോഗ്യത പോസ്റ്റ് ഗ്രാഡ്ജുവേഷൻതലത്തിലേക്കുയർത്തുക വഴി പഠന നിലവാരം മെച്ചപ്പെടുമെന്നകാര്യത്തിൽ തർക്കമില്ല. 2017 ൽ സർക്കാർ ഉത്തരവു പ്രകാരം രൂപീകൃതമായ ഖാദർ കമ്മിറ്റി 2024 വരെ പഠനം നടത്തിയിട്ടും അന്തിമമായി ശുപാർശകൾ സമർപ്പിക്കുവാൻ നീണ്ട സമയമെടുത്തു. വിശകലനാധിഷ്ഠിതമായി സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലെ ഭാഗങ്ങൾ സമീപനം, ലക്ഷ്യം, ഇന്നലെകൾ, നാളെയുടെ വിദ്യാഭ്യാസം എന്നിവയാണ്. എന്നാൽ റിപ്പോർട്ട് ഇത്തരം മേഖലകളെ ശരിയായ രീതിയിൽ സമീപിച്ചതായി തോന്നുന്നില്ല. കാരണം, പൊതുവിദ്യഭ്യാസരംഗത്ത് നെടുംതൂണുകളായി കാലങ്ങളായി നിലകൊള്ളുന്ന വിദ്യാഭ്യാസ ഏജൻസികളെ അവഗണിച്ചുകൊണ്ടു തയ്യാറാക്കിയ റിപ്പോർട്ടു പൂർണ്ണമാകണമെന്നില്ല. ■

വാർത്തകൾ
www.archtvmnews.com

# ഒസാനം കാരുണ്യഭവൻ രജത ജൂബിലിയാഘോഷം അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു




ആഴാകുളം: വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കത്തോലിക്ക സഭയുടെ കാരുണ്യപ്രവത്തനങ്ങളുടെ മുഖമാണെന്ന് തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് ജെ. നെറ്റോ പറഞ്ഞു. കോവളം ആഴാകുളത്ത് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഓസാനം കാരുണ്യഭവന്റെ 25-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ബ്രദർ ഡി. ഫ്രാൻസിസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കോവളം എം.എൽ.എ ശ്രീ വിൻസന്റ് എം, സ്പിരിച്ചൽ ഡയറക്ടർ ഫാ. ജോസഫ് ബാസ്റ്റിൻ, മുൻ സ്പിരിച്ചൽ ഡയറക്ടർ ഫാ. ജോർജ്ജ് ഗോമസ്, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ശ്രീകുമർ, തൊഴിച്ചൽ വാർഡ് മെമ്പർ ശ്രീ. വിജയ പ്രദീപ്, കോവളം ജനമൈത്രി പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. ബിജു. മുൻ പ്രസിഡന്റ് ബ്രദർ ഫ്രാൻസിസ് സ്റ്റീഫൻ, സുപ്പീരിയർ സിസ്റ്റർ ജസീന്ത എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

# കുടുംബകേന്ദ്രീകൃത അജപാലനം നിർവഹിക്കുന്നവർ പരിശുദ്ധ കന്യകാമറിയത്തെ മാതൃകയാക്കണം: തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത



വട്ടിയൂർക്കാവ്: അതിരൂപത ബിസിസി കമ്മിഷന്റെ നേതൃത്വത്തിൽ കുടുംബകേന്ദ്രീകൃത അജപാലന ദൗത്യം നിർവഹിക്കുന്ന ഹോംമിഷൻ വട്ടിയൂർക്കാവ് ഇടവകയിൽ പൂർത്തിയായി. ആഗസ്റ്റ് 10-ാം തിയതി ആരംഭിച്ച ഹോം മിഷൻ മൂന്നാംഘട്ടം അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച് പെരേര ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് 15 ന് അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് ജെ. നെറ്റോയുടെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയോടെ മൂന്നാംഘട്ടത്തിന് സമാപനമായി. ദിവ്യബലിമധ്യേ ഇടവകയുടെ സമഗ്ര വളർച്ചയ്ക്കും കുടുംബങ്ങളുടെ നവീകരണത്തിനും സഹായകരമാകുന്ന ഹോം മിഷനിലെ കണ്ടെത്തലുകൾ വായിക്കുകയും അത് അതിരൂപതാദ്ധ്യക്ഷന് കൈമാറുകയും ചെയ്തു. കുടുംബകേന്ദ്രീകൃത അജപാലനം നിർവഹിക്കുന്നവർ പരിശുദ്ധ കന്യകാമറിയത്തെ മാതൃകയാക്കണമെന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു. പരിശുദ്ധ കന്യകാമറിയം തന്റെ ജീവിതത്തിൽ ദൈവത്തിനും, ബന്ധുജനങ്ങൾക്കും, തന്റെ ചുറ്റുമുള്ളവർക്കെല്ലാം ഇടം നൽകിയതുപോലെ നാമും നമ്മുടെ ജീവിതത്തിൽ കുടുംബാംഗങ്ങൾക്കും, ബന്ധുക്കൾക്കും, അയൽവാസികൾക്കുമൊക്കെ ഇടം നൽകുമ്പോഴാണ് കുടുംബകേന്ദ്രീകൃത അജപാലനം വിജയം കൈവരിക്കുകയെന്ന് അദ്ദേഹം പറഞ്ഞു.

# ജെ.ബി. കോശി @ ആയിരം യോഗങ്ങൾ ഫൊറോനകളിലും ഇടവകകളിലും നടപ്പിലാക്കാൻ ഓരോ സമുദായംഗവും മുന്നിട്ടിറങ്ങണം: ആർച്ച്ബിഷപ്പ് തോമസ് ജെ നെറ്റോ




വെള്ളയമ്പലം: ജെ.ബി. കോശി കമ്മീഷൻ ശുപാർശകൾ സർക്കാർ നടപ്പിലാക്കാത്ത സാഹചര്യത്തിൽ സർക്കാരിനെക്കൊണ്ട് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളിൽ ഓരോ സമുദായംഗവും മുന്നിട്ടിറങ്ങണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത തോമസ് ജെ. നെറ്റോ പറഞ്ഞു. ഇതിനായി ഫൊറോനകളിലും ഇടവകകളിലും വിശദീകരണ യോഗങ്ങൾ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംസ്ഥാന തലത്തിൽ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ നടപ്പിലാക്കുന്ന ആയിരം യോഗങ്ങളുടെ തിരുവനന്തപുരം അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. KLCA അതിരൂപതാ പ്രസിഡൻറ് ശ്രീ. പാട്രിക് മൈക്കൾ അധ്യക്ഷത വഹിച്ച യോഗത്തിൽ തോമസ് ജെ നെറ്റോ പിതാവിൽ നിന്ന് KLCA, KLCWA, DCMS, KCYM സംഘടനകളുടെയും BCC കമ്മീഷന്റെയും പ്രതിനിധികളായ വിമല സ്റ്റാൻലി, ജോർജ്ജ് എസ് പള്ളിത്തുറ, ആഗസ് ബാബു എന്നിവർ ഫലകം ഏറ്റുവാങ്ങി. അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. മൈക്കിൾ തോമസ് സന്നിഹിതനായിരുന്നു.

## മുത്തശ്ശീമുത്തശ്ശന്മാർക്കും വയോധികർക്കും വേണ്ടിയുള്ള നാലാംലോക ദിനം അതിരൂപതയിൽ സമുചിതം ആചരിച്ചു.



തിരുവനന്തപുരം: ആഗോള സഭയിൽ മുത്തശ്ശീമുത്തശ്ശന്മാർക്കും വയോധികർക്കും വേണ്ടിയുള്ള നാലാംലോക ദിനം അതിരൂപതയിലെ എല്ലാ ഇടവകകളിലും സമുചിതം ആചരിച്ചു. ഇടവകകളിൽ നടന്ന ദിവ്യബലിയിൽ മുത്തശ്ശിമുത്തശ്ശന്മാർക്കും വയോധികർക്കും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. വയോധികരെ പൂക്കൾ നൽകി സ്വീകരിച്ചും, പൊന്നാടയണിയിച്ച് ആദരിച്ചും, കുഞ്ഞുമക്കൾ സമ്മാനങ്ങൽ നൽകി സന്തോഷിപ്പിച്ചും ദിനാചരണം അർത്ഥവത്താക്കി. ചിലയിടവകകളിൽ ഇവർക്കായി സ്നേഹവിരുന്നും കലാപരിപാടികളും ഒരുക്കി ആഘോഷം വർണാഭമാക്കി. ദേവാലയത്തിൽ എത്താൻ സാധിക്കാത്ത വയോധികരെ ഭവനങ്ങളിലും വൃദ്ധസദനങ്ങളിലും ഇടവക വികാരിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും അവരോടൊപ്പമായിരുന്നുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്ത് മാതൃകപരമായ പ്രവർത്തനങ്ങളും ഇടവകകൾ നടത്തി.

## ത്രിതല കൗൺസിലിംഗ് സംവിധാനമൊരുക്കി കുടുംബ പ്രേഷിത ശുശ്രൂഷ



വെള്ളയമ്പലം: കുടുംബങ്ങളുടെ വീണ്ടെടുപ്പ് ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന കുടുംബപ്രേഷിത ശുശ്രൂഷയിൽ കൗൺസിലിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ത്രിതലകൗൺസിലിംഗ് സംവിധാനമൊരുക്കി. 'പ്രത്യാശ' എന്നപേരിൽ നടപ്പിലാക്കുന്ന പരിപാടിയിൽ ഇടവക, ഫൊറോന, സ്കൂൾ തലങ്ങളിൽ കൗൺസിലിംഗ് സേവനം ലഭ്യമാക്കും. കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. റിച്ചാർഡ് സഖറിയാസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് നിർവഹിച്ചു. വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര ബ്രോഷർ പ്രകാശനം ചെയ്തു.

കൗൺസിലേഴ്സിനുള്ള പരിശീലന പരിപാടിയും അന്നേദിനം നടന്നു. പരിശീലനത്തിന് ഫാ. ഡോ. എ. ആർ. ജോൺ, ഡോ. പ്രമോദ്, ഡോ. ഫ്രെസ്സൽ ദാസ് എന്നിവർ നേതൃത്വം നൽകി.

# വയോജനദിനം ആചരിച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എം പ്രവർത്തകർ



കോവളം: യുവജനങ്ങളും വയോജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണമെന്ന ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനം അന്വർഥമാക്കി തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എം പ്രവർത്തകർ. ഇതിന്റെ ഭാഗമായി മുത്തശ്ശിമുത്തശ്ശന്മാരുടെയും വയോജനങ്ങളുടെയും ദിനമായ ജൂലൈ 28 ഞായറാഴ്ച ആഴാകുളത്ത് സ്ഥിതിചെയ്യുന്ന ഒസാനം കാരുണ്യഭവൻ സന്ദർശിച്ചു. അതിരൂപത യുവജനശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ യുവജനങ്ങളും അന്തേവാസികളും പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് സനു സാജൻ, ആനിമേറ്റർ സിസ്റ്റർ ആൻസി, അതിരൂപത ഭാരവാഹികളായ വൈസ് പ്രസിഡന്റ് മനു മോഹൻ, ട്രഷറർ സ്റ്റെബി സിൽവരി , അതിരൂപത സിൻഡിക്കേറ്റ് മെമ്പറും സംസ്ഥാന സെക്രട്ടറിയുമായ മെറിൻ എം എസ്, സെനറ്റ് അംഗങ്ങളായ ജിൻസി, അബിൻസ്റ്റൺ, സെക്രട്ടറി രാജീവ്, എക്സിക്യൂട്ടീവ് അംഗങ്ങളായ അനീഷ് യേശുദാസ്, കോവളം ഫൊറോന ഡയറക്ടർ ഫാ. ടിനു ആൽബിൻ, പ്രസിഡന്റ് വിമിൻ എം. വിൻസെന്റ്, സെക്രട്ടറി ആര്യ കോവളം ഫറോനയിലെ മറ്റുഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# കടലിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിനായുള്ള ഭവനത്തിന്റെ തറക്കല്ലിട്ട് പുതുക്കുറുച്ചി ഫൊറോന അൽമായ ശുശ്രൂഷ

പുതുക്കുറുച്ചി: പുതുക്കുറുച്ചി ഫൊറോന അൽമായ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ കടലിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് നിർമ്മിച്ച് നല്കുന്ന ഭവനത്തിന്റെ തറക്കല്ലിട്ടു. കടലിൽ മത്സ്യബന്ധനത്തിനിടെ മുതലപ്പൊഴിയിൽ മരണപ്പെട്ട പുതുക്കുറിച്ചി ഇടവകയിലെ സുനിലിന്റെ കുടുംബത്തിനാണ് ഭവനമൊരുങ്ങുന്നത്. പുതുക്കുറിച്ചി ഫൊറോന വികാരി റവ. ഫാ. ഹൈസിന്ത് എം. നായകം, അൽമായ ശുശ്രൂഷ ഫൊറോന കോർഡിനേറ്റർ ഫാ. കോസ്മോസ് കെ തോപ്പിൽ പുതുക്കുറിച്ചി ഇടവക വികാരി ഫാ. ഇഗ്നാസി രാജശേഖരൻ എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ തറക്കല്ലിടൽ ചടങ്ങ് നടന്നു. 2024 ജൂലൈ മാസം പുതുക്കുറിച്ചി ഫൊറോന അൽമായ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ നടന്ന ഭവന പദ്ധതിയുടെ



പ്രഖ്യാപനമാണ് യാഥാർത്ഥ്യമാകുന്നത്. ഫൊറോന അൽമായ ശുശ്രൂഷ സമിതി ആനിമേറ്റർ ശ്രീമതി മേരി ഷൈജ, എക്സിക്യൂട്ടീവ് അംഗങ്ങളുൾപ്പെടെയുള്ളവർ സന്നിഹിതരായിരുന്നു.



കണ്ണൂർ രൂപത നിയുക്ത സഹായമെത്രാൻ റവ. മോൺ. ഡെന്നീസ് കുറുപ്പശ്ശേരി തിരുവനന്തപുരം അതിരൂപത അദ്ധ്യക്ഷനെയും സഹായ മെത്രാനെയും സന്ദർശിച്ചു.



ദൈവദാസൻ അലോഷ്യസ് മരിയ ബെൻസിഗർ പിതാവിന്റെ പൂജ്യ ശരീരം കുടികൊള്ളുന്ന പാങ്ങോട് ആശ്രമ ദേവാലയത്തിലേക്ക് പാളയം സെന്റ്. ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ നിന്നുള്ള തീർത്ഥാടന പദയാത്ര

## ജൂബിലി - ഹോസ്പിറ്റൽ 37-ാമത് വാർഷിക ദിനാചരണം സമുചിതമായി ആഘോഷിച്ചു

പാളയം: ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ 37-ാമത് വാർഷിക ദിനാചരണം 2024 ജൂലൈ 27 ന് സമുചിതമായി ആഘോഷിച്ചു . അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസിന്റെ മുഖ്യ കാർമ്മികത്തിൽ ദിവ്യബലിയോടുകൂടിയാണ് ആഘോഷത്തിന് തുടക്കം കുറിച്ചത് . തുടർന്ന് മാനേജർ ഫാ. ലെനിൻ രാജിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം ശ്രീ. പ്രശാന്ത് IAS ഉത്ഘാടനം ചെയ്തു. ഹോസ്പിറ്റൽ സ്റ്റാഫിന്റെയും നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെയും വിവിധ കലാപരിപാടികൾ വേദിയിൽ അവതരിപ്പിച്ചു. കഴിഞ്ഞവർഷം പ്രശസ്തവിജയം കൈവരിച്ച ജീവനക്കാരുടെ മക്കൾക്ക് ക്രിസ്തുദാസ് പിതാവ് സമ്മാനദാനം നൽകി അനുമോദിച്ചു.

## ജൂബിലി - ഹോസ്പിറ്റലിൽ 103 വയസുള്ള വ്യക്തിയിൽ നടത്തിയ ഓർത്തോ ശസ്ത്രക്രിയ വിജയകരം



പാളയം: 103 വയസുള്ള പത്മാവതി അമ്മയ്ക്ക് കാലൊടിഞ്ഞതിനെത്തുടർന്ന് ജൂബിലി ആശുപത്രിയിൽ നടത്തിയ ഓർത്തോ ശസ്ത്രക്രിയ വിജയകരമായി.വയസ്സിന്റെ പരിധി മറികടന്ന് ശസ്ത്രക്രിയയ്ക്ക് വിധേയയായ സംഭവം മെഡിക്കൽ മേഖലയിൽ പ്രചോദനം നൽകുന്ന ഒരു നേട്ടമായാണ് കരുതുന്നത്. ഓർത്തോപീഡിക് സർജനായ ഡോക്ടർ സാജൻ ജെറോം എ. ജി ആണ് ഈ ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ചത്. ഡോക്ടർ നിതിൻ അലക്സാണ് അനസ്തേഷ്യ നൽകിയത്. രോഗിയുടെ വയസ്സും ആരോഗ്യനിലയും പരിഗണിച്ച് ജൂബിലി ആശുപത്രിയുടെ നേതൃത്വത്തിൽ എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിക്കുവാൻ ഡോക്ടർക്ക് സാധിച്ചു. കീഹോൾ സർജറിയിലൂടെ ടൈറ്റാനിയം കമ്പി ഉപയോഗിച്ചാണ് ശസ്ത്രക്രിയ നടത്തിയത്.പത്മാവതി അമ്മയുടെ ധൈര്യവും കുടുംബാംഗങ്ങളുടെ പിന്തുണയും ആശുപത്രി പ്രവർത്തകരുടെ സമർപ്പണവും ഈ ശസ്ത്രക്രിയയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ചെന്ന് ഡോക്ടർ പറഞ്ഞു. ഇതര രോഗികൾക്കും മുതിർന്ന പൗരന്മാർക്കും ഈ ശസ്ത്രക്രിയ വലിയ പ്രചോദനമായി മാറിയിട്ടുണ്ട്.

## മുതിർന്നവരിലൂടെ കൈമാറി വന്ന വിശ്വാസത്തിന്റെ തിരിനാളം അണയാതെ പുതുതലമുറക്ക് കൈമാറുക - ബിഷപ് ക്രിസ്തുദാസ്



പുതുക്കുറിച്ചി: മുതിർന്നവരിലൂടെ കൈമാറി വന്ന വിശ്വാസത്തിന്റെ തിരിനാളം അണയാതെ പുതുതലമുറക്ക് കൈമാറാൻ വിശ്വാസ ജീവിത പരിശീലനത്തിലേർപ്പെട്ടിരിക്കുന്നവർ പ്രതിജ്ഞാബദ്ധരാണെന്ന് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ്. പുതുക്കുറിച്ചി ഫെറോന ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന സമിതിയുടെ 2023-24 വാർഷികാഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സെന്റ്. ഡൊമിനിക് വെട്ടുകാട് ഇടവകയിൽ വച്ചുനടന്ന വാർഷികാഘോഷം ഫൊറോന കോഡിനേറ്റർ റവ.ഫാ. മെൽക്കോൺ ജെ. അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി റവ. ഡോ. ഹയസന്ത് എം. നായകം ഉദ്ഘാടനം ചെയ്തു. കൺവീനർ ശ്രീ. ആൻഡ്രു എഡിസൺ സ്വാഗതം ആശംസിച്ചു. ഫെറോന സെക്രട്ടറി ശ്രീ. തങ്കച്ചൻ. എം. ഡിക്രൂസ് റിപ്പോർട്ട് അവതരിപ്പിച്ചു. ചടങ്ങിൽ അതിരൂപതതല പരീക്ഷാ വിജയികളെ അനുമോദിക്കുകയും ദീർഘകാല സേവനം ചെയ്ത ഓരോ ഇടവകയിൽ നിന്നുമുള്ള രണ്ട് അദ്ധ്യാപകരെവീതം ആദരിക്കുകയും ചെയ്തു. ഫാ. ബിനു ജോസഫ്, ഫാ. പോൾ ജി. എന്നിവർ സന്നിഹിതരായിരുന്നു.




സുരക്ഷിത യാത്രയ്ക്ക് തെളിച്ചമുള്ള വഴികാട്ടികൾ; ഇന്ത്യയുടെ 78-ആം സ്വാതന്ത്രദിനത്തോടനുബന്ധിച്ചു കെ.സി.വൈ.എം നെല്ലിയോട് യുണിറ്റിന്റെ നേതൃത്വത്തിൽ റോഡിലെ സൂചന ബോർഡുകൾ വൃത്തിയാക്കി.

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)



# കുമ്പസാരം

2024 ഒക്ടോബർ മാസത്തെ ഉപയോഗത്തിനായി
അതിരൂപത ബി.സി.സി.കമ്മിഷൻ
തയ്യാറാക്കിയത്.

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം
2. ആമുഖം

യേശുക്രിസ്തുവിൽ സ്നേഹം നിറഞ്ഞ പ്രിയ സഹോദരങ്ങളെ, നമ്മുടെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ വിശ്വാസപരിശീലനവേദികളാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ ഏതാനും മാസങ്ങളായി കൂട്ടായ്മകളിൽ നാം കൂദാശകളെക്കുറിച്ച് പഠിക്കുകയായിരുന്നല്ലോ. ഒക്ടോബർ മാസം നമുക്കു കുമ്പസാരം എന്ന കൂദാശയെക്കുറിച്ച് മനസിലാക്കാൻ ശ്രമിക്കാം. വിശുദ്ധരെ സൃഷ്ടിക്കുകയും പാപികളെ രക്ഷിക്കുകയും ചെയ്യുന്ന കൂദാശയാണ് കുമ്പസാരം. വേദപാരംഗതനായ തെർത്തൂല്യാൻ കുമ്പസാരമെന്ന കൂദാശയെപ്പറ്റി പറയുക ഇപ്രകാരമാണ്; "കപ്പൽച്ഛേദനത്തിനുശേഷം കടലിൽ കിട്ടുന്ന രണ്ടാമത്തെ പലകകഷണം പോലെയാണ് കുമ്പസാരമെന്നത്." അതായത് ജ്ഞാനസ്നാനത്തിനുശേഷം പാപിക്കു ലഭിക്കുന്ന അടുത്ത രക്ഷാകരമാർഗ്ഗമാണ് കുമ്പസാരം.

3. യേശുവിനെ ക്ഷണിക്കൽ
4. ദൈവവചന പാരായണം- മത്തായി 16: 13-20
5. വചനഭാഗം പങ്കുവയ്ക്കൽ
6. നിശബ്ദധ്യാനം
7. വചനാനുഭവം പങ്കുവയ്ക്കൽ
8. വചനവിചിന്തനം

സ്നേഹം നിറഞ്ഞവരേ, എം.ടി. വാസുദേവൻ നായരുടെ വാരണാസി എന്ന നോവലിലെ ഒരു കഥാപാത്രം ഇപ്രകാരം പറയുന്നുണ്ട്; "അമ്പലങ്ങളിലും കുമ്പസാരക്കൂടുകൾ വച്ചാലെന്താ? വൃദ്ധനും പണ്ഡിതനുമായ ഒരാൾ കേൾക്കുന്നു. ഏതാനും മണിക്കൂറുകൾ പറഞ്ഞാൽ തീരാത്ത പാപങ്ങളൊന്നും നമുക്കില്ല". കുറ്റബോധംകൊണ്ട് അലയുന്ന മനുഷ്യർക്ക് കുമ്പസാരക്കൂട് കൊടുക്കുന്ന സാന്ത്വനത്തിന് ക്രൈസ്തവേതരമായ വന്ദനം പറയുന്ന വാക്കുകളാണിവ. രക്ഷാകരമാണ് കുമ്പസാരത്തിന്റെ ഫലങ്ങളെങ്കിലും കുമ്പസാരത്തോട് വിമുഖത ഉള്ളവർ നമ്മൾക്കിടയിലും കുറവില്ല എന്നതാണ് സത്യം. കുമ്പസാരം എന്ന കൂദാശയുടെ രക്ഷാകരമായ ഫലങ്ങളെക്കുറിച്ച് ബോധ്യമുള്ള ആർക്കും ഈ കൂദാശയിൽനിന്ന് അകലം പാലിക്കുവാൻ സാധിക്കത്തില്ല. മാമോദീസയ്ക്ക് ശേഷം ഒരുവൻ ചെയ്യുന്ന പാപങ്ങൾക്ക് പൊറുതികിട്ടുന്ന സഭാത്മകമായ മാർഗമാണ് കുമ്പസാരം.

അനുരഞ്ജനകൂദാശയുടെ തിരുവചനാടിസ്ഥാനമായി സാധാരണ പരിഗണിക്കുന്നത് പത്രോസിനോടുള്ള ഈശോയുടെ വാക്കുകളാണ്; "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും." നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. പാപങ്ങൾ മോചിക്കാനും മോചിക്കാതിരിക്കാനുമുള്ള അധികാരം ക്രിസ്തു ശിഷ്യന്മാർക്ക്

നൽകുന്നുവെന്നതാണ് ഈ വചനഭാഗം നമ്മെ പഠിപ്പിക്കുക. ബൈബിളിലുടനീളം ദൈവം നൽകുന്ന പാപമോചനം നമുക്കു കണ്ടെത്തുവാൻ സാധിക്കും. പുറപ്പാട് പുസ്തകം 34-ാം അധ്യായം 6 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ ദൈവമായ കർത്താവ് കാരുണ്യവാനും കൃപയുള്ളവനുമാണ്. അവിടുന്ന് ക്ഷമയും മഹാദയയും വിശ്വസ്തതയുള്ളവനും അനേകായിരം തലമുറകളോളം കാരുണ്യം കാണിക്കുന്നവനും ദുഷ്ടതയും അക്രമവും പാപവും ക്ഷമിക്കുന്നവനുമാണ്. പാപങ്ങൾ ക്ഷമിക്കുന്ന ദൈവം എന്നത് പഴയനിയമത്തിലെ അടിസ്ഥാനപരമായ സങ്കല്പങ്ങളിലൊന്നാണ്.

നാം ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി ചെയ്യുന്ന പാപങ്ങളാണ് ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നമ്മെ അകറ്റുന്നത്. പാപങ്ങൾ മൂലം നമുക്ക് നമ്മോട് തന്നെ വെറുപ്പ് തോന്നാം. എന്നാൽ, കരുണാമയനായ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, നമ്മെ സ്വീകരിക്കുന്നതിനായി കാത്തിരിക്കുന്നു. ജ്ഞാനസ്നാനത്തിന് ശേഷം ചെയ്ത പാപങ്ങളിൽ നിന്നുള്ള മോചനത്തിനായി യേശുക്രിസ്തു സ്ഥാപിച്ച കൂദാശയാണ് കുമ്പസാരം. കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുന്ന വ്യക്തിക്ക് പാപങ്ങളിൽ നിന്നുള്ള മോചനവും വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള വരപ്രദാസവും ഇതുവഴി ലഭിക്കുന്നു.

സ്നേഹനിധിയായ ദൈവത്തിന്റെ പ്രമാണങ്ങൾ ലംഘിക്കുന്നതോ തിരസ്കരിക്കുന്നതോ ആണ് പാപം. പാപം പാപിയെത്തന്നെയും ദൈവത്തോടും അയൽക്കാരനോടുള്ള ബന്ധങ്ങളെയും മുറിപ്പെടുത്തുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. രണ്ടുതരം പാപങ്ങളുണ്ട് എന്നാണ് സഭ പഠിപ്പിക്കുക. ഉത്ഭവപാപ (ജന്മപാപം) വും കർമ്മപാപവും. ആദിമാതാപിതാക്കൾ അനുസരണക്കേട് വഴി ദൈവസ്നേഹത്തിൽ നിന്ന് ഇറങ്ങിപ്പോയി. പാപം ചെയ്യുവാനുള്ള ആദിമാതാപിതാക്കളുടെ മനോഭാവം എല്ലാ മനുഷ്യരിലുമുണ്ട്. പാപത്തിലേക്ക് ചാഞ്ഞിരിക്കുന്ന ഈ മനോഭാവമാണ് ഉത്ഭവപാപം എന്നത് (റോമ. 5:12).

നന്മതിന്മകളെ തിരിച്ചറിയുവാനുള്ള പ്രായമായതിനുശേഷം ചെയ്യുന്ന കല്പനകളുടെ ലംഘനമാണ് കർമ്മപാപം. രണ്ടുതരം കർമ്മപാപങ്ങളുണ്ട്. മാരകപാപവും ലഘുപാപവും. പൂർണമായ അറിവോടും സമ്മതത്തോടും കാര്യഗൗരവത്തോടുംകൂടി ദൈവകല്പനകളെയോ തിരുസഭയുടെ കല്പനകളെയോ ലംഘിക്കുന്നതാണ് മാരകപാപം. മാരകപാപം ചെയ്തവർ കുമ്പസാരിക്കാതെ ദിവ്യകാരുണ്യം സ്വീകരിക്കാൻ പാടില്ലായെന്നാണ് സഭ പഠിപ്പിക്കുക. എന്നാൽ, ദൈവപ്രമാണങ്ങളോ തിരുസഭയുടെ കല്പനകളോ ലഘുവായി ലംഘിക്കുകയോ പൂർണമായ അറിവും മനസും ഇല്ലാതെ ലംഘിക്കുകയോ ചെയ്യുന്നതാണ് ലഘുപാപം. മാരകപാപത്തോടുകൂടി മരിക്കുന്നവർ നിത്യാഗ്നിയിലേക്ക് പോകും എന്നാണ് മത്തായിയുടെ സുവിശേഷത്തിൽ നമുക്കു മനസിലാക്കാൻ സാധിക്കുന്നത് (മത്താ. 25:41).

പാപം ആത്യന്തികമായി ദൈവസ്നേഹത്തിനെതിരെയുള്ള തിന്മയാണ്. പാപം ചെയ്തുപോയാൽ അതെക്കുറിച്ച് അനുതപിച്ച്, ഏറ്റുപറഞ്ഞ് പരിഹാരം ചെയ്യുന്നില്ലായെങ്കിൽ പാപത്തിന്റെ തിന്മ തനിയെ ഇല്ലാതാവുകയില്ല. അനുതാപവും ഏറ്റുപറച്ചിലും പരിഹാരവും വഴി യേശുവിന്റെ പാപത്തിന്മേലുള്ള ആധിപത്യവും അവൻ നേടിയെടുത്ത രക്ഷയും സ്വന്തമാക്കുകയാണ്. നാം അതു ചെയ്യുന്നില്ലായെങ്കിൽ പാപത്തിലൂടെ ഉണ്ടായതോ പ്രബലമായോ ആയ തിന്മ അതിന്റെ സാന്നിധ്യം അറിയിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും (സംഖ്യ 32:23).

9. ദൗത്യമേറ്റെടുക്കൽ;
10. സ്വയം പ്രേരിതപ്രാർഥന;
11. കർത്തൃപ്രാർഥന;
12. സമാപനപ്രാർഥന

**രണ്ടാം ഭാഗം**

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്);
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം (യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ;
6. രഹസ്യപ്പിരിവ്;
7. അറിയിപ്പുകൾ;
8. നന്ദി;
9. സമാപനഗീതം

**അനുബന്ധം**

**1. കുമ്പസാരം യേശു സ്ഥാപിച്ചു എന്നുള്ളതിന്റെ അടിസ്ഥാനം എന്താണ്?**

യേശുവിന്റെ മുമ്പിൽ വന്ന് പാപാവസ്ഥ ഏറ്റുപറയുകയും അനുതാപം പ്രകടിപ്പിക്കുകയും ചെയ്തവരെ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. ഉദാ. ശിമയോന്റെ ഭവനത്തിലിരിക്കുമ്പോൾ പാപിയായ സ്ത്രീ യേശുവിന്റെ കാൽക്കൽ വീണ് കണ്ണുനീരുകൊണ്ട് പാദം കഴുകി പാപമോചനം നേടുന്നുണ്ട് (ലൂക്കാ. 7:36-47).

തളർവാതം പിടിപെട്ട രോഗിയെ സുഖപ്പെടുത്തുന്ന അവസരത്തിൽ യേശു അവനോട് പറഞ്ഞു: നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (മത്താ. 9:1-8). യേശു പാപികളെ തേടിയാണ് അവതരിച്ചത് എങ്കിൽ (മത്താ. 1:21) അവിടുത്തെ ആഗമനത്തിന്റെ അടിസ്ഥാന ലക്ഷ്യം മനുഷ്യരുടെ പാപത്തിൽ നിന്നുള്ള മോചനമാണ്. പരസ്യജീവിതകാലത്ത് പാപമോചന ശുശ്രൂഷ

യേശു നടത്തി എന്നുമാത്രമല്ല ഉത്ഥാനത്തിന് ശേഷം അപ്പസ്തോലന്മാർക്ക് അത് തുടരുവാനുള്ള അധികാരം നൽകുകയും ചെയ്തു (യോഹ. 2പ്പ:23).

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ യേശു കുമ്പസാരം സ്ഥാപിച്ചതിനെക്കുറിച്ച് സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്; "യേശു തന്റെ പരസ്യജീവിതകാലത്ത് പാപങ്ങൾ പൊറുക്കുകയും ഒപ്പം ഒരു പൊറുതിയുടെ ഫലം വ്യക്തമാക്കുക കൂടി ചെയ്തു. പാപികളെ അവിടുന്ന് ദൈവജനത്തിന്റെ സമൂഹത്തിലേക്ക് സ്വീകരിച്ചു. പാപംമൂലം ആ സമൂഹത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടും പുറന്തള്ളപ്പെട്ടും കഴിയുകയായിരുന്ന പാപികൾക്ക് അവിടുന്ന് മോചനം നൽകുകയും അവരെ ദൈവജനത്തിന്റെ സമൂഹത്തിലേക്ക് പുനർപ്രവേശിപ്പിക്കുകയും ചെയ്തു. ഇതിന്റെ ശ്രദ്ധേയമായ ഒരടയാളമാണ് യേശു തന്റെ ഭക്ഷണമേശയിൽ പാപികളെ സ്വീകരിക്കുന്നതും അവരുടെ കൂടെ ഭക്ഷണമേശയിൽ ഇരിക്കുന്നതും. ദൈവത്തിന്റെ ക്ഷമിക്കലും ദൈവജനത്തിന്റെ ഇടയിലേക്കുള്ള അവരുടെ തിരിച്ചുവരവും ഹൃദയസ്പർശിയായ രീതിയിൽ പ്രകടമാക്കുന്ന ഒരു പ്രവൃത്തിയാണിത്". (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1443.)

**2. പാപമോചന അധികാരം വൈദികർക്ക് ലഭിച്ചതെങ്ങനെ?**

തന്റെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം പാപമോചനം സഭയിൽ തുടരണമെന്ന് ആഗ്രഹിച്ച യേശു അപ്പസ്തോലന്മാർക്ക് പാപമോചന അധികാരം നൽകുകയും (യോഹന്നാൻ 2പ്പ:23) അത് മെത്രാന്മാരുടെ കൈവയ്പ്പു ശുശ്രൂഷ വഴി ഇന്ന് വൈദികർക്ക് ലഭിക്കുകയും ചെയ്തിരിക്കുന്നു. വൈദികരുടെ പാപമോചന അധികാരത്തെക്കുറിച്ച് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ പറയുന്നതിപ്രകാരമാണ്; "കർത്താവ് പാപം പൊറുക്കാനുള്ള തന്റെ അധികാരത്തിൽ അപ്പസ്തോലന്മാർക്ക് ഭാഗഭാഗിത്വം നൽകിക്കൊണ്ട്, പാപികളെ സഭയുമായി രമ്യപ്പെടുത്താനുള്ള അധികാരംകൂടി അവർക്ക് നൽകുന്നു. അവരുടെ ദൗത്യത്തിന്റെ ഈ സഭാത്മക മാനം ശിമയോൻ പത്രോസിനോട് യേശു പറഞ്ഞ ആധികാരിക വാക്കുകളിൽ ഏറ്റവും ശ്രദ്ധേയമായ വിധത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്ക് നൽകും, നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും (മത്തായി. 16:19). പത്രോസിന് നൽകപ്പെട്ട കെട്ടാനും അഴിക്കാനുമുള്ള അധികാരം സ്വന്തം തലവനോട് ചേർന്നിരിക്കുന്ന അപ്പസ്തോല സംഘത്തിനും നൽകപ്പെട്ടിരിക്കുന്നു" (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1444).

**3. അപ്പസ്തോലന്മാർ ആരെയെങ്കിലും കുമ്പസാരിപ്പിച്ചിരുന്നോ?**

ഇന്നത്തെ കുമ്പസാരത്തിന്റെ രീതിയിൽ അപ്പസ്തോലന്മാർ പാപമോചനം നൽകിയതായി കാണുന്നില്ലെങ്കിലും, ജനങ്ങൾ അപ്പസ്തോലന്മാരുടെ അടുത്ത് പാപങ്ങൾ ഏറ്റുപറയുന്നതായും അതുപോലെ പാപമോചനം നൽകിയിരുന്നതായും വിശുദ്ധഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുന്നു. "വിശ്വാസം സ്വീകരിച്ച പലരും വന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു" (അപ്പ. പ്രവ. 19:18).

**4. പാപിയായ ഒരു പുരോഹിതന് എങ്ങനെ പാപം മോചിക്കാൻ കഴിയും? ദൈവത്തിന് അല്ലാതെ അത് സാധ്യമോ?**

മാനുഷികമായ എല്ലാകുറവുകളും ഉണ്ടായിരുന്ന അപ്പസ്തോലന്മാർക്കാണ് പാപമോചനാധികാരം യേശു കൊടുത്തത്. ഇന്ന് ഇത് അപ്പസ്തോലന്മാരിലൂടെ തിരുസഭയ്ക്കും അതുവഴി വൈദികർക്കും കൊടുക്കുന്നു. കർത്താവിനാൽ നൽകപ്പെടുന്നതുകൊണ്ട് അവന്റെ വിശുദ്ധിയോട് ചേർന്നാണ് ഈ വരം വൈദികർക്ക് ലഭിക്കുന്നത്. അതിനാൽ പുരോഹിതൻ പാപിയായിരുന്നാലും കർത്താവിനാൽ നൽകപ്പെട്ട അധികാരമായതുകൊണ്ട് പാപമോചനം ഫലവത്താകുന്നു. പുരോഹിതൻ കർത്താവിന്റെ പ്രതിപുരുഷ സ്ഥാനത്ത് നിന്നുകൊണ്ടാണ് പാപം മോചിക്കുന്നത്. അതിനാൽ ദൈവം തന്നെയാണ് പുരോഹിതനിലൂടെ പാപമോചനം നൽകുന്നത്.


അനുരഞ്ജനകൂദാശയുടെ ഫലസിദ്ധി കുമ്പസാരക്കാരന്റെ വിശുദ്ധിയെ ആശ്രയിച്ചല്ല നിൽക്കുന്നത്. ഒരു പുണ്യവാളനു മാത്രമേ കുമ്പസാരിപ്പിക്കാനാവൂ എന്നില്ല. എന്നിരുന്നാലും സ്വന്തം ജീവിതവിശുദ്ധിയുടെ പങ്ക് അനുതാപികൾക്ക് കിട്ടണം എന്ന നിർബന്ധം കുമ്പസാരക്കാർക്ക് ഉണ്ടാകണം. അനുതാപിക്കുവേണ്ടി ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിച്ചും സ്വന്തം ജീവിതമാതൃകയുടെ ശക്തിയാലും അനുതാപിക്കുവേണ്ടിക്കൂടി പ്രായശ്ചിത്തം അനുഷ്ഠിച്ചും കുമ്പസാരക്കാർ ഇത് നിർവ്വഹിക്കണം. ക്രിസ്തുവിന്റെ സഹനത്തിന്റെ കുറവ് എന്റെ ശരീരത്തിൽ വഹിക്കുന്നു എന്ന് പറഞ്ഞ വിശുദ്ധ പൗലോസിന്റെ (കൊളോ. 1:24) ചൈതന്യം കുമ്പസാരക്കാരെ ഭരിക്കണം. വിശുദ്ധജോൺ മരിയ വിയാനി തന്റെ ഒരു സഹവൈദികനോട് പറഞ്ഞു, 'എന്റെരീതി ഞാൻ പറഞ്ഞുതരാം: അനുതാപിക്ക് ഞാൻ ചെറിയൊരു പ്രായശ്ചിത്തം കൊടുക്കും, ബാക്കി അയാളുടെ പേരിൽ ഞാൻ തന്നെ ചെയ്യും. ചുരുക്കത്തിൽ വിശുദ്ധനായ ഒരു കുമ്പസാരക്കാരന് പാപികളെ അതിവേഗം വിശുദ്ധിയിലേക്ക് നയിക്കാൻ സാധിക്കും.

**5. കുമ്പസാരക്കൂട്ടിലെ രക്തസാക്ഷികൾ**

കുമ്പസാര രഹസ്യം സംരക്ഷിക്കാൻ വേണ്ടി രക്തസാക്ഷിത്വം വഹിച്ചയാളാണ് വിശുദ്ധ ജോൺ നെപുംസ്യാൻ. ഇപ്പോഴത്തെ ചെക്കോസ്ലോവാക്കിയയിൽ നിന്നുള്ള ഇദ്ദേഹം കുമ്പസാര രഹസ്യം വെളിപ്പെടുത്താൻ







വിസമ്മതിച്ചതിനാൽ രാജകോപത്തിനിരയായി നദിയിൽ എറിയപ്പെട്ട് ജീവൻ വെടിഞ്ഞ വിശുദ്ധനാണ്. കുമ്പസാര രഹസ്യം ഒരു കാരണവശാലും വെളിപ്പെടുത്തരുതെന്ന് സഭ കർശനമായും കാനോൻ നിയമപ്രകാരവും അനുശാസിക്കുന്നു. ജീവൻ ഉപേക്ഷിച്ചും രഹസ്യം സംരക്ഷിക്കാനുള്ള കടമ കുമ്പസാരക്കാർക്കുണ്ട്. കുമ്പസാരരഹസ്യം (അനുതാപിയുടെ പേരും പാപവും) പൂർണമായി വെളിപ്പെടുത്താതിരുന്നാൽ മാത്രം പോരാ; മറിച്ച് ഇക്കാര്യത്തിൽ മറ്റുള്ളവർക്ക് സംശയമോ ഉതപ്പോ കൊടുക്കുന്ന സാഹചര്യങ്ങളും കുമ്പസാരക്കാർ ഒഴിവാക്കണം. രഹസ്യം സൂക്ഷിക്കുന്നതിന് കൊടുക്കുന്ന വില മാത്രമല്ല ഒരാളെ കുമ്പസാരക്കൂട്ടിലെ രക്തസാക്ഷിയാക്കുന്നത്. ജോൺ മരിയ വിയാനി, പാദ്രേ പിയോ എന്നിവർ ദിവസത്തിലെ സിംഹഭാഗവും കുമ്പസാരക്കൂട്ടിൽ ചിലവഴിച്ച് തങ്ങളുടെ ജീവിതം ഈ കൂദാശക്കായി ഹോമിച്ചവരാണ്. ഇവർക്കുപുറമേ അറിയപ്പെടാത്തവരായ അനേകം വിശുദ്ധരായ കുമ്പസാരക്കാർ സഭയിൽ എക്കാലവും ഉണ്ടായിട്ടുണ്ട്.

**6. കുമ്പസാരത്താൽ പാപമോചനം സാധ്യമെങ്കിൽ പാപപരിഹാരത്തിൽ വിശുദ്ധ കുർബാനയുടെ പ്രാധാന്യമെന്ത്?**

കുമ്പസാരത്തിലൂടെ പാപമോചനം സ്വീകരിക്കുകയും ദൈവവുമായും സഹോദരന്മാരുമായി അനുരഞ്ജനത്തിലേക്ക് കടന്നുവരികയും ചെയ്യുന്ന ഒരു വ്യക്തി ഇതിനെ അനുഭവിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് വിശുദ്ധകുർബാനയിലാണ്. വിശുദ്ധ കുർബാന കാൽവരിയിലെ പാപപരിഹാര യാഗമാകുമ്പോൾ കുമ്പസാരത്തിലെ പാപമോചനം പൂർത്തിയാക്കപ്പെടുന്നത് വിശുദ്ധ കുർബാന അർപ്പണവേളയിലാണ്. കുമ്പസാരം മാത്രമല്ല ഏതൊരു കൂദാശയും പൂർത്തിയാക്കപ്പെടുന്നത് യേശു തന്നെത്തന്നെ നൽകുന്ന വിശുദ്ധ കുർബാനയിലാണ്. കുമ്പസാരത്തിലൂടെ ലഭിക്കുന്ന പാപമോചനത്തിന്റെ കൃപാവര സാക്ഷാത്കാരം വിശുദ്ധ കുർബാനയിലാണ്.

**7. അക്രൈസ്തവന് കുമ്പസാരിക്കാമോ?**

അക്രൈസ്തവന് കുമ്പസാരം അതിന്റെ പൂർണ അർഥത്തിൽ സ്വീകരിക്കാനാവില്ല. അക്രൈസ്തവന് പുരോഹിതന്റെ അടുത്ത് പാപങ്ങൾ ഏറ്റുപറയാം. എന്നാൽ പാപമോചനം പ്രാപിക്കാൻ സാധ്യമല്ല. കാരണം കുമ്പസാരം എന്ന കൂദാശ സഭാംഗങ്ങൾക്ക് മാത്രമുള്ളതാണ്. അതായത് മാമോദീസ സ്വീകരിച്ച ഒരു വ്യക്തിക്ക് മാത്രമേ, മാമോദീസയ്ക്ക് ശേഷം ജീവിതത്തിൽ വന്നുപോയ പാപങ്ങൾ മോചിപ്പിക്കപ്പെടുന്ന കുമ്പസാരം എന്ന കൂദാശ സ്വീകരിക്കാനാവൂ.

■

## നീർച്ചാൽ



# അകത്തും പുറത്തും!

ആണ്ടുവട്ടം 22-ാം ഞായർ (സെപ്റ്റംബർ 1)
നിയമ: 4:1-2, 6-8 യാക്കോ: 1:17-18, 21a-22, 27
മർക്കോ: 7:1-8, 14-15, 21-23

**ഫാ.സി.കെ.തോപ്പിൽ**

ബാഹ്യമായ ചിട്ടകളിൽ മാത്രം ഒതുങ്ങുന്നതാണ് ഫരിസേയരുടെ ആചരണങ്ങളെല്ലാം. ഫരിസേയർ മോശയുടെ നിയമത്തോടു കൂട്ടിച്ചേർത്ത മതപരമായ ആചാരങ്ങൾ വാചികനിയമങ്ങൾ എന്നുകൂടി അറിയപ്പെടുന്നു. ഇവ എഴുതപ്പെട്ട ദൈവീക നിയമങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിനു സഹായകമായി രൂപപ്പെട്ടവയാണ്. എ.ഡി.200 ഓടുകൂടി 'മിഷന' എന്ന പേരിൽ എഴുതപ്പെടുന്നതുവരെ ഈ പാരമ്പര്യങ്ങൾ വാചികമായാണ് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. ഈ പശ്ചാത്തലത്തിൽ യേശു ദൈവിക നിയമങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യമെന്തെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആന്തരികവും ബാഹ്യവുമായ ശുദ്ധിയെക്കുറിച്ചും യേശു വിശദീകരിക്കുന്നു. ഗലീലിക്കടപ്പുറത്ത് വിജാതിയരുടെ ദേശങ്ങളിലേക്ക് പോകുന്നതിനു മുമ്പുള്ള യേശുവിന്റെ പ്രബോധനമായി ഇതിനെ കാണാം.

ഹൃദയങ്ങൾ ദൈവത്തിൽ നിന്ന് അകന്നിരിക്കുന്നിടത്തോളം കാലം ഇസ്രായേലിന്റെ അധരസേവയോടു ദൈവം സഹിഷ്ണുത കാണിക്കുകയില്ലെന്ന് ഏശയ്യ അവർക്ക് മുന്നറിയിപ്പ് നൽകുന്നു. തങ്ങളുടെ അറിവിനെ ഉയർത്തിപ്പിടിക്കാൻ ദൈവത്തിന്റെ ജ്ഞാനം തള്ളിക്കളയുന്ന ഫരിസേയരും അതേ കെണിയിലേക്കുതന്നെയാണ് വീഴുന്നത് (മത്താ:23:23, കൊളോ:2:20-23).

'കൊർബാൻ' കാഴ്ചവയ്പ്പ് എന്നർത്ഥമുള്ള അരമായ പദം. മതപരമായ ആവശ്യത്തിന് ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ട സംഭാവനയോ സ്ഥാവരജംഗമവസ്തുക്കളോ ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നു. ദൈവത്തിന് നേർച്ചയോ വഴിപാടോ നൽകിയാൽ പിന്നെ മാതാപിതാക്കൾക്ക് നൽകേണ്ടതുപോലും നൽകേണ്ടതില്ലെന്നും അവരെ സംരക്ഷിക്കേണ്ടതില്ലെന്നും അവർ പറയുന്നതിനെയാണ് യേശു വിമർശിക്കുന്നത്.

ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചും ബാഹ്യമായ ശുദ്ധീകരണ കർമ്മങ്ങളെക്കുറിച്ചും പഴയ നിയമത്തിൽ വ്യാപകമായി പ്രതിപാദിച്ചിരിക്കുന്ന അനുഷ്ഠാന നിയമങ്ങൾ യേശു ഇവിടെ മറികടക്കുന്നത് വിപ്ലവാത്മകമായ മാറ്റമാണ്. കുഷ്ഠരോഗിയെ സ്പർശിക്കുന്നതും മൃതശരീരം സ്പർശിക്കുന്നതും പാപികളോടൊത്ത് ഭക്ഷണം കഴിക്കുന്നതും പുതിയ സമീപനത്തിന്റെ തെളിവുകളാണ്. പഴയ ഉടമ്പടി ബാഹ്യമായ അനുഷ്ഠാന ശുദ്ധിക്ക് പ്രധാന്യം കൊടുക്കുന്നെങ്കിൽ പുതിയ ഉടമ്പടി വിശ്വാസികളുടെ ആന്തരീക ജീവിതത്തിലെ വിശുദ്ധിയിൽ ശ്രദ്ധിക്കുന്നു (മത്താ:5, അപ്പ:15:9). കൂടാതെ ആഹാരത്തെ സംബന്ധിച്ചുള്ള മോശയുടെ നിയമങ്ങൾ ഇസ്രായേലിനെ വിജാതിയരിൽനിന്നും വേർതിരിച്ചിരുന്നെങ്കിൽ, യഹൂദരെയും വിജാതിയരെയും ഒരേ കുടുംബത്തിൽ ഒരുമിച്ചുകൂട്ടുന്ന പുതിയ ഉടമ്പടിയിൽ ഭക്ഷണ മേശയിലെ നിയന്ത്രണങ്ങൾക്ക് സാധുതയില്ലാതാകുന്നു.

ബൈബിളിന്റെ ഭാഷയിൽ ഹൃദയമാണ് ഒരാളുടെ വ്യക്തിത്വത്തിന്റെ കേന്ദ്രവും പ്രവൃത്തികളിൽ രൂപപ്പെടുന്ന അയാളുടെ തീരുമാനങ്ങളുടെ ഉറവിടവും. അങ്ങനെ യേശു യഥാർത്ഥ അശുദ്ധിയെ ദുഷ്പ്രവൃത്തികളുടെയും ദുഷ്ചിന്തകളുടെയും പ്രഭവകേന്ദ്രമായ ഹൃദയവുമായി ബന്ധിപ്പിക്കുന്നു. പാരമ്പര്യങ്ങൾ ഹൃദയത്തിന്റെ സ്വരത്തിന് ചേരാത്തതായാൽ അവ ഉപേക്ഷിക്കപ്പെടേണ്ടതാണ് എന്ന ധ്വനിയും ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതം വചനാധിഷ്ഠിതമാണ്. അതിൽ നിന്നും വ്യതിചലിച്ചാൽ ജീവിതം നിരർത്ഥകം. നിയമങ്ങളെക്കാൾ മനുഷ്യനും പാരമ്പര്യങ്ങളെക്കാൾ ദൈവവും പ്രധാന്യമർഹിക്കുന്നു ജീവിതത്തിൽ. ക്രിസ്ത്യാനികൾ വ്യത്യസ്തരായിക്കുന്നതിന് കാരണം ക്രിസ്തുവിൽ, ദൈവവചനത്തിൽ അവർ ജീവിതവിജയം കണ്ടെത്തുന്നു എന്നതിനാലാണ്. ക്രിസ്തീയ ജീവിതശൈലി ഹൃദയത്തിന്റെ ജീവിത ശൈലിയാണ്.

# എഫ്ഫാത്ത

ആണ്ടുവട്ടം 23-ാം ഞായർ (സെപ്റ്റംബർ 8)
ഏശ: 35:4-7a, യാക്കോ: 2:1-5, മർക്കോ: 7:31-37

**ഫാ.ഡൈസൺ. വൈ**



മിശിഹാ വരുമ്പോൾ ബധിരന്റെ ചെവി തുറക്കപ്പെടുകയും മൂകന്റെ നാവ് സന്തോഷഗാനം ഉതിർക്കുകയും ചെയ്യുമെന്ന ഏശയ്യായുടെ പ്രവചനം (ഏശ:35:5-6) യേശുവിൽ പൂർത്തീകരിക്കപ്പെടുന്ന സുവിശേഷ ഭാഗമാണ് (മർക്കോ:9:5-6; മർക്കോ:9:31-37) നമ്മുടെ ചിന്തക്ക് വിഷയമാകുന്നത്. യേശുവാണ് യഥാർത്ഥ മിശിഹയെന്നും ദൈവപുത്രനെന്നും തിരിച്ചറിഞ്ഞ ജനങ്ങൾ യേശുവിനെക്കുറിച്ച് ഇപ്രകാരം പറയന്നു; "അവൻ എല്ലാ കാര്യങ്ങളും നന്നായി ചെയ്യുന്നു." എല്ലാം നന്നായി ചെയ്യാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളുവെന്ന് ഉല്പത്തി പുസ്തകം ആദ്യ അധ്യായം വെളിപ്പെടുത്തുന്നു. താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു (ഉല്പ:1:31). ദൈവം എല്ലാം നന്നായി ചെയ്യുന്നത് മനുഷ്യന്റെ നന്മയ്ക്കായിട്ടാണ് (റോമ:8:28). യേശുവിന്റെ കരസ്പർശത്തിലൂടെ ബധിരനും മൂകനുമായ മനുഷ്യന്റെ കാതുകൾ തുറന്നതും നാവിന്റെകെട്ടുകൾ അഴിഞ്ഞതും ആ മനുഷ്യന്റെ നല്ലതിനുവേണ്ടിയായിരുന്നു. ഈ സുവിശേഷഭാഗം മൂന്നു ചിന്തകൾ പ്രദാനം ചെയ്യുന്നു.

## യേശുവിന്റെ സവിധേ കൊണ്ടുവരാം

നിത്യസൗഖ്യവും, നിത്യസന്തോഷവും, നിത്യരക്ഷയുമുള്ള യേശുവിന്റെ പക്കൽ നാല് നന്മയുള്ള സുഹൃത്തുക്കളാൽ കിടക്കയോടുകൂടി ചുമന്നു കൊണ്ടുവരപ്പെട്ട തളർവാതരോഗിക്ക് പരിപൂർണ്ണസൗഖ്യം ലഭിക്കുന്നു (ലൂക്കാ:5:18-25). ഏകാന്തതയിൽ, ഒറ്റപ്പെടലിൽ, ബന്ധങ്ങളിൽ വിള്ളലുണ്ടാകുമ്പോൾ, എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുമ്പോൾ യേശുവിന്റെ പക്കൽ നമ്മൾ സ്വയം വരുകയോ, മറ്റുള്ളവർ നമ്മെ കൊണ്ടുവരുകയോ ചെയ്യണം. യേശുവിന്റെ പക്കൽ ജനങ്ങളാൽ കൊണ്ടുവരപ്പെട്ട ബധിരനും മൂകനുമായ മനുഷ്യന് പരിപൂർണ്ണ സൗഖ്യം ലഭിക്കുന്നു. അന്ത്രയോസാൽ യേശുവിന്റെ പക്കൽ കൊണ്ടുവന്ന ശീമോൻ പത്രോസിന് നിത്യരക്ഷയും അപ്പസ്തോല സംഘത്തിലെ പ്രഥമസ്ഥാനവും ലഭിക്കുന്നു. യേശുവിന്റെ സവിധേ സമരിയാക്കാരിയായ സ്ത്രീ ഒരു ഗ്രാമത്തെ മുഴുവൻ കൊണ്ടുവരുന്നതിലൂടെ ആ ഗ്രാമത്തിന് നിത്യരക്ഷ ലഭിക്കുന്നു. ബധിരനും മൂകനുമായ മനുഷ്യനെ ആൾക്കാർ യേശുവിന്റെ പക്കൽ കൊണ്ടുപോയതുപോലെ ആർത്തരെയും, ആലംബഹീനരെയും യേശുവിന്റെ പക്കൽ കൊണ്ടുചെന്ന വിശുദ്ധ മദർ തെരാസയെ നമ്മൾ മാതൃകയാക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ നന്മയുടെ വസന്തം വിരിഞ്ഞു കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ചെല്ലേണ്ടത് യേശുവിന്റെ അടുക്കലേക്കാണ്. കാരണം അവന്റെ സന്നിധിയിൽ ബലഹീനത ശക്തിയായി മാറുന്നു. ശാപങ്ങൾ അനുഗ്രഹങ്ങളായി മാറുന്നു. തപിച്ച മണലാരണ്യം ജലാശയമായി മാറുന്നു. ദുഃഖം സന്തോഷമായും രോഗം സൗഖ്യമായും നിരാശ പ്രത്യാശയായും മാറുന്നു. കാരണം അവൻ ദൈവമാണ്! നമ്മെ സുഖപ്പെടുത്തുന്ന അനുഗ്രഹിക്കുന്ന കർത്താവായ ദൈവം.

## കരുതലുള്ളവരാകാം

മനുഷ്യരുടെ ആശയവിനിമയ ലോകത്ത് ബധിരനും മൂകനുമായ മനുഷ്യൻ ഒറ്റപ്പെട്ട ദ്വീപുപോലെ ഏകാന്തതയിൽ ജീവിക്കുകയായിരുന്നു. അവന്റെ ദുർഗതിയിൽ മനസ്സലിഞ്ഞ് ജനക്കൂട്ടം അവനെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്നു. ഈ ലോകത്ത് ആർക്കും വേണ്ടാത്തവൻ ഒന്നിനും കൊള്ളാത്തവൻ മറ്റുള്ളവർക്ക് ഭാരമായി മാറുന്നവൻ എന്നുള്ള ചിന്തമാറ്റാനും, അവൻ ദൈവത്തിന് പ്രിയപ്പെട്ടവനാണെന്ന ബോധ്യം നല്കാനും യേശു അവനെ ജനക്കൂട്ടത്തിൽ നിന്നും മാറ്റി നിറുത്തി. അവന്റെ ചെവികളിൽ വിരലിടുകയും, പൗരസ്ത്യവിശ്വാസമനുസരിച്ച് രോഗനിവാരണ ശക്തിയുള്ള തുപ്പൽകൊണ്ട് നാവ് സ്പർശിക്കുകയും ചെയ്തപ്പോൾ അവൻ പൂർണ്ണ സൗഖ്യമുള്ള വ്യക്തിയായി മാറി. വ്യക്തിപരമായി നമ്മെ കരുതുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ അത്ഭുതത്തിൽ തെളിയുന്നത്.

ഈ അത്ഭുതം ജ്ഞാനസ്നാനമെന്ന കൂദാശയെ ഓർമ്മപ്പെടുത്തുന്നു. പുരോഹിതൻ ജ്ഞാനസ്നാനാർത്ഥിയുടെ ചെവിയിലും അധരങ്ങളിലും പെരുവിരൽ കൊണ്ട് കുരിശടയാളം വരച്ച് ഇങ്ങനെ പ്രാർത്ഥിക്കുന്നു; ദൈവവചനം കേൾക്കുന്നതിന് നിന്റെ ചെവികളെയും പിതാവായ ദൈവത്തിന്റെ സ്തുതിക്കും മഹിമയ്ക്കുമായി വിശ്വാസം പ്രഖ്യാപിക്കുന്നതിന് നിന്റെ അധരങ്ങളെയും അവിടുന്ന് സ്പർശിക്കുമാറാകട്ടെ. ആദിമ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനമെന്ന കൂദാശയിൽ ചെവികളെയും അധരങ്ങളെ സ്പർശിക്കുന്ന കർമ്മത്തെയും ഉൾചേർത്തതിലൂടെ ഈ കർമ്മം കൗദാശിക സ്വഭാവം വെളിപ്പെടു

ത്തുന്ന അടയാളങ്ങളായി മാറി.

### എഫ്ഫാത്ത അനുഭവത്തിലേക്ക് കടന്നുവരാം

ബധിരനും മൂകനുമായ മനുഷ്യന്റെ കാര്യത്തിൽ സ്വർഗ്ഗത്തെ നോക്കിയുള്ള യേശുവിന്റെ നെടുവീർപ്പ് ഫലം കാണുന്നു. എന്നാൽ നമ്മെ നോക്കിയുള്ള യേശുവിന്റെ നെടിവൂർപ്പിന് ഫലം കാണണമെങ്കിൽ എഫ്ഫാത്ത അനുഭവത്തിലൂടെ നമ്മൾ കടന്നു പോകണം! "എഫ്ഫാത്ത" എന്ന അരമായ പദത്തിന്റെ അർത്ഥം "തുറക്കപ്പെടട്ടെ" എന്നാണ്. ബന്ധനങ്ങൾ അഴിയുന്ന, കെട്ടുകൾ പൊട്ടുന്ന, അടഞ്ഞു പോയവ തുറക്കപ്പെടുന്ന ആത്മ രക്ഷയുടെ അനുഭവമാണ് എഫ്ഫാത്ത! എമ്മാവൂസിലെ ശിഷ്യർ നിരാശയുടെ നീർക്കയത്തിൽനിന്നും പ്രത്യാശയുടെയും രക്ഷയുടെയും ലോകത്ത് കടന്നുവരുന്നത് വചന പ്രഘോഷണത്തിലൂടെയും അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെയും അടഞ്ഞുപോയ അവരുടെ മനസ്സും, ഹൃദയവും, ആത്മാവും തുറക്കപ്പെട്ടതുകൊണ്ടാണ്. പാപിനിയായ സ്ത്രീ പാപത്തിന്റെ പാശത്തിൽ അവളുടെ ജീവിതത്തെ തിന്മയുടെ ലോകത്ത് തളച്ചിട്ടു. എന്നാൽ യേശുവിന്റെ പക്കൽ വന്ന അവൾ മേലിൽ പാപം ചെയ്യരുതെന്ന യേശു വചനം കേട്ടപ്പോൾ പാപത്തിന്റെ കയറുകൾ പൊട്ടുകയും, അടഞ്ഞുപോയ അവളുടെ ജീവിതവാതിലുകൾ സ്വർഗ്ഗത്തെ നോക്കി തുറക്കപ്പെടുകയും ചെയ്യുന്നു. തിന്മയുടെയും മുൻവിധികളുടെയും ചെതുമ്പലുകൾ സാവൂളിന്റെ കണ്ണിൽ നിന്ന്, ദൈവത്തെക്കൊണ്ട് നിറഞ്ഞ അനനിയാസിന്റെ കൈവയ്പ്പു ശുശ്രൂഷയിലൂടെ അടർന്നു വീണപ്പോഴാണ് അടഞ്ഞുപോയ അവന്റെ കണ്ണുകൾ തുറക്കുകയും, കാഴ്ച തിരിച്ചു ലഭിക്കുകയും ചെയ്യുന്നത് (അപ്പ:9:17-18).

രോഗികളെയും അംഗപരിമിതരെയും സ്പർശിച്ചാൽ അശുദ്ധമാകുന്ന ആ കാലത്ത് യേശു അവരെ തൊട്ടതിലൂടെ മനുഷ്യകുലവുമായി താദാത്മ്യം പ്രാപിക്കുകയും, മനുഷ്യസ്നേഹിയായി മാറുകയും ചെയ്യുന്നു. മനുഷ്യസ്നേഹിയായ യേശു നമ്മളുമായി ബന്ധം സ്ഥാപിക്കാൻ ഒരു എഫ്ഫാത്ത അനുഭവത്തിനായി ക്ഷണിക്കുന്നു. അതിലേക്കായി അവന്റെ അടുത്തുവരികയും, മറ്റുള്ളവരെ കൊണ്ടുവരികയും ചെയ്യാം. കാരണം യേശു എല്ലാം നന്നായി ചെയ്യുന്ന ദൈവമാണ്.

# ശരിയും തെറ്റും പറഞ്ഞവൻ

ആണ്ടുവട്ടം 24-ാം ഞായർ (സെപ്റ്റംബർ 15)

ഏശ: 50 : 5 - 9, യാക്കോ: 2: 14 - 18, മർക്കോ: 8 ; 27 - 35

ഫാ. പോൾ സണ്ണി



കർത്തൃദാസനെക്കുറിച്ചുള്ള മൂന്നാം ഗീതമാണ് ഏശയ്യായിൽ വായിക്കുക. ഈ ദാസൻ ആരാണെന്ന് ഏശയ്യ പറയുന്നില്ല. എന്നാൽ യേശുവിന്റെ സഹനങ്ങളെക്കുറിച്ചാണെന്ന് നമുക്ക് വ്യക്തമാകും. ഏശയ്യായിലെ ദാസന്റെപോലെയുള്ള വിധിതന്നെയാണ് യേശുവിനും വരുവാനിരിക്കുന്നത്. കേസറിയാ ഫിലിപ്പി യിലേക്കുള്ള യാത്രയും തുടർന്ന ജറുസലേമിന്റെ കവാടത്തിലേക്കുള്ള യാത്രയും യേശുവിന്റെ പീഡാനുഭവ യാത്രയുടെ അനുസ്മരണമാണത്. ശിഷ്യന്മാരോടൊപ്പമാണ് യാത്ര. കുരിശിലേക്കുള്ള ദൗത്യത്തിൽ അവരുമുണ്ട്.

ഈ യാത്രയിൽ യേശു അവരുടെ കാഴ്ച തിരികെ നല്കി. തന്റെ ശിഷ്യന്മാരുടെ നയനങ്ങളെ യേശു തുറക്കുകയാണ് . താൻ ആരാണെന്ന വെളിപ്പെടുത്തലിൽ.

പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിരർത്ഥകം. ഭക്ഷണവും വസ്ത്രവും വേണ്ടവന് അതുകൊടുക്കാതെ സമാധാനം ആശംസിച്ചാൽ മതിയോയെന്ന് യാക്കോബ് ശ്ലീഹ ചോദിക്കുന്നു. കേസറിയ ഫിലിപ്പി എന്ന അതിർത്തിദേശത്തുവച്ച് താനാരാണെന്ന് വെളിപ്പെടുത്താൻ ക്രിസ്തു തുനിയുന്നു. ക്രിസ്തുവല്ല, ശിഷ്യന്മാർത്തന്നെ

യാണ് വെളിപ്പെടുത്തുന്നത്. വിജാതീയ ദൈവങ്ങളുടെ സ്ഥലത്തുനിന്നുകൊണ്ടാണ് ഈ വെല്ലുവിളി ഏറ്റെടുക്കുന്നത്. ബത്സയ്ദാക്ക് ഏകദേശം 25 മൈൽ വടക്കാണ് കേസറയി ഫിലിപ്പി. ഹേറോദ്സ് ഫിലിപ്പിന്റെ കൊട്ടാരം! ഗ്രീക്കുദേവനായ പാൻ! ഹെർമോൻ മലയുടെ ചരിവിൽ തലസ്ഥാനം. സീസർ ദൈവമാണെന്ന് ആരാധിക്കപ്പെടുന്ന സ്ഥലത്തുവച്ചാണ് യേശുവിന്റെ ദൈവികതയുടെ വെളിപ്പെടുത്തൽ നടക്കുന്നത്.

സ്നാപകയോഹന്നാൻ,ഏലിയ, പ്രവാചകരിൽ ഒരാൾ എന്നിങ്ങനെ മൂന്ന് ഉത്തരങ്ങളാണ് യേശുവിന്, ഞാൻ ആരാണെന്ന ചോദ്യത്തിന് ലഭിക്കുന്നത്. ജനക്കൂട്ടത്തിന്റെ ഈ ഉത്തരത്തിൽ യേശുവിന്റെ ദൈവികത വെളിപ്പെട്ടില്ല. ശിഷ്യന്മാരോടുള്ള ചോദ്യത്തിൽ 'നീ മിശിഹായാണ്' എന്ന് പത്രോസ് പ്രഖ്യാപിച്ചു. ദൈവത്താൽ അഭിഷിക്തനായവൻ എന്നാണ് മിശിഹായുടെ അർത്ഥം. മിശിഹാത്വത്തെക്കുറിച്ച് വ്യാജവ്യാഖ്യാനങ്ങൾ ഉണ്ടാകാതിരിക്കാനും അതിനുള്ള സമയമാകാത്തിനാലും ഇത് ജനത്തോട് വെളിപ്പെടുത്തരുതെന്ന് യേശു ആവശ്യപ്പെട്ടു.

പീഡാനുഭവപ്രവചനം ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള യേശുവിന്റെ നീക്കത്തെ സൂചിപ്പിക്കുന്നു. ഗലീലിയുടെ തട്ടകമൊഴിഞ്ഞ് കുരിശേറുവാനുള്ള ദൗത്യം സഹിക്കുന്നത് മനുഷ്യപുത്രനാണ് (അറമായ ഭാഷയിൽ ബാർ- നാഷ) തിരസ്കാരം എന്ന വാക്ക് സങ്കീർത്തനം 18: 22 നെ അനുസ്മരിപ്പിക്കുന്നു. സഹനം കഴിഞ്ഞ് ഉത്ഥാനത്തെപ്പറ്റിയും യേശു സൂചന നല്കുന്നു. ഇതുകേട്ട പത്രോസ് അവനെ മാറ്റി നിർത്തു തടസ്സം പറഞ്ഞു. പത്രോസ് ഒരു അധികാരിയെപ്പോലെ സംസാരിക്കുന്നു. യേശു മിശിഹായാണെന്ന് പറഞ്ഞ പത്രോസിന് മിശിഹായെക്കുറിച്ചുള്ള സങ്കല്പം വ്യത്യസ്തമാണെന്ന് തെളിഞ്ഞു. പത്രോസിന്റെ ക്രിസ്തു കുരിശിൽ മരിക്കില്ല, അവൻ രാജാവാകേണ്ടവനാണ്. അതുകൊണ്ടാണ് ഒരു വെള്ളിടിപോലെ 'സാത്താനെ...' എന്ന് വിളിക്കപ്പെടാൻ ഇടയായത്.

സ്വയം പരിത്യജിച്ച് കുരിശുമെടുത്ത് അനുഗമിക്കുവാനാണ് ക്രിസ്തു പറയുന്നത്. യേശുവിന്റെ ഉപ്പില്ലെങ്കിൽ നാം രുചിയില്ലാത്തവരായിരിക്കും. ഉപ്പ് ഉറിയിൽ സൂക്ഷിക്കാനുള്ളതല്ല. അത് ഭക്ഷണത്തിൽ ചേർക്കപ്പെടണം. കുരിശ് മാറ്റിവച്ച് ക്രിസ്തുവിനെ നേടാനാകില്ല. ലൗകികസഭയ്ക്ക് സുവിശേഷം നല്കാനാവില്ല. സഭ ലൗകികമാകുമ്പോൾ അത് ബലഹീനസഭയാകും. ലൗകിക സഭ മെലിയും അത് ആക്രമണിക്കപ്പെടുകയും കീഴടക്കപ്പെടുകയും ചെയ്യും. കുരിശിന്റെ സന്ദേശം വഹിക്കാനുള്ള കരുത്തുണ്ടാവുകയില്ല. കുരിശിന്റെ ഇടർച്ച വഹിക്കാനുള്ള ശക്തി ഉണ്ടാവുകയില്ല. നെഞ്ചുറപ്പോടെ, ധീരതയോടെ വിശ്വാസം കൈമാറാൻ എല്ലാ ക്രിസ്ത്യാനികൾക്കും കടമയുണ്ട്.

# വയനാടിലെ ക്രിസ്തു

ആണ്ടുവട്ടം 25-ാം ഞായർ (സെപ്റ്റംബർ 22)

ജ്ഞാനം: 2:12,17 - 20, യാക്കോ: 3:16-4:3, മർക്കോ: 9:30-37

**ഫാ.വർഗീസ് ജോസഫ്**



വയനാടിന്റെ വേദന കനൽപോലെ ഉള്ളിൽ കിടക്കുമ്പോൾ അവിടുത്തെ ഓരോ ജീവിതങ്ങൾക്കും പറയാനുള്ളത് നൂറുകഥകളാണ്. ഒരു രാത്രികൊണ്ട് തുടച്ചുനീക്കപ്പെട്ട ഒരു നാടിന്റെ കണ്ണീരിൽ ശേഷിച്ച മനുഷ്യർക്ക് പറയാനുള്ളത് നിരവധി തിരിച്ചറിവിന്റെ കഥകളാണ്. അതിലൊന്ന് അതിർത്തി തർക്കത്തിൽ ആയിരുന്ന രണ്ട് കുടുംബങ്ങളുടെ കഥയാണ്. ഇന്ന് അതിരുകളില്ലാതെ ആ ഭൂമി മാറിയിരിക്കുന്നു. കുറച്ചുകൂടി എളിമപ്പെട്ട ജീവിതങ്ങൾക്ക് പ്രകാശം നൽകിയ അനുഭവമായിരുന്നു അത്. വലിയവനല്ല എളിമയുള്ളനാകണം എന്ന ഓർമ്മയാണ് കാലവും വചനവും നമുക്ക് നൽകുന്നത്.

ഇന്ന് നാമും കടന്നുപോകുന്ന ഏറ്റവും വലിയ ആപത്തും ഇതു തന്നെയാണ്. ക്രിസ്തുവിന്റെ സ്വരം കേൾക്കാനാവാത്ത വിധം നമ്മുടെ സ്വരം ഉയരുക. ഫ്രാൻസിസ് പാപ്പ സിനഡിന് ആരംഭം കുറിച്ചുകൊണ്ട് പറഞ്ഞതും ഇതുതന്നെയാണ്. ഇനി നമുക്ക് കുറച്ചുകൂടി കേട്ടുതുടങ്ങാം. ഒച്ചകളും ബഹളങ്ങളും അമിത സംഭാഷണങ്ങളും നമുക്ക് നഷ്ടമാക്കിയത് ക്രിസ്തുവിന്റെ സ്വരങ്ങളാണ്. കേൾക്കാൻ മറന്നുപോയ ശിഷ്യന്മാരെ ക്രിസ്തു നന്നായി കേട്ടിട്ടുണ്ട്. അതുകൊണ്ട് അവൻ ചോദിച്ചു: വഴിയിൽവച്ച് എന്തിനെക്കുറിച്ചാണ് നിങ്ങൾ തമ്മിൽ തർക്കിച്ചിരുന്നത് (മാർ: 9:33).

ന്യായമായ തർക്കമാണ്. കാരണം എല്ലാവരെയും ക്രിസ്തു ഒന്നുമില്ലായ്മയിൽ നിന്നും വലിയവരാക്കിയിട്ടുണ്ട്. പത്രോസ് പറഞ്ഞിട്ടുണ്ടാവണം ഞാനാണ് ക്രിസ്തുവുമായി പലകാര്യങ്ങളും ചർച്ചചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ എന്റെ പിന്നാലെ നടക്കണം. അന്ത്രയോസ് പറഞ്ഞിട്ടുണ്ടാവണം, അതെങ്ങനെ ശരിയാകും. ഞാൻ ക്രിയാത്മകമായി ഇടപെട്ടതുകൊണ്ടാണ് അയ്യായിരംപേർക്ക് ഭക്ഷണം കിട്ടിയത്. യോഹന്നാൻ പറഞ്ഞിട്ടുണ്ടാവണം, അങ്ങനെ ഒന്നുമല്ല കർത്താവിന്റെ നോട്ടം എപ്പോഴും എന്റെ അടുത്താണ്.

അതുകൊണ്ട് ഞാനാണ് വലിയവൻ. ഇങ്ങനെ എല്ലാവരും വഴക്കിട്ട് വരുന്നത് കേട്ടാണ് ക്രിസ്തു ആ ചോദ്യം ചോദിച്ചത്.

ഒടുവിൽ അവരുടെ തർക്കത്തെ ക്രിസ്തു പ്രബോധനമാക്കി. വലിയവനാകണം എന്ന് ചിന്തിക്കുന്നതിൽ അപാകത ഇല്ല. ചിന്തയിൽ കാണേണ്ട പാതയിലാണ് അപാകത. വലിയവനാകാൻ ക്രിസ്തു വഴി പറഞ്ഞുകൊടുത്തു. ഒന്ന്, നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം (മാർ:9:35). അതായത്, ഒരുവൻ തന്നെത്തന്നെ കാര്യമായി പരിഗണിക്കരുത്. മറ്റുള്ളവരുടെമുമ്പിൽ പിന്മാറാൻ മനസ്സുണ്ടാകണം. വിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ അവസാനത്തെ സ്ഥാനത്തുപോയി ഇരിക്കണമെന്ന് (ലൂക്കാ:14:10) ക്രിസ്തു പറഞ്ഞതിന്റെ പൊരുൾ കുറച്ചുകൂടി വ്യക്തമാക്കുന്നതാണ്. ഒടുവിൽ വീട്ടുകാർ മുമ്പോട്ടു കയറിയിരിക്കാൻ ആവശ്യപ്പെടുന്ന മഹത്വം.

അവസാനം ഒരു ശിശുവിനെ അവരുടെ ഇടയിൽ നിർത്തിയിട്ട് പറഞ്ഞു: ഈ ശിശുവിനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മാർ:9:37). ശിശുക്കൾക്ക് ഒരു പരിഗണനയും ലഭിക്കാത്ത കാലത്ത് ക്രിസ്തു ഈ പറഞ്ഞത് പരിഗണന ഇല്ലാത്തവർക്ക് പരിഗണന നൽകുന്നതാണ് വലിയവന്റെ ജീവിതം എന്ന് ക്ഷണിക്കാനാണ്. വലിയവരാകാനാണ് നമ്മുടെ ഓട്ടം. തെറ്റില്ല. പക്ഷേ, നിമിഷനേരംകൊണ്ട് തകരാവുന്ന ഈ ഭൂമിയിൽ മറ്റുള്ളവരോടോള്ള പരിഗണനയും തന്നോടുതന്നെയുള്ള എളിമയുമാണ് മഹത്വമെന്ന് പഠിപ്പിച്ച വയനാട് ദുരന്തവും വചനവും മനസ്സിൽ ഉണ്ടാകട്ടെ!

# ക്രിസ്തു പക്ഷത്തെത്താൻ

ആണ്ടുവട്ടം 26-ാം ഞായർ (സെപ്റ്റംബർ 29)

സംഖ്യ: 11:25 - 29, യാക്കോ: 5:1-6, മർക്കോ: 9:38 -43,45,47-48

**ഫാ. വിക്ടർ എവിരിസ്റ്റസ്**



യേശുവിനെ അനുഗമിക്കുന്നവരുടെ ലക്ഷ്യം ദൈവരാജ്യം സ്ഥാപിക്കുക എന്നതാണ്. ഒരുവൻ പ്രാധാന്യം കൊടുക്കേണ്ടത് യേശുവി ന്റെ വചനങ്ങൾക്കും യേശുവിനും തന്നെയാണ്. ഒരേ ലക്ഷ്യമുള്ളവർക്ക് പരസ്പരം സംഹകരിക്കാനും അംഗീകരിക്കാനും കഴിയണം. അവർ എന്റെ പക്ഷത്താണോ ഞങ്ങളുടെ പക്ഷത്താണോ എന്നല്ല ചിന്തിക്കേണ്ടത് യേശുവിന്റെ പക്ഷത്താണോ എന്നാണ്. അവനോട് ചേർന്നുനിൽക്കുക എന്നതാണ് പ്രധാനം.

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ സ്നേഹിക്കുവിനെന്ന ക്രിസ്തുവിന്റെ ക്ലാസിക് മൊഴിയിൽ മറ്റുള്ളവരെ പരിഗണിക്കുന്നവരാണ് യഥാർത്ഥത്തിൽ എന്റെ സ്നേഹിതരാകൂ എന്ന ശ്രുതി തന്നെയാണ് നിറഞ്ഞുനിൽക്കുന്നത്. അവർ മറ്റുള്ളവരെ പരിഗണിച്ചതുപോലെ നീയും മറ്റുള്ളവരെ പരിഗണിക്കണമെന്നാണ് അവന്റെ ആഗ്രഹം, അത് തന്നെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ പൊരുളും. അവൻ പങ്കുവെച്ച പല വിവരണത്തിലും പരിഗണനയുടെ വഴികളീലൂടെ സ്വർഗ്ഗം സ്വന്തമാക്കാം എന്ന സൂചനയാണ് വിളംബരം ചെയ്തിരിക്കുന്നത്.

മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരായി കരുതുന്ന ഒരു പാപ്പ ഇന്ന് ക്രിസ്ത്യാനികൾക്ക് അഭിമാനമാവുന്നുണ്ട്. 90 ശതമാനം ഇസ്ലാം മതസ്ഥരും 9 ശതമാനം ഹൈന്ദവമതസ്ഥരും 3 ശതമാനം മാത്രം ക്രൈസ്തവരുമുള്ള ബംഗ്ലാദേശിലേക്ക് എന്തിനാണ് പാപ്പ സന്ദർശനം നടത്തുന്നതെന്ന് ആരായുന്നവരോട് ഒരു ചെറുപുഞ്ചിരിയോടെ ആ ഇടയശ്രേഷ്ഠൻ പറയുന്ന മറുപടി ക്രിസ്തു ശിഷ്യന്റെ മറുപടി തന്നെയാണ്. മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കാണാനും കരുതാനും അവർക്കായ് അദ്ധ്വാനിക്കാനുമാണ് എന്റെ ഗുരു എന്നെ പഠിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ബംഗ്ലാദേശിലേക്ക് പോകാതിരിക്കാൻ എനിക്കാവില്ല.

ഇറ്റലിയിലെ ബോളോഗ്നയ്ക്കടുത്ത് സാന്ത കാർക്കസനിയുടെ ചീഫ് എക്സിക്യൂട്ടീവ് മാനേജർ സാതേഫ്നോ ദൊമേനിക്കാലിയും സംഘവും ചേർന്ന് ഒന്നരക്കോടി രൂപ വിലവരുന്ന ലംബോർഗിനി ഹുറക്കാൻ എന്ന കാർ പാപ്പക്ക് നൽകിയത്. പാപ്പയാകട്ടെ അത് നന്ദിയോടെ സ്വീകരിച്ച് ആശീർവദിച്ച് തന്റെ മുദ്ര അതിൻമേൽ ചാർത്തി ലേലത്തിനായി ഏൽപ്പിച്ചു. എന്തിനാണ് പാപ്പ കിട്ടിയ കാർ ലേലത്തിനു വയ്ക്കുന്നതെന്ന് ആരായുന്നവരോടും പാപ്പയ്ക്ക് പറയാന് ഒന്നോ ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവരേ തന്നെക്കാൾ ശ്രേഷ്ഠരായി കരുതുക. ലേലത്തിൽ വിറ്റു കിട്ടിയ തുക യുദ്ധത്തിന്റെയും മഴകെടുതികളുടെയും ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി പാപ്പ ചെലവഴിച്ചു എന്നറിയുമ്പോൾ ക്രിസ്തുവിന്റെ പ്രിയസുഹൃത്തായി പാപ്പ മാറി എന്നതല്ലാതെ മറ്റെന്താണ് നമുക്ക് മനസ്സിലാകുന്നത്.

■

നേർക്കാഴ്ച
ജെ. സി.




# പ്രകൃതി ദുരന്തങ്ങൾ നൽകുന്ന പാഠം

2019 ആഗസ്റ്റിൽ ഉരുൾപൊട്ടലുണ്ടായ കവളപ്പാറ, പുത്തുമല മേഖലയിൽനിന്ന് മൂന്ന് കിലോമീറ്റർ മാത്രംഅകലെയാണ് മുണ്ടക്കൈയും ചൂരൽമലയും. ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തയ്യാറാക്കിയ മണ്ണിടിച്ചിൽ സാധ്യതാ മാപ്പിൽ വയനാട്ടിലെ 58.52 ശതമാനം സ്ഥലങ്ങളും ഉൾപ്പെടുന്നുണ്ട്. ചൂരൽമല, അട്ടമല, നൂൽപ്പുഴ പ്രദേശങ്ങൾ കൂടുതൽ മണ്ണിടിച്ചിലിനും സാദ്ധ്യതയുള്ള അതീവപരിസ്ഥിതി ലോല മേഖലയാണ്. തീവ്രമഴയെ തുടർന്ന് മുണ്ടക്കൈ ഭാഗത്തായിരുന്നു ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രം. മലവെള്ളപ്പാച്ചിലിൽ ചൂരൽമല - മുണ്ടക്കൈ പാലവും റോഡും ഒലിച്ചു പോയി. രണ്ട് വാർഡുകളിലായി മൂവായിരത്തോളം ജനങ്ങളുള്ള മുണ്ടക്കൈയും അട്ടമലയും ഒറ്റപ്പെട്ടു. ചൂരൽമലയിലെ 150 വീടുകൾ തകർന്നിട്ടുണ്ടായിരുന്നു. പ്രാഥമിക റിപ്പോർട്ട് ഇരുവഴിഞ്ഞിപ്പുഴ രണ്ടായി ഒഴുകിയപ്പോൾ വെള്ളാർമല ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് പുഴയായി മാറി. സ്കൂളിന്റെ ഒരു ഭാഗം ഇടിഞ്ഞു വീണു. ചൂരൽ മലയിൽ കടകളും വാസസ്ഥലവും പള്ളിയും സ്ഥാപനങ്ങളുംമറ്റും ഒലിച്ചുപോയി. നാശനഷ്ടങ്ങളുടെ യഥാർത്ഥ വിവരങ്ങൾ അറിയാൻ ഇനിയും ദിവസങ്ങൾ എടുക്കും. രാജ്യത്ത് 2015-2022 കാലയളവിൽ കൂടുതൽ മണ്ണിടിച്ചിൽ 59.2 ശതമാനം ഉണ്ടായ സംസ്ഥാനമാണ് കേരളം. ഉരുൾപൊട്ടൽ ഭീഷണിയെ നേരിടാനും ദുരന്തലഘൂകരണത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന സർക്കാരും ദുരന്ത നിവാരണ അതോറിറ്റിയും എന്തുചെയ്യുവെന്നത് അടിയന്തര സാഹചര്യം പിന്നിടുമ്പോഴെങ്കിലും ഗൗരവതരമായി ചർച്ചചെയ്യേണ്ടത് അനിവാര്യമാണ്.

### വയനാട്ടിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും

2018 ലെ പ്രളയത്തിനു ശേഷം മാത്രം. വയനാട്ടിൽ ഇരുന്നൂറിലധികം ഉരുൾപൊട്ടൽ നടന്നതായാണ് പഠനങ്ങൾ. നിരവധി കാരണങ്ങളാലുള്ള ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും അതിതീവ്ര മഴയും ചെരിവുകളിലുള്ള ഭൂമിയുടെ രൂപമാറ്റവുമാണ് പ്രധാന കാരണമായി പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നത്. ഉരുൾപൊട്ടലുകളെക്കാൾ ഭീകരങ്ങളായ മണ്ണിടിച്ചിലുകൾ പലപ്പോഴും വയനാട്ടിലുണ്ടായിട്ടുണ്ട്. ആൾനാശം വരുമ്പോഴാണ് പലതും വാർത്തകളിൽ ഇടംപിടിക്കുന്നതും പുറംലോകം അറിയുകയും ചെയ്യുന്നതും. വനം നശീകരണവും ഏകവിള തോട്ടങ്ങളും ചെരിവുകൂടിയ പ്രദേശങ്ങളിലെ നിർമ്മാണവും കരിങ്കല്ലിനു വേണ്ടിയുള്ള ക്വാറി (പാറ ഖനനം) കളും പല സ്ഥലങ്ങളെയും ഉരുൾപൊട്ടൽ സാധ്യതാ പ്രദേശമായി മാറ്റിയിട്ടുണ്ട്. 2019 ൽ പുത്തുമലയിലുണ്ടായ ദുരന്തത്തിൽ 60 പേരാണ് മരിച്ചത്.

കൃത്യമായ മാപ്പിങ്ങ് നടന്നിട്ടുണ്ടെങ്കിലും മുൻകരുതലുകൾ കാര്യമായി നടന്നിട്ടില്ലാത്ത ഇടങ്ങൾ കൂടിയാണിത്. വയനാട്ടിന്റെ ഭൂവിസ്തീർണ്ണത്തിന്റെ 21 ശതമാനവും അതിസാധ്യതാ മേഖലയാണ്. 49 ശതമാനം മിതസാധ്യതാ പ്രദേശവും 30 ശതമാനം കുറഞ്ഞ സാധ്യതാ പ്രദേശവുമാണ്. ഇത് സംബന്ധിച്ച് പരിസ്ഥിതി വിദഗ്ധനായ മാധവ് ഗാഡ്ഗിൽ ഉൾപ്പെടെയുള്ള വിദഗ്ധരുടെ പഠനവും നമ്മുടെ മുന്നിലുണ്ട്. ഇതു മനുഷ്യനിർമ്മിത ദുരന്തമാണെന്നും വിവിധ സമിതികൾ നൽകിയ റിപ്പോർട്ടുകളെ സർക്കാരുകൾ ഗൗരവമായി കണക്കിലെടുക്കാത്തതിനാലാണ് ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നതെന്നുമാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ദുരന്ത മേഖലകളിൽ അപകട സൂചന ലഭിക്കുമ്പോൾ സ്കൂളുകളെയോ പൊതു സ്ഥാപനങ്ങളെയോ ആശ്രയിക്കുന്നതിനപ്പുറം ജനങ്ങൾക്ക് സുരക്ഷിതമെന്ന തോന്നുന്ന സ്ഥിരം സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ജനസംഖ്യ കഴിഞ്ഞ വർഷങ്ങളിൽ വളരെയധികം കൂടി. ടൂറിസം വന്നശേഷം മുണ്ടക്കൈ ഭാഗത്ത് ഒരുപാട് ആളുകൾ അവിടെയെത്തി. ഹോംസ്റ്റേകളും ജനസംഖ്യവർദ്ധനവും വലിയ ദുരന്തമായി മാറാൻ ഇടയാക്കി. ദുരന്തങ്ങളിൽ നിന്ന് അതിജീവിക്കുന്നതിനെപ്പറ്റി കുറച്ചുകൂടി പഠനങ്ങൾ നിസാർ കണ്ണങ്കരയെപ്പോലുള്ള വിദഗ്ധരുടെ അഭിപ്രായങ്ങളും ഗൗരവമായി സർക്കാർ കാണണം. പ്ലാനിങ്ങിനും ബജറ്റിങ്ങിലും ദുരന്തര നിവാരണത്തിന് പ്രാമുഖ്യം നൽകുകയും വേണം. ■




ഹോളി ക്രോസ് ചർച്ച്
മുട്ടട, തിരുവനന്തപുരം
വിശുദ്ധ കുരിശിന്റെ മഹത്വീകരണ തിരുനാളും
പുതുക്കിപണിത ദൈവാലയത്തിന്റെ
പുന:പ്രതിഷ്ഠയും
ഏവർക്കും സ്വാഗതം
2024 സെപ്റ്റംബർ 15 ഞായർ മുതൽ 22 ഞായർ വരെ

Pub. Date: 01.09.2024
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81 | Total Page 44
Licenced to post without pre-payment KL/TV(S)/WPP/171/2024-26 | JEEVANUM VELICHAVUM | Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vijil George